**പതിനാലാം കേരള നിയമസഭ**

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്
(2017 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2017)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

(Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2017 ആഗസ്റ്റ് 10-ാം തീയതി സമർപ്പിച്ചത്
(Presented on 10th August, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്
(2017 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2017)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1146/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 63 |

# സബ്ജക്ട് കമ്മിറ്റി VIII

# (സാമ്പത്തിക കാര്യങ്ങൾ)

# (2016-2018)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

| | |
|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ, | എം.എൽ.എ. |
| ഡോ. എൻ. ജയരാജ്, | ,, |
| ശ്രീ. വി. കെ. സി. മമ്മത് കോയ, | ,, |
| ശ്രീ. ഡി. കെ. മുരളി, | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ, | ,, |
| ശ്രീ. വി. ഡി. സതീശൻ, | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ്, | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

## അവതാരിക

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (I) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-17 കാലയളവിലേക്കുള്ള സമിതി, 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് കാലയളവിൽ സമിതി ആകെ 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 5 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും, 2 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും ഒരു യോഗം കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയുമാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 76.50 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്, 2015-16 കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15), സ്പെഷ്യൽ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ രണ്ടാം അദ്ധ്യായത്തിലും സമിതി പരിഗണിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2017 ആഗസ്റ്റ് 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 8.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

# റിപ്പോർട്ട്

## അദ്ധ്യായം I

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 28-9-2016, 8-9-2016 എന്നീ തീയതികളിൽ യോഗം ചേർന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 22-8-2016-ൽ ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ പ്രസ്തുത ഒന്നാമത് റിപ്പോർട്ട് 26-9-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | - | കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | - | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | - | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | - | ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | - | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | - | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | - | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | - | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ട് (ആനുകാലിക റിപ്പോർട്ട്) 22-8-2016-ലെ സമിതി യോഗം അംഗീകരിക്കുകയും 3-10-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-10-2016-ലെ സമിതിയോഗം അംഗീകരിക്കുകയും 27-10-2016-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതി 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന 23-3-2017, 29-3-2017 എന്നീ തീയതികളിൽ നടത്തുകയുണ്ടായി.

## സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരമേഖലയിൽ പുതിയ നികുതി ഘടന ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

ശിപാർശ (ഖണ്ഡിക 15)

കോമ്പൗണ്ടിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കിയില്ലെങ്കിൽ നികുതി ചോർച്ചയും വൻതോതിലുള്ള നികുതി വെട്ടിപ്പിനും സാദ്ധ്യതയുള്ളതായി സമിതി മനസ്സിലാക്കുന്നു. കോമ്പൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിലൂടെ വ്യാപാര വ്യതിയാനം തടയുവാനും നികുതി വരുമാനത്തിലുള്ള സാധാരണ വർദ്ധനവ് ഉറപ്പ് വരുത്താനും ഒപ്പം നിലവിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള വ്യാപാരികൾക്ക് അതിൽ തുടർന്നുകൊണ്ട് പോകാനും സാധിക്കും. എല്ലാ സ്വർണ്ണ വ്യാപാരികളെയും കോമ്പൗണ്ടിംഗ് സിസ്റ്റത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും പ്രസ്തുത സിസ്റ്റത്തിൽ നിന്നും പുറത്തുപോകുവാനുമുള്ള വ്യാപാരികളുടെ പ്രവണത തടയുന്നതിനും കോമ്പൗണ്ടിംഗ് സിസ്റ്റം ഉദാരമാക്കുന്നതാണ് ഏറ്റവും അഭികാമ്യമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽത്തന്നെ വ്യാപാരികളെ നിലനിർത്തുന്നതിനും കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗിലേക്ക് ആകർഷിക്കുവാനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കോമ്പൗണ്ടിംഗ് സമ്പ്രദായം കൂടുതൽ ഉദാരമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ പ്രകാരം നികുതി ഒടുക്കുന്ന സ്വർണ്ണ വ്യാപാരികളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നിലനിർത്തുന്നതിനും കൂടുതൽ വ്യാപാരികളെ അതിലേക്ക് ആകർഷിക്കുന്നതിനും അന്യ സംസ്ഥാനങ്ങളിലേക്ക് സ്വർണ്ണ വ്യാപാരം മാറുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായി സബ്ജക്ട് കമ്മറ്റിയുടെ ശിപാർശ പരിഗണിച്ച് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ കാതലായ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ്വർണ്ണത്തിന്റെ വിലയിൽ ഈയടുത്ത കാലത്തായി ചെറിയ തോതിലുള്ള ഇടിവുണ്ടാകുന്നതും കൂടി പരിഗണിച്ചാണ് നിരക്കിൽ കുറവ് വരുത്തിയത്. എല്ലാ വർഷവും 25% വർദ്ധന ഒരു വ്യാപാരത്തിലും സാദ്ധ്യമല്ല എന്നും ആയതിനാൽ കൂടുതൽ വർഷം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്ന വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ ആനുപാതിക കുറവ് നൽകണമെന്നുള്ള ആവശ്യം കൂടി പരിഗണിച്ചാണ് നിയമത്തിൽ മാറ്റം വരുത്തിയത്. അതുപോലെ ബ്രാഞ്ചുകൾ അടയ്ക്കേണ്ട നികുതി ശരാശരിയായതുകൊണ്ടുള്ള പ്രശ്നങ്ങളും നിർത്തലാക്കിയ ബ്രാഞ്ചുകൾക്ക് ആനുപാതിക നികുതി കുറവ് നൽകാത്തതു കൊണ്ടുള്ള പ്രശ്നങ്ങളും പരിഹരിക്കാനുള്ള നടപടി സ്വീകരിച്ച്

ആയതുപ്രകാരം ഗണ്യമായ നികുതി ഇളവുകളാണ് കൂടുതൽ വർഷം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന വ്യാപാരികൾക്ക് നൽകിയത്. എന്നാൽ ഇത്തരം നികുതി ഇളവുകൾ നൽകിയത് സ്വമേധയായുള്ള നികുതി ഒടുക്കൽ വർദ്ധിക്കുന്നതിനു വേണ്ടിയായിരുന്നു.

2014-ലെ ധനകാര്യ നിയമത്തിലെ ഭേദഗതി പ്രകാരം കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കോമ്പൗണ്ടിംഗ് നികുതി നിരക്ക് വിറ്റുവരവിന്റെയും കോമ്പൗണ്ടിംഗ് വ്യവസ്ഥിതി തുടരുന്ന കാലാവധിയുടെയും അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യുന്നു. ഇതുപ്രകാരം കോമ്പൗണ്ടിംഗ് നികുതിയുടെ സിംഹഭാഗവും അടയ്ക്കുന്ന ഒരു കോടി രൂപയ്ക്ക് പുറത്ത് വിറ്റുവരവുള്ള വ്യാപാരികളുടെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് തുടർച്ചയായി 3 കൊല്ലം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്നവർക്ക് മുമ്പുണ്ടായിരുന്ന 125 ശതമാനത്തിൽ നിന്നും 120 ആയും 5 വർഷത്തിൽ കൂടുതൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്നവരുടെ നികുതി 125-ൽ നിന്നും 115 ശതമാനവും കുറവ് ചെയ്തു. അവർക്ക് ഉപഭോക്താവിൽ നിന്നും പിരിക്കാവുന്ന നികുതി ഇതിനനുസൃതമായി കുറവ് ചെയ്തു. ഇതിനുപുറമേ ഒരു സാമ്പത്തിക വർഷത്തിന്റെ ഇടയിൽ വച്ച് ബ്രാഞ്ച് വ്യാപാരം നിർത്തിയാൽ അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതി ആ കാലയളവിന് അനുസൃതമായി കുറവ് ചെയ്തു. പുതുതായി തുടങ്ങുന്ന ബ്രാഞ്ചുകൾക്ക് ആവറേജ് നിരക്കിൽ നികുതി അടയ്ക്കാതെ ഒരു സ്വതന്ത്ര ബിസിനസ്സ് സ്ഥാപനമായി നിലനിർത്തി 5 ശതമാനം ഷെഡ്യൂൾഡ് നിരക്കിൽ നികുതി അടയ്ക്കേണ്ട വകുപ്പ് ധനകാര്യ നിയമം 2014 പ്രകാരം ഉൾപ്പെടുത്തി. ഇത്തരം ബ്രാഞ്ചുകൾക്ക് ഒരു സാമ്പത്തിക വർഷം മുഴുവനായി ബിസിനസ്സ് നടത്തിയാൽ മാത്രമേ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലേക്ക് മാറാൻ സാധിക്കുകയുള്ളൂ. ഒരു കോടിക്കു താഴെ വിറ്റുവരവുള്ള വ്യാപാരികൾക്കും കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്ന കാലാവധി കൂടി കണക്കിലെടുത്ത് ആനുപാതികമായി നികുതി നിരക്കിൽ കുറവ് വരുത്തുകയും ചെയ്തു. ഇതിന് 2013-14 മുതൽ മുൻകാലപ്രാബല്യവും നൽകുകയുണ്ടായി.

<u>ശിപാർശ (ഖണ്ഡിക 16)</u>

കേരളവും ത്രിപുരയുമൊഴികെയുള്ള സംസ്ഥാനങ്ങളിൽ സ്വർണ്ണത്തിന്റെ വാണിജ്യ നികുതി 1% മാത്രമാണ്. ത്രിപുരയിൽ 2% നികുതിയാണുള്ളത്. കേരളത്തിലെ നികുതി നിരക്ക് 5% ആയതിനാൽ ഒരു പവന് ആയിരം രൂപയോളം കുറവ് അയൽ സംസ്ഥാനങ്ങളിൽ ലഭിക്കുമെന്നതിനാൽ സ്വർണ്ണ വ്യാപാരം അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നതായി സമിതി മനസ്സിലാക്കുന്നു. അതുമൂലം കേരളത്തിന് കിട്ടേണ്ട നികുതി വരുമാനം അയൽ സംസ്ഥാനങ്ങളിലേക്ക് വഴിമാറി പോകുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. 20% -ഓളം വില്പന അയൽ സംസ്ഥാനങ്ങളിലെ അതിർത്തി ജില്ലകളിലേക്ക് മാറിയതുമൂലം ഏകദേശം 3335 കോടി രൂപയുടെ വില്പനയും 55 കോടി

രൂപയുടെ നികുതി നഷ്ടവും 2011-12 സാമ്പത്തിക വർഷം ഉണ്ടായതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്ന സ്വർണ്ണ വ്യാപാരം തിരികെ കൊണ്ടുവരുന്നതിന് നികുതി നിരക്കിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നികുതി നിരക്കിൽ മാറ്റം വരുത്തിയ ശേഷം ആറുമാസം കഴിഞ്ഞ് ഒരു 'ഇംപാക്ട് സ്റ്റഡി' നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മേൽ പരാമർശിച്ച കോമ്പൗണ്ടിംഗ് നികുതി വ്യവസ്ഥ നടപ്പിലാക്കി 6 മാസം കഴിഞ്ഞ് ശിപാർശ പ്രകാരം Impact assessment study നടത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി കണ്ടെത്തിയ വിവരങ്ങൾ താഴെ പറയുന്നു.

2014-15 വർഷം ജനവരി 15 വരെയുള്ള കണക്ക പ്രകാരം കോമ്പൗണ്ടിംഗ് സമ്പ്രദായപ്രകാരം നികുതി അടയ്ക്കുന്ന വ്യാപരികളുടെ എണ്ണം കഴിഞ്ഞ വർഷത്തെ 2689-ൽ നിന്നും 2800 ആയി വർദ്ധിച്ചു. ഇവരിൽ നിന്നുള്ള നികുതി പിരിവ് നേരിയതോതിലേ വർദ്ധിച്ചിട്ടുള്ളൂ. 258.21 കോടിയിൽ നിന്നും 259.07 കോടി രൂപയായി. കോമ്പൗണ്ടിംഗ് വ്യവസ്ഥ സ്വീകരിച്ചിട്ടില്ലാത്ത വ്യാപാരികൾ കഴിഞ്ഞ വർഷം 2667 ആയിരുന്നത് ഈ വർഷം ജനവരി വരെ 2608 ആയും അവരിൽ നിന്നുള്ള നികുതി പിരിവ് 132.71 കോടിയിൽ നിന്നും 123 കോടിയായും കുറഞ്ഞു. കഴിഞ്ഞ വർഷം കോമ്പൗണ്ടിംഗ് നികുതി ഘടനയിൽ വരുത്തിയ മാറ്റത്തിന് മുൻകാല പ്രാബല്യം നൽകിയത് വളരെ വലിയ ഒരു ഇളവായിരുന്നു. ഇത് നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. വിവിധ വിറ്റുവരവിലുള്ള വ്യാപാരികളുടെയും അവർ കോമ്പൗണ്ടിംഗിൽ തുടർന്ന വർഷത്തിന് അനുസൃതമായി നൽകിയ ഇളവിന്റേയും 2012-13-ൽ നിലനിന്ന അതേ നിരക്ക് തുടർന്നിരുന്നെങ്കിൽ കിട്ടാവുന്ന നികുതിയുമായി ഒരു താരതമ്യ പഠനം നടത്തിയ പ്രകാരം 2014-15-ൽ ഏതാണ്ട് 20.87 ശതമാനത്തിന്റെ നികുതി കുറവ് ഉണ്ടാകാനാണ് സാദ്ധ്യത.

2011-ൽ കോമ്പൗണ്ടിംഗ് നികുതിയെ തലേവർഷത്തെ വിറ്റുവരവുമായി ബന്ധപ്പെടുത്തി. ആയതുപ്രകാരം തലേവർഷം അടച്ച നികുതിയുടെ ഒരു നിശ്ചിത ശതമാനമോ തലേവർഷത്തെ വിറ്റുവരവിന്റെ ഒരു നിശ്ചിത ശതമാനമോ ആണ് കോമ്പൗണ്ടിംഗ് നികുതിയായി അടയ്ക്കേണ്ടത്. ഇത്തരം ഒരു മാറ്റം കൊണ്ടുവന്നത് ഒരു പൂർണ്ണ സാമ്പത്തികവർഷം കച്ചവടമില്ലാത്ത വാർഷികവത്കരിച്ച് നികുതി അടയ്ക്കുന്നവരുടെ പിറ്റേവർഷത്തെ വിറ്റുവരവും അവർ അടയ്ക്കേണ്ട നികുതിയുടെ ശതമാനവും തമ്മിലുള്ള പ്രകടമായ അന്തരം പരിഗണിച്ചാണ്. എന്നാൽ ഈ നികുതി വ്യവസ്ഥ നടപ്പിലാക്കിയതിനെത്തുടർന്ന് വിവിധ വ്യാപാരികളുടെ വിറ്റുവരവ് പരിശോധിച്ചതിൽ വിറ്റുവരവിൽ പ്രകടമായ ഒരു വർദ്ധനവും വരുന്നില്ല എന്നു കാണാവുന്നതാണ്. അടുത്ത വർഷത്തെ കോമ്പൗണ്ടഡ് നികുതി നിരക്ക് ഇതിനനുസൃതമായി ഉയരുമെന്നുള്ളതു

കൊണ്ടാണ് കോമ്പൗണ്ടഡ് ചെയ്ത വ്യാപാരികൾ വിൽപനയിൽ കൃത്രിമം കാണിക്കുന്നതെന്ന് വ്യക്തമാണ്. ഈ വർഷം പുതിയ ബ്രാഞ്ചുകൾക്ക് ശരാശരി നികുതി ഒഴിവാക്കി ഒരു വർഷം മുഴുവൻ ബിസിനസ്സുള്ള ബ്രാഞ്ചുകൾക്ക് മാത്രമേ കോമ്പൗണ്ടിംഗ് അനുവദിക്കുകയുള്ളുവെന്നും അതുവരെ ബ്രാഞ്ചിനെ സ്വതന്ത്രസ്ഥാപനമായി കണക്കാക്കി 5 ശതമാനത്തിൽ നികുതി അടയ്ക്കണമെന്നും വ്യവസ്ഥ കൊണ്ടുവന്നു.

എന്നാൽ ചില വൻകിട സ്ഥാപനങ്ങളുടെ ബ്രാഞ്ചുകൾ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന സ്ഥാപനത്തിന്റെ ബ്രാഞ്ച് എന്ന പഴുതുപയോഗിച്ച് വകുപ്പുതല പരിശോധന ഇല്ലാത്തതിനാൽ വിറ്റുവരവ് വളരെ കുറച്ച് കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നിയമവ്യവസ്ഥ ഇത്തരത്തിൽ ദുരുപയോഗപ്പെടുത്തുന്നതിനാൽ മുമ്പുണ്ടായിരുന്നതുപോലെ ശരാശരി നികുതി പുനഃസ്ഥാപിക്കുന്നതായിരിക്കും ഉചിതം. പ്രമുഖ വ്യാപാര സ്ഥാപനങ്ങളുടെ ബ്രാഞ്ചുകൾ സംസ്ഥാനത്തൊട്ടാകെ പുതുതായി തുടങ്ങുന്നതിൽ ഒരു കുറവും വന്നിട്ടില്ല. ആയതിനാൽ ഉയർന്ന നിരക്കുള്ളതിനാൽ വ്യാപാരം അന്യസംസ്ഥാനങ്ങളിലേക്ക് മാറുന്നതായി ഉയരുന്ന പരാതി അടിസ്ഥാനരഹിതമാണെന്നും കാണാൻ കഴിയും. അത്തരം സാഹചര്യമുണ്ടെങ്കിൽ പുതിയ ബ്രാഞ്ചുകൾ തുറക്കുന്ന പ്രവണത ഉണ്ടാകുമായിരുന്നില്ല. 2013 മുതൽ സ്വർണ്ണാഭരണങ്ങൾക്ക് 5 ശതമാനം നികുതിയും ബുല്യൻ ഉൾപ്പെടെ മറ്റെല്ലാതരം സ്വർണ്ണത്തിനും 1 ശതമാനം നികുതിയുമാണ്. ഈ നികുതി നിരക്ക് വ്യത്യാസത്തിന്റെ പഴുതുപയോഗിച്ച് ധാരാളം നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണവ്യാപാരത്തിൽ പ്രധാനമാണ് പഴയ സ്വർണ്ണാഭരണങ്ങൾ വിറ്റ് പുതിയത് വാങ്ങുക എന്നത്. പ്രമുഖ ധനകാര്യ സ്ഥാപനങ്ങളും പണയത്തിൽ വച്ച ആഭരണങ്ങൾ വിൽപ്പന നടത്താറുണ്ട്. ഒരു സ്വർണ്ണവ്യാപാര സ്ഥാപനം ആരംഭിച്ച് ഇത്തരം പഴയ ആഭരണങ്ങൾ 5 ശതമാനം നികുതിയടച്ച് വാങ്ങിയതിനുശേഷം അത് ബുല്യൻ, ഉരുക്കിയ സ്വർണ്ണം എന്നീ രൂപങ്ങളിലാക്കി ഒരു ശതമാനത്തിൽ വിൽപന നടത്തിയതായി കാണിച്ച് ഭൂരിഭാഗം അടച്ച നികുതിയും റീഫണ്ട് വാങ്ങുന്ന പ്രവണത സംസ്ഥാനത്തൊട്ടാകെ കണ്ടുവരുന്നു.

നികുതി നിരക്ക് കുറയ്ക്കുന്നത് നികുതി പിരിവിനെ ഗണ്യമായി ബാധിക്കും. 2013-14-ൽ സ്വർണ്ണ വ്യാപാരികളുടെ മൊത്തം വിറ്റുവരവ് 43240.77 കോടി രൂപയായിരുന്നു. ഇത് കയറ്റുമതി ഉൾപ്പെടെയുള്ളതാണ്. കേരളത്തിൽ മൊത്തം നടക്കുന്ന സ്വർണ്ണ വ്യാപാരത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. ഈയിടെ E & Y നൽകിയ റിപ്പോർട്ട് പ്രകാരം ഇത് 77000 കോടി രൂപയോളമാണ്. ആയത് ഏത് ആധികാരിക രേഖയുടെ അടിസ്ഥാനത്തിലുള്ളതാണെന്ന് വ്യക്തമല്ല. സ്വർണ്ണ വ്യാപാരത്തിൽ ഉപയോഗിക്കപ്പെടുന്ന സ്വർണ്ണത്തിന്റെ സിംഹഭാഗവും അനധികൃത മാർഗ്ഗങ്ങളിലൂടെ എത്തുന്നവയാണ്. വിമാനത്തിലും ട്രെയിനിലുമായി കണക്കിൽപ്പെടാത്ത ധാരാളം സ്വർണ്ണം ബോംബെ, കൽക്കത്ത എന്നീ സ്ഥലങ്ങളിൽ നിന്നും സ്വർണ്ണാഭരണ

വ്യാപാരസ്ഥാപനങ്ങളിൽ എത്തുന്നുണ്ട്. ഇത്തരം അന്യസംസ്ഥാന വ്യാപാര സ്ഥാപനങ്ങളുമായുള്ള കരാർ പ്രകാരം അവർ സ്വർണ്ണം അവരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപനങ്ങളിൽ എത്തിച്ചുകൊടുക്കണം. ഇത്തരം ആഭരണങ്ങൾ ഒരു കണക്കിലും പെടാതെ വ്യാപാരം നടക്കുകയാണ് ചെയ്യുന്നത്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ഇത്തരത്തിൽ അനധികൃതമായി കൊണ്ടുവരുന്ന ധാരാളം സ്വർണ്ണം കണ്ടെത്തുന്നുണ്ട്. എന്നാൽ ഇത് ഇത്തരത്തിലുള്ള സ്വർണ്ണ വ്യാപാരത്തിന്റെ ഒരു തുച്ഛമായ ഭാഗം മാത്രമാണ്. ചെറിയ ബാഗുകളിൽ കൊണ്ടുവന്ന് വിൽപ്പന നടത്താവുന്ന സാധനമായതിനാൽ ഇത്തരം കള്ളക്കടത്തുകൾ കണ്ടെത്തുക വളരെ ദുഷ്കരമാണ്. ഈ പ്രത്യേക വ്യാപാരസ്വഭാവം പരിഗണിച്ചാണ് പരമാവധി ആൾക്കാരെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ കൊണ്ടുവന്ന് പരമാവധി നികുതി വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

## Impact assessment study-കമ്മിറ്റിയുടെ ശിപാർശകൾ

(i) ഒരു സ്വർണ്ണ വ്യാപാര സ്ഥാപനം ആരംഭിച്ച് ഇത്തരം പഴയ ആഭരണങ്ങൾ 5 ശതമാനം നികുതിയടച്ച് വാങ്ങിയതിനുശേഷം അത് ബുള്ള്യൻ, ഉരുക്കിയ സ്വർണ്ണം എന്നീ രൂപങ്ങളിലാക്കി ഒരു ശതമാനത്തിൽ വിൽപന നടത്തിയതായി കാണിച്ച് ഭൂരിഭാഗം അടച്ച നികുതിയും റീഫണ്ട് വാങ്ങുന്ന പ്രവണത സംസ്ഥാനത്തൊട്ടാകെ കണ്ടുവരുന്നു. ഇത് തടയുന്നതിന് HSN Code ഉൾപ്പെട്ട ബില്ലുകൾ നിർബന്ധമാക്കണമെന്നും ആയത് RBI അംഗീകൃത ഏജൻസികൾക്ക് മാത്രമായി പരിമിതപ്പെടുത്തി അത്തരം ബുള്ള്യനൊഴികെ എല്ലാത്തിനും 5 ശതമാനം നികുതിയാക്കി ഉയർത്തുക. പുതുതായി തുടങ്ങുന്ന ബ്രാഞ്ചുകൾ ശരാശരി നിരക്കിൽ നികുതി അടയ്ക്കണമെന്നുള്ള വ്യവസ്ഥ ഓപ്ഷനായി പുനഃസ്ഥാപിക്കുക. അല്ലാത്ത ബ്രാഞ്ചുകളിൽ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ പരിശോധന നടത്തുക.

(ii) 2016-17 ചരക്ക സേവന നികുതി സമ്പ്രദായം മിക്കവാറും നിലവിൽ വരുന്ന സാഹചര്യത്തിൽ ഇപ്പോൾ സ്വർണ്ണാഭരണങ്ങളുടെ ഷെഡ്യൂൾ നികുതി നിരക്കിൽ കുറവ് വരുത്തുന്നത് പരിഗണിക്കേണ്ടതില്ല. ഇപ്പോഴത്തെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ അടയ്ക്കുന്ന നികുതിയും വ്യാപാരിയുടെ സ്റ്റോക്കുമായി യാതൊരു ബന്ധവുമില്ല. ആയതിനാൽ നിർത്തലാക്കുന്ന ബ്രാഞ്ചിന്റെയെങ്കിലും സ്റ്റോക്ക് പൊസിഷൻ നിർണ്ണയിച്ച് അതിന്റെ നികുതി അടയ്ക്കുന്നു എന്ന് ഉറപ്പു വരുത്തുന്ന ഒരു നിയമം കൊണ്ടുവരുന്നത് പരിഗണിക്കേണ്ടതാണ്.

(iii) കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്ന സ്ഥാപനത്തിന്റെ പുതുതായി തുടങ്ങുന്ന ബ്രാഞ്ചിന്റെ സ്റ്റോക്കും അവർ അടയ്ക്കുന്ന നികുതിയും തമ്മിൽ താരതമ്യം ചെയ്യേണ്ടതാണ്. യാതൊരു പരിശോധനയും ഇല്ലാതിരുന്നാൽ ഇത്തരം ബ്രാഞ്ചുകളിലെ നികുതി കുറച്ചു കാണിച്ച് വലിയതോതിൽ നികുതി വെട്ടിക്കുന്ന സ്ഥിതിയുണ്ടാകും, ചുരുക്കം കേസുകളിൽ നടത്തിയ പരിശോധനയിൽ ഇത് വളരെ വ്യക്തമാണ്.

## ശിപാർശ (ഖണ്ഡിക 17)

വിദേശ മലയാളികൾ അവരുടെ സ്വർണ്ണ വിപണി വിദേശ രാജ്യങ്ങളിൽ കണ്ടെത്തുമ്പോൾ കേരളത്തിലുണ്ടാകുന്ന നികുതി ചോർച്ച 15 ശതമാനത്തോളമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കെടുത്താൽ പ്രമുഖ ആഭരണശാലകൾ മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ബ്രാഞ്ചുകൾ തുടങ്ങിയതായി കാണാം. ആയതിനാൽ വിദേശ മലയാളികളെ കേരളത്തിലെ സ്വർണ്ണ വിപണിയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള പ്രത്യേക നികുതി പാക്കേജ് ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## സ്വീകരിച്ച നടപടി

പ്രമുഖ വ്യാപാര സ്ഥാപനങ്ങളുടെ ബ്രാഞ്ചുകൾ സംസ്ഥാനത്തൊട്ടാകെ പുതുതായി തുടങ്ങുന്നതിൽ ഒരു കുറവും വന്നിട്ടില്ല. ആയതിനാൽ ഉയർന്ന നിരക്കുള്ളതിനാൽ വ്യാപാരം അന്യസംസ്ഥാനങ്ങളിലേക്ക് മാറുന്നതായി ഉയരുന്ന പരാതി അടിസ്ഥാനരഹിതമാണെന്നും കാണാൻ കഴിയും. അത്തരം സാഹചര്യമുണ്ടെങ്കിൽ സംസ്ഥാനത്ത് പുതിയ ബ്രാഞ്ചുകൾ തുറക്കുന്ന പ്രവണത ഉണ്ടാകുമായിരുന്നില്ല.

## ശിപാർശ (ഖണ്ഡിക 18)

സ്വർണ്ണ വ്യാപാര രംഗത്ത് വൻതോതിൽ നികുതി വെട്ടിപ്പ് നടക്കുന്നുണ്ടെന്ന് പല അനൗദ്യോഗിക റിപ്പോർട്ടുകളും വെളിപ്പെടുത്തിയ സാഹചര്യത്തിൽ ആ പ്രവണത തടയുന്നതിന് വേണ്ടിയാണ് കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു കോടിക്ക് മുകളിൽ ടേണോവറുള്ള മുൻവർഷം കോമ്പൗണ്ട് ചെയ്ത ഒരു വ്യാപാരി മുൻവർഷത്തേക്കാൾ 25% കൂടുതലാണ് അടയ്ക്കേണ്ടത്. 2006-07-ൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയത് മുതൽ തുടർച്ചയായി കോമ്പൗണ്ട് ചെയ്തവർക്ക് 150% നികുതി വർദ്ധനവ് ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. മുൻകാലങ്ങളിൽ നിലനിന്നിരുന്ന വില വർദ്ധനവിനെ നികുതി വർദ്ധനവ് സാധൂകരിക്കുന്നുണ്ടെങ്കിലും പിൽക്കാലത്ത് സംഭവിച്ച വിലക്കുറവിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ വ്യാപാരികളെ പ്രതികൂലമായി ബാധിക്കുവാനുള്ള സാഹചര്യമുള്ളതിനാൽ കുറച്ച് വ്യാപാരികളെങ്കിലും കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നിന്ന് പിന്മാറാൻ സാദ്ധ്യതയുള്ളതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നിലനിർത്തുന്നതിനു വേണ്ടി 5 വർഷം തുടർച്ചയായി കോമ്പൗണ്ട് ചെയ്ത വ്യാപാരികൾക്ക് 10% നികുതി കുറവും, 3 വർഷം തുടർച്ചയായി കോമ്പൗണ്ട് ചെയ്ത വ്യാപാരികൾക്ക് 5% നികുതി കുറവും വരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-ലെ ധനകാര്യ നിയമത്തിലെ ഭേദഗതി പ്രകാരം കോമ്പൗണ്ടിംഗ് നികുതി നിരക്കിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കോമ്പൗണ്ടിംഗ് നികുതി നിരക്ക് വിറ്റുവരവിന്റേയും കോമ്പൗണ്ടിംഗ് വ്യവസ്ഥിതി തുടരുന്ന കാലാവധിയുടേയും അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യുന്നു. ഇതുപ്രകാരം കോമ്പൗണ്ടിംഗ് നികുതിയുടെ സിംഹഭാഗവും അടയ്ക്കുന്ന ഒരു കോടി രൂപയ്ക്ക് പുറത്ത് വിറ്റുവരവുള്ള വ്യാപാരികളുടെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് തുടർച്ചയായി 3 കൊല്ലം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്നവർക്ക് മുമ്പുണ്ടായിരുന്ന 125 ശതമാനത്തിൽ നിന്നും 120 ആയും 5 വർഷത്തിൽ കൂടുതൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്നവരുടെ നികുതി 125 ൽ നിന്നും 115 ശതമാനമായും കുറവ് ചെയ്തു. അവർക്ക് ഉപഭോക്താവിൽ നിന്നും പിരിക്കാവുന്ന നികുതി ഇതിനനുസൃതമായി കുറവ് ചെയ്തു. ഇതിനുപുറമേ ഒരു സാമ്പത്തിക വർഷത്തിന്റെ ഇടയിൽ വച്ച് ബ്രാഞ്ച് വ്യാപാരം നിർത്തിയാൽ അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതി ആ കാലയളവിന് അനുസൃതമായി കുറവ് ചെയ്തു.

<u>ശിപാർശ (ഖണ്ഡിക 19)</u>

പുതിയതായി ആരംഭിക്കുന്ന ബ്രാഞ്ചുകൾക്ക് നിലവിലുള്ള പ്രധാന വ്യാപാര കേന്ദ്രത്തിന്റെയും ബ്രാഞ്ചുകളുടെയും ശരാശരി നികുതി കണക്കാക്കി അടയ്ക്കണമെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ. പ്രധാന ടൗണുകളിൽ അല്ലാതെ ഗ്രാമപ്രദേശങ്ങളിൽ തുടങ്ങുന്ന ബ്രാഞ്ചുകൾക്ക് ഈ വ്യവസ്ഥ ബാധകമാക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ വർഷത്തിന്റെ പകുതിയിലാണ് ബ്രാഞ്ച് തുടങ്ങുന്നതെങ്കിലും ഒരു വർഷത്തെ മുഴുവൻ നികുതി അടയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈ വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തുന്നതിനായി നിയമഭേദഗതി ആവശ്യമാണ്. വർഷത്തിന്റെ പകുതിയിൽ തുടങ്ങുന്ന ബ്രാഞ്ചുകളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയ്ക്ക് പുറമേനിർത്തി, അവരുടെ വ്യാപാരത്തോത് ഒരു കൊല്ലം മുഴുവനായി നിരീക്ഷിച്ചശേഷം, അടയ്ക്കുന്ന നികുതി യഥാർത്ഥ ബിസിനസ്സുള്ള മാസങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പിന്നീടുള്ള വർഷങ്ങളിൽ കോമ്പൗണ്ടിംഗ് അനുവദിക്കുന്ന വിധത്തിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ ഉദാരമാക്കി പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പുതുതായി തുടങ്ങുന്ന ബ്രാഞ്ചുകൾക്ക് ആവറേജ് നിരക്കിൽ നികുതി അടയ്ക്കാതെ ഒരു സ്വതന്ത്ര ബിസിനസ്സ് സ്ഥാപനമായി നിലനിർത്തി 5 ശതമാനം ഷെഡ്യൂൾഡ് നിരക്കിൽ നികുതി അടയ്ക്കേണ്ട വകുപ്പ് ധനകാര്യനിയമം 2014 പ്രകാരം ഉൾപ്പെടുത്തി. ഇത്തരം ബ്രാഞ്ചുകൾക്ക് ഒരു സാമ്പത്തികവർഷം മുഴുവനായി ബിസിനസ്സ് നടത്തിയാൽ മാത്രമേ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലേക്ക് മാറാൻ സാധിക്കുകയുള്ളൂ.

ശിപാർശ (ഖണ്ഡിക 20)

ഒരു സാമ്പത്തികവർഷത്തിന്റെ ഇടയ്ക്കുവച്ച് ഒരു ബ്രാഞ്ച് നിർത്തലാക്കുകയാണെങ്കിൽ അതിന് ആനുപാതികമായ കുറവ് കോമ്പൗണ്ടഡ് നികുതിയിൽ വരുത്തേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻവർഷം അടച്ച നികുതിയുടെ അടിസ്ഥാനത്തിലാണ് തനതുവർഷത്തെ കോമ്പൗണ്ടിംഗ് നികുതി നിശ്ചയിക്കുന്നതെന്നതിനാൽ ബ്രാഞ്ച് നിർത്തലാക്കുന്നത് കോമ്പൗണ്ടിംഗ് നികുതിയെ സംബന്ധിച്ച് ഇപ്പോൾ പ്രസക്തമല്ലാത്തതിനാൽ അടച്ച ബ്രാഞ്ചിന്റെ നികുതി കുറവ് ചെയ്തു കൊടുക്കുവാൻ നിയമം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഒരു സാമ്പത്തിക വർഷത്തിന്റെ ഇടയിൽ വച്ച് ബ്രാഞ്ച് വ്യാപാരം നിർത്തിയാൽ അടയ്ക്കേണ്ട കോമ്പൗണ്ടഡ് നികുതി ആ കാലയളവിന് അനുസൃതമായി കുറവ് ചെയ്തുകൊണ്ടുള്ള ഭേദഗതി ധനകാര്യ നിയമം 2014 പ്രകാരം വരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 21)

സ്വർണ്ണ വ്യാപാരികളുടെ സ്റ്റോക്കിന്റെയും അക്കൗണ്ടിന്റെയും വിറ്റുവരവിന്റെയും പരിശോധന കാര്യക്ഷമമായി നടത്തുന്നതിനും നികുതി വെട്ടിപ്പ് പൂർണ്ണമായി തടയുന്നതിനും സ്വർണ്ണ വ്യാപാരം സുതാര്യവും സത്യസന്ധവുമാക്കുന്നതിനും വേണ്ടി ഓൺലൈൻ ഇൻവോയിസ് സമ്പ്രദായം ഒരു നിശ്ചിത വിറ്റുവരവിന് മുകളിലുള്ള സ്വർണ്ണവ്യാപാരികൾക്ക് നിർബന്ധമാക്കുന്നതിനും ഇൻവോയ്സ് ഉറപ്പുവരുത്താനായി ടെസ്റ്റ് പർച്ചേസ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജുവലറികളിൽ ബില്ലിംഗിന്, വാണിജ്യ നികുതി വകുപ്പ് അംഗീകരിക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാമെന്നും അത് വകുപ്പിന്റെ സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യാമെന്നും ചില വ്യാപാരികൾ അഭിപ്രായപ്പെട്ടിരുന്നു. ആ സംവിധാനം നടപ്പിലാക്കി നികുതി വെട്ടിപ്പ് ഒഴിവാക്കി ഒരു ശതമാനം നികുതി നിരക്ക് ഏർപ്പെടുത്തണമെന്നാണ് ചില വ്യാപാരികളുടെ ആവശ്യം. ഇതിനെത്തുടർന്ന് വാണിജ്യ നികുതി വകുപ്പ് വ്യാപാരികളുടെ യോഗം വിളിച്ചു ചേർക്കുകയും ആയതിനെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി. മൂന്ന് പ്രമുഖ ജുവലറികൾ ഒഴിച്ചുള്ള എല്ലാവരും ടി നിർദ്ദേശത്തെ എതിർക്കുകയും, അവർക്ക് ആയതിനുള്ള അടിസ്ഥാന സൗകര്യമില്ല എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. വാണിജ്യ നികുതി വകുപ്പ് സ്വതന്ത്രമായി ഇതിനെപ്പറ്റി പരിശോധിക്കുകയും നിലവിലെ സെർവ്വർ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ഇത്തരം

നടപടി നടപ്പിലാക്കാൻ വകപ്പിനം സാദ്ധ്യമല്ല എന്നു വിലയിരുത്തപ്പെടുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിൽ ലിങ്ക് ചെയ്യാത്ത കമ്പ്യൂട്ടർ ഉപയോഗിച്ച് ബിൽ നൽകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നതിനാൽ നികുതി ചോർച്ച തടയുന്ന കാര്യത്തിൽ ഈ സംവിധാനം പ്രയോജനപ്പെടുമെന്ന് കരുതാനാവില്ല.

ശിപാർശ (ഖണ്ഡിക 22)

സ്വർണ്ണത്തിന്റെ നികുതി സംബന്ധമായ വിവരശേഖരണവും വിശകലനവും നടത്താൻ പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്വർണ്ണത്തിന്റെ നികുതി സംബന്ധമായ വിവരശേഖരണവും വിശകലനവും നടത്തുന്നതിനായി പ്രത്യേക സെൽ അടിയന്തരമായി രൂപീകരിക്കുവാൻ വാണിജ്യ നികുതി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 23)

നിലവിലെ നിയമപ്രകാരം കോമ്പൗണ്ടിംഗ് വ്യാപാരികൾക്ക് വിറ്റുവരവിന്റെ 1.25% നികുതി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാവുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. നിയമപ്രകാരം ഉപഭോക്താക്കളിൽ നിന്നും പിരിക്കുന്ന നികുതി വ്യാപാരികൾ കൃത്യതയോടെ സർക്കാരിലേക്ക് അടയ്ക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. 1.25% നിരക്കിൽ കൂടുതൽ പിരിക്കുന്നില്ലായെന്നും പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുന്ന കോമ്പൗണ്ടഡ് നികുതി അതത് മാസം തന്നെ മുഴുവനായും സർക്കാരിലേക്ക് അടയ്ക്കുന്നു എന്നും ഉറപ്പാക്കുവാനും നികുതിവെട്ടിപ്പും കള്ളക്കടത്തും തടയുന്നതിനും വാണിജ്യനികുതി വകുപ്പിന് കീഴിലുള്ള ഡാറ്റാ മൈനിംഗ്, കമേഴ്സ്യൽ ഇൻറലിജൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇന്റലിജൻസ് വിഭാഗം ഇടയ്ക്കിടക്ക് ജുവലറിയിൽ നിന്നും പുറത്തുവരുന്ന ഉപഭോക്താവിൽനിന്നും ബിൽ ശേഖരിച്ച് പരിശോധിക്കാറുണ്ട്. ബിൽ നൽകുന്നുണ്ടോയെന്നും നികുതിപിരിവിന്റെ തോത് അറിയുവാനുമാണിത്.

ശിപാർശ (ഖണ്ഡിക 24)

സ്വർണ്ണവ്യാപാരികളിൽ ഭൂരിപക്ഷവും ചെറുകിട വ്യാപാരികളാണെന്ന് സമിതി കരുതുന്നു. ചെറുകിട കച്ചവടക്കാർക്ക് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നികുതി താങ്ങാവുന്നതിലും അധികമാണ്. പരമ്പരാഗതമായി സ്വർണ്ണവ്യാപാരം ചെയ്യുന്ന

ചെറുകിട ഇടത്തരം വ്യാപാരികളെ സംരക്ഷിക്കുന്നതിനും അവരുടെ വളർച്ച ഉറപ്പുവരുത്തുന്നതിനുമായി പ്രത്യേക നികുതിഘടന ഏർപ്പെടുത്തേണ്ടതുണ്ട്. ചെറുകിട ഇടത്തരം സ്വർണ്ണവ്യാപാരികൾക്ക് ഒരു നിശ്ചിത വാർഷിക നികുതി നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10 ലക്ഷം വരെ വിറ്റുവരവുള്ള ചെറുകിട വ്യാപാരികളുടെ കോമ്പൗണ്ടിംഗ് നികുതി ഇപ്പോൾത്തന്നെ വളരെ പരിമിതമാണ്. കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടച്ചുകൊണ്ടിരിക്കുന്നവർ വിറ്റുവരവിന്റെ 1% നികുതി അടച്ചാൽ മതിയാകും.

ശിപാർശ (ഖണ്ഡിക 25)

കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്ത വ്യാപാരികളുടെ സെയിൽസും ഇൻവെന്ററിയും ഓൺലൈനായി വകുപ്പിന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള സെർവർ കപ്പാസിറ്റി വച്ച് ഇതു നടപ്പിലാക്കാൻ പരിമിതിയുണ്ട്.

ശിപാർശ (ഖണ്ഡിക 26)

വാറ്റ് നിയമത്തിലെ വകുപ്പ് 6 (2) പ്രകാരം പൊതുജനങ്ങളിൽനിന്നും വാങ്ങുന്ന പഴയ സ്വർണ്ണത്തിന് വ്യാപാരികൾക്ക് നികുതി ബാദ്ധ്യതയുണ്ട്. അടുത്ത മാസം ഇത്തരം നികുതിക്ക് കിഴിവും വ്യാപാരിക്ക് റിട്ടേണിൽ സ്പെഷ്യൽ റിബേറ്റായി ക്ലെയിം ചെയ്യാവുന്നതിനാൽ ഇവ സ്വർണ്ണത്തെ സംബന്ധിച്ചുള്ള റെഗുലർ അസസ്സ്മെന്റിന്റെ പ്രധാന ഘടകമാണെന്ന് സമിതി വിലയിരുത്തുന്നു.

സ്വീകരിച്ച നടപടി

വാണിജ്യനികുതി വകുപ്പ് പരിശോധിക്കാറുണ്ട്.

ശിപാർശ (ഖണ്ഡിക 27)

കോമ്പൗണ്ടിംഗ് വ്യവസ്ഥയായ വകുപ്പ് 8-ലെ ടേണോവറിനെ വാറ്റ് നിയമത്തിന്റെ പൊതു നിർവചനവുമായി ബന്ധപ്പെടുത്തി വ്യക്തത വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിറ്റുവരവിന്റെയും വാങ്ങൽ വിലയും കൂടി കണക്കിലെടുത്താണ് നിലവിൽ മൊത്തം വിറ്റുവരവ് തിട്ടപ്പെടുത്തുന്നത്.

ശിപാർശ (ഖണ്ഡിക 28)

വില്പനയില്ലാതെ ഉത്പാദനവും ജോബ് വർക്കും മാത്രം ചെയ്യുന്ന യൂണിറ്റുകൾ ബ്രാഞ്ചുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്നത് സംബന്ധിച്ച് വ്യക്തത വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2014-ലെ ധനകാര്യ നിയമത്തിലൂടെ വാങ്ങൽ, വില്പന എന്നിവ ഇല്ലാത്ത ബ്രാഞ്ചുകൾക്ക് കോമ്പൗണ്ടിംഗ് നികുതി ബാധ്യത ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തു.

ശിപാർശ (ഖണ്ഡിക 29)

വാറ്റ് നിയമപ്രകാരം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് 5900 സ്വർണ്ണവ്യാപാരികളാണ്. ശേഷിക്കുന്നവരെക്കൂടി രജിസ്റ്റർ ചെയ്യിപ്പിക്കുന്നത് സ്വർണ്ണവ്യാപാരം കൂടുതൽ സുതാര്യമാക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ആഭരണമേഖലയിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനുമായി മുഴുവൻ സ്വർണ്ണവ്യാപാരികളെയും വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ള വ്യാപാരികൾ കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം രജിസ്ട്രേഷനെടുക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ, സ്വർണ്ണ വ്യാപാരികൾ വിറ്റുവരവ് പരിധി കണക്കാക്കാതെ തന്നെ രജിസ്ട്രേഷനെടുക്കേണ്ടതാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ള എല്ലാ ഡീലർമാരും സ്വമേധയാ രജിസ്ട്രേഷനെടുക്കുന്നതിനായി പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം എന്ന പദ്ധതി 1-4-2013 മുതൽ 31-8-2014 വരെ നടപ്പാക്കിയിരുന്നു.

(സർക്കാർ കത്ത് നമ്പർ 18028/ബി1/2012/നിവ. തീയതി 7-10-2017)

(24-10-2016-ലെ യോഗം അംഗീകരിച്ചത്)

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

ശിപാർശ (ഖണ്ഡിക 15)

ഇപ്പോൾ സർക്കാർ ആശുപത്രികളിൽ കാരുണ്യ ചികിത്സാ ധനസഹായം അനുവദിക്കുന്നത് എസ്റ്റിമേറ്റ് എക്സ്പെൻഡിച്ചർ പ്രകാരമാണ്. എന്നാൽ സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളിൽ നിശ്ചിത നിരക്കിലുള്ള പാക്കേജിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ഇത്തരത്തിലുള്ള ചികിത്സാ പാക്കേജ് സർക്കാർ ആശുപത്രികളിലും ബാധകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ആശുപത്രികളിലും നിശ്ചിത നിരക്കിലുള്ള ചികിത്സാ പാക്കേജിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 16)</u>

സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സ സമയബന്ധിതമായി നടത്തുന്നതിനും ആയത് മോണിറ്റർ ചെയ്യുന്നതിനും ഹെൽപ്പ് ഡെസ്ക് ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പല സർക്കാർ ആശുപത്രികളിലും ഇതിനകം കാരുണ്യ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നേരത്തെതന്നെ ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മറ്റു സർക്കാർ ആശുപത്രികളിലും കാരുണ്യ ഹെൽപ്പ് ഡെസ്ക് തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

<u>ശിപാർശ (ഖണ്ഡിക 17)</u>

ദൂരസ്ഥലങ്ങളിൽ നിന്നും ചികിത്സയ്ക്കായി സർക്കാർ മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും സ്ഥലമോ കെട്ടിടമോ ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഹോം (Short Stay Homes) എന്ന പദ്ധതി നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് കാരുണ്യ ഹോമുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മെഡിക്കൽ കോളേജുകളുടെ ഉടമസ്ഥതയിലുള്ളതും കെട്ടിടം നിർമ്മിക്കാൻ സൗകര്യങ്ങളുള്ളതുമായ സ്ഥലം പ്രസ്തുത ആശുപത്രി അധികൃതർ കാരുണ്യ ബെനവലന്റ് ഫണ്ടിൽ ലഭ്യമാക്കുന്ന മുറയ്ക്കാണ് കെട്ടിടം നിർമ്മിക്കുന്നത്.

<u>ശിപാർശ (ഖണ്ഡിക 18)</u>

സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ച് വേണ്ടിവരുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കിയാൽ ചികിത്സാ ചെലവ് 20 മുതൽ 25 ശതമാനം വരെ കറയ്ക്കുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയ്ക്കുള്ള എല്ലാ മരുന്നുകളും ഇംപ്ലാന്റുകളും ഉപകരണങ്ങളും നിർബന്ധമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എല്ലാ സർക്കാർ ആശുപത്രികളിലേയും കാരുണ്യ ഗുണഭോക്താക്കൾക്ക് ഡയാലിസിസ്, ഹീമോഫീലിയ എന്നീ അസുഖങ്ങൾക്കുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 19)</u>

നിലവിൽ രോഗി സ്ഥിരതാമസമുള്ളതും റേഷൻ കാർഡിൽ പേരുള്ളതുമായ ജില്ലയിലെ ജില്ലാഭാഗ്യക്കുറി ആഫീസർക്കാണ് ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലാണ് ചികിത്സാ ധനസഹായത്തിനുള്ള അർഹത ആരംഭിക്കുന്നത്. എന്നാൽ വിദൂര സ്ഥലങ്ങളിൽ നിന്നും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, ശ്രീ ചിത്ര മെഡിക്കൽ സെന്റർ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, മറ്റു ജില്ലകളിലെ മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സ തേടുന്നവർ നിശ്ചിത സമയത്തിനുള്ളിൽ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം വരുന്നതുമൂലം പലപ്പോഴും അർഹമായ ചികിത്സാ തുക ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇതു പരിഹരിക്കുന്നതിനായി പ്രധാനപ്പെട്ട ആശുപത്രികളിൽ നിലവിലുള്ള ആർ എസ്. ബി.വൈ./ബെർത്ത് ആന്റ് ഡത്ത് രജിസ്ട്രേഷൻ കൗണ്ടർ എന്നിവയിലൂടെയോ അല്ലെങ്കിൽ ഇതിനായി പ്രത്യേകം ഏർപ്പെടുത്തുന്ന സംവിധാനങ്ങളിലൂടെയോ ഓൺലൈനായി ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി നിലവിലുള്ള സോഫ്റ്റ് വെയർ പരിഷ്കരിക്കുകയോ പുതിയ സോഫ്റ്റ് വെയർ ഡവലപ് ചെയ്യുകയോ വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കാരുണ്യ സ്കീമിൽ അപേക്ഷ നൽകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സോഫ്റ്റ് വെയറിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

ശിപാർശ (ഖണ്ഡിക 20)

അപേക്ഷിക്കുന്ന എല്ലാ അർഹരായ ഗുണഭോക്താക്കൾക്കും ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ തുക നിലവിലുള്ള കാരുണ്യ ലോട്ടറിയിൽനിന്നും ലഭിക്കുകയില്ലെന്നതിനാൽ മറ്റൊരു പ്രതിവാര ലോട്ടറിയായ പ്രതീക്ഷയുടെ വരുമാനം കൂടി ഈ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ പ്രതിവാര ലോട്ടറികളുടെ വരുമാനമാണ് കാരുണ്യ ചികിത്സാ സഹായ പദ്ധതിക്കായി മാറ്റി വച്ചിട്ടുള്ളത്. പ്രതീക്ഷ ലോട്ടറിയെയാണ് 'കാരുണ്യ പ്ലസ്' എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളത്.

ശിപാർശ (ഖണ്ഡിക 21)

കാരുണ്യ പദ്ധതിയുടെ കീഴിൽ കൂടുതൽ സ്വകാര്യ, സ്വാശ്രയ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക സൗകര്യങ്ങൾ മിതമായ നിരക്കിൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്കു കൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ നിശ്ചിത രോഗങ്ങൾക്കുള്ള ചികിത്സാ പാക്കേജുകളും നിരക്കും നിശ്ചയിച്ചിട്ടുള്ളതും ഇവ അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളെയാണ് പദ്ധതിയിൽ ഇപ്പോൾ അക്രെഡിറ്റ് ചെയ്തിട്ടുള്ളത്. നിലവിൽ 72 സ്വകാര്യ ആശുപത്രികൾ പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി വ്യവസ്ഥകളനുസരിച്ച് ആധുനിക ചികിത്സാ സൗകര്യങ്ങളുള്ളതും മികച്ച സേവന സൗകര്യങ്ങളുള്ളതും പദ്ധതി വ്യവസ്ഥയനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി വരുന്നതുമായ സ്വകാര്യ ആശുപത്രികളെ അക്രെഡിറ്റ് ചെയ്യുന്നതാണ്.

ശിപാർശ (ഖണ്ഡിക 22)

അവയവദാന ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് (ദാതാവിനും സ്വീകർത്താവിനും) 2 ലക്ഷം രൂപ വീതം ധനസഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അവയവ ദാതാവിന് ധനസഹായം നൽകുമ്പോൾ അവയവദാനം സാമ്പത്തിക നേട്ടങ്ങൾക്കായുള്ള താല്പര്യത്തിനായി നടത്തുന്നതാവരുത് എന്ന് ഇതിനായുള്ള ഉചിതമായ കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്ക് രണ്ട് ലക്ഷം രൂപ നൽകുന്നതിന് പുറമേ അവയവ ദാതാവിനുള്ള തുടർ ചികിത്സയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നതിന് സ. ഉ. (സാ.ധാ.) നമ്പർ 810/2014/നി.വ. തീയതി 14-10-2014 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 23)

വൃക്കരോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ആവശ്യമായ ഡയാലിസിസ് സൗകര്യം ഇല്ലാത്തതിനാൽ ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ കാരുണ്യ ബെനവലന്റ് പദ്ധതിയുടെ മേൽനോട്ടത്തിലുള്ള ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക 24)

കാരുണ്യ ഫണ്ടിൽ നിന്നും തുക നേരിട്ട് ആശുപത്രിയിലേക്കാണ് നൽകുന്നതെന്നും കേസ്സിന്റെ മെരിറ്റ് അനുസരിച്ചാണ് റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതെന്നും രോഗി മരിച്ചതിനുശേഷം അപേക്ഷിച്ചാൽ ചികിത്സയ്ക്ക് ചെലവായ പണം കാരുണ്യ ഫണ്ടിൽ നിന്നും റീ-ഇംപേഴ്സ് ചെയ്ത് കൊടുക്കുന്നില്ലായെന്നുമുള്ള വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ചികിത്സയിലിരിക്കുന്ന രോഗി മരിച്ചാലും അനന്തരാവകാശിക്ക് അർഹമായ ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രി ബില്ലുകളുടെയും മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ റീഇംബേഴ്സ് ചെയ്തുവരുന്നു.

ശിപാർശ (ഖണ്ഡിക 25)

സംസ്ഥാനത്തിന് പുറത്ത് വിദഗ്ധ ചികിത്സ നടത്തുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയനുസരിച്ച് സഹായം അനുവദിക്കുന്നില്ലയെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് ഓരോ ജില്ലയിലെയും ജില്ലാ കളക്ടർ ചെയർമാനായ സമിതി മുഖേനയാണ് ചികിത്സാ സഹായം അനുവദിക്കുന്നത്. സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിൽ നടത്തുന്ന ചികിത്സയുടെ കൃത്യത പരിശോധിച്ച് അത്തരം കേസ്സുകൾ കൂടി പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിമിതമായ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന മലയാളികൾക്കുകൂടി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

<u>ശിപാർശ (ഖണ്ഡിക 26)</u>

നിലവിൽ പദ്ധതി പ്രകാരം സഹായം ലഭിക്കുന്ന രോഗങ്ങൾ, ചികിത്സകൾ, പരിശോധനകൾ എന്നിവയുടെ പട്ടിക പരിശോധിച്ച് അർഹമായ എല്ലാ കാര്യങ്ങളും പട്ടികയിൽ അടിയന്തരമായി ഉൾപ്പെടുത്തണമെന്നും സാങ്കേതിക കാരണങ്ങളാൽ മാത്രം അർഹമായ കേസുകൾ ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ പദ്ധതിപ്രകാരം സഹായം ലഭിക്കുന്ന രോഗങ്ങൾ, ചികിത്സകൾ, പരിശോധനകൾ എന്നിവയുടെ പട്ടിക പരിശോധിക്കുകയും അർഹമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നതിനും സാങ്കേതിക കാരണങ്ങളാൽമാത്രം അർഹമായ കേസുകൾ ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. രോഗങ്ങൾ, ചികിത്സകൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാനതല സമിതിക്ക് മുൻപായി കൂടുന്ന ഡോക്ടർമാർ ഉൾപ്പെടുന്ന സബ് കമ്മിറ്റിയിൽ വച്ച് വ്യക്തത വരുത്തുന്നുണ്ട്. കൂടാതെ സ. ഉ. (സാധ.) നം. 21/2015/നി.വ. തീയതി 13-1-2015 പ്രകാരം കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 27)</u>

സംസ്ഥാനതല സമിതിയുടെ തീരുമാനം ആവശ്യമുള്ള സംഗതികളിൽ ഇക്കാര്യത്തിലെ നടപടികൾ ത്വരിതപ്പെടുത്തി തീരുമാനം എത്രയും വേഗം കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനതല സമിതിയുടെ തീരുമാനം ആവശ്യമുള്ള സംഗതികളിൽ ഓരോന്നും പ്രത്യേക അജണ്ട ഇനമായി ഉൾപ്പെടുത്തി വിശദമായ ചർച്ചയും തീരുമാനം കൈക്കൊള്ളുന്നതിനും ഉള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

<u>ശിപാർശ (ഖണ്ഡിക 28)</u>

അടിയന്തര സാഹചര്യങ്ങളിൽ രോഗി സ്വന്തം ചെലവിൽ മരുന്നുകൾ, പരിശോധനകൾ എന്നിവ നടത്തേണ്ടിവരുമ്പോൾ അത്തരം ചെലവുകൾ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനാകുന്നവിധം പദ്ധതി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അടിയന്തര സാഹചര്യങ്ങളിൽ രോഗി സ്വന്തം ചെലവിൽ വാങ്ങുന്ന മരുന്നുകൾ, നടത്തുന്ന പരിശോധനകൾ എന്നിവയുടെ ചെലവുകൾ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനാകുന്നവിധം പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് ജി. ഒ.(ആർ. റ്റി.) നമ്പർ 714/2012/റ്റി.ഡി. തീയതി 24-9-2012 പ്രകാരം സർക്കാർ ആശുപത്രികളിൽ അടിയന്തര സാഹചര്യങ്ങളിൽ രോഗി സ്വന്തം ചെലവിൽ ചികിത്സകൾ നടത്തേണ്ടിവരുമ്പോൾ ചികിത്സാ ധനസഹായത്തിനായി നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളോടുകൂടി അപേക്ഷ സമർപ്പിച്ച തീയതി കണക്കാക്കി രോഗിയെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുന്നതുവരെയുള്ള ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ പദ്ധതിപ്രകാരം റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നുണ്ട്.

(സർക്കാർ കത്ത് നം. 2179/എച്ച്1/2015/നി.വ., തീയതി 23-9-2015)

(24-10-2016-ലെ യോഗം അംഗീകരിച്ചത്)

## ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

<u>ശിപാർശ (ഖണ്ഡിക 19)</u>

സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ വ്യാപ്തിക്കനുസരിച്ച് ട്രഷറികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്ഥലവും ഫണ്ടും ഉള്ളതും ഭരണാനുമതി ലഭിച്ചതുമായ എല്ലാ ട്രഷറികളുടേയും നിർമ്മാണം ത്വരിതപ്പെടുത്തണമെന്നും പഴയ ട്രഷറി ഓഫീസുകൾ നവീകരിക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക -23)</u>

ട്രഷറികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ലാപ്സാകാതെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും ബഡ്ജറ്റ് വിഹിതം മുൻവർഷത്തേക്കാൾ 50% വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19 & 23)

<u>സ്വീകരിച്ച നടപടി</u>

സ്ഥലവും ഫണ്ടും ഉള്ളതും ഭരണാനുമതി ലഭിച്ചതുമായ എല്ലാ ട്രഷറികളുടേയും നിർമ്മാണവും പഴയ ട്രഷറി ഓഫീസുകളുടെ നവീകരണവും ത്വരിതപ്പെടുത്തുന്നതിന് വേണ്ടിയും ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ലാപ്സാകാതെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി ട്രഷറി വകുപ്പിൽ ഒരു മോണിട്ടർ സംവിധാനം ഏർപ്പെടുത്തണമെന്നുള്ള സബ്കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) ലെ 19,23 എന്നീ ഖണ്ഡികകളിലെ ശിപാർശ പ്രകാരം ട്രഷറി വകുപ്പിൽ ഒരു മോണിറ്ററിംഗ് സെൽ ട്രഷറി ഡയറക്ടറുടെ 31-10-2015-ലെ എ 5/11003/2015 നമ്പർ നടപടി ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ബജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം വിഭവ പരിമിതി കൂടി കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 56445/ഇൻഡ് & പി.ഡബ്ല്യൂ ബി 2/14/ധന. തീയതി: 9-12-2015)

<u>ശിപാർശ (ഖണ്ഡിക -20)</u>

ഒരു പൊതുജന സമ്പർക്ക വകുപ്പെന്ന നിലയിൽ ട്രഷറി ജീവനക്കാരുടെ ട്രെയിനിംഗ് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജീവനക്കാരുടെ കർമ്മശേഷിയും വിവരസാങ്കേതിക വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ട്രഷറി വകുപ്പ് ജീവനക്കാരുടെ കർമ്മ ശേഷിയും വിവരസാങ്കേതിക വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചുവടെ പറയുന്ന പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

1. ഐ.എം.ജി പരിശീലന പരിപാടികൾ (സ്റ്റേറ്റ് ട്രയിനിംഗ് പ്രോഗ്രാം)

സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാം പ്രകാരം 2015-16 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് പരിശീലന കലണ്ടർ അനുസരിച്ച് 32 പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ വർഷവും നടത്തി വരുന്ന ഇത്തരം പരിശീലന പരിപാടികളിൽ ഓരോ വർഷവും 1000 ത്തോളം ട്രഷറി ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു.

2. വിവര സാങ്കേതിക പരിശീലന പദ്ധതി അനുസരിച്ച് താഴെപ്പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം 400 ജീവനക്കാർക്ക് രണ്ട് ഘട്ടങ്ങളിലായി "കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ്" എന്ന വിഷയത്തിൽ, പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

(i) ഉത്തരവ് നം. (സാധാ) 4856/2014 തീയതി 19-6-2014.

(ii) ഉത്തരവ് നം. (സാധാ) 1044/2015 തീയതി 9-2-2015.

ഇതിൽ 2014-15 വർഷത്തിൽ 100 ജീവനക്കാർക്കും 2015-16 വർഷത്തിൽ 60 ജീവനക്കാർക്കും 31-7-2015 വരെ ആകെ 160 പേർക്ക് പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു.

3. ആദായ നികുതി റിട്ടേണുകൾ ഓൺലൈനായി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിവരുന്ന "സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഓൺ ഇ-ഫയലിംഗ്" 2014-15 വർഷത്തിൽ ധനകാര്യ വകുപ്പിന്റെ പരിശീലന സ്ഥാപനമായ സി.റ്റി.എഫ്.എം-ൽ വച്ച് 500-ഓളം ട്രഷറി ജീവനക്കാർക്ക് പ്രത്യേകം പരിശീലനം നൽകിയിട്ടുണ്ട്.

4. ഇത് കൂടാതെ ഐ.എം.ജി. നടത്തിവരുന്ന

(i) ഇന്റർ ഡിപ്പാർട്ട്മെന്റ് പ്രോഗ്രാം

(ii) ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രോഗ്രാം

(iii) മലയാള ഭാഷാ പരിശീലന പരിപാടി

(iv) മലയാളം കമ്പ്യൂട്ടിംഗ് പരിശീലന പരിപാടി

(v) സേവനാവകാശ നിയമവും വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ എന്നിവ ട്രഷറി ജീവനക്കാർക്ക് നൽകി വരുന്നു.

ട്രഷറി ജീവനക്കാരുടെ ഉൽകൃഷ്ടത മുൻനിർത്തി നടത്തി വരുന്ന മേൽപ്പറഞ്ഞ പരിശീലന പരിപാടികൾ നിമിത്തം ജീവനക്കാരുടെ കർമ്മശേഷിയും സേവന സന്നദ്ധതയും വിവര സാങ്കേതിക വിജ്ഞാനവും ഗണ്യമായി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം എല്ലാ പരിശീലന പരിപാടികളും വിജയകരമായി നടന്നു വരുന്നു.

## ശിപാർശ (ഖണ്ഡിക-23)

ട്രഷറികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഓരോ വർഷവും ബഡ്ജറ്റിൽ അനുവദിക്കുന്ന തുക ലാപ്സാകാതെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും ബഡ്ജറ്റ് വിഹിതം മുൻ വർഷത്തേക്കാൾ 50% വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2015-16 ബജറ്റിൽ ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 12 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. (ശീർഷകം 2054-00-095-96). കൂടാതെ കേന്ദ്ര വിഹിതമായി (One time ACA) 8.78 കോടി രൂപയും ലഭിച്ചിട്ടുണ്ട്. (4059-01-051-65). സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിൽ ഉള്ള പഴയ കെട്ടിടങ്ങൾ പുതുക്കുന്നതിനുമായി 18 പുതിയ കെട്ടിടങ്ങളുടെയും 5 ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനുമായി സർക്കാരിൽ നിന്ന് ഭരണാനുമതി വാങ്ങുന്നതിനായി കെട്ടിട നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളുടെ DPR തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് പുൽപ്പള്ളി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ PWD തയ്യാറാക്കിയ പ്ലാൻ ട്രഷറി വകുപ്പ് അംഗീകരിച്ച് തിരിച്ച് നൽകിയിട്ടുണ്ട്. ബാക്കി ട്രഷറികളുടെ പ്ലാനും എസ്റ്റിമേറ്റുകളും തയ്യാറാക്കി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം ഇതിനോടകം നൽകിക്കഴിഞ്ഞു. പ്രസ്തുത DPR ലഭിക്കുന്ന മുറയ്ക്ക് ട്രഷറി ഡയറക്ടർ നിർദ്ദേശം സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതാണ്. കൂടാതെ സബ്ട്രഷറി മലയിൻകീഴ്, ചാത്തന്നൂർ, ചടയമംഗലം, ശാസ്താംകോട്ട, മാന്നാർ, മുണ്ടക്കയം, പള്ളിക്കത്തോട്, അടൂർ, പൈനാവ്, വടക്കാഞ്ചേരി, പുൽപ്പള്ളി, പഴയങ്ങാടി, കൊളച്ചേരി, ചട്ടഞ്ചാൽ, പെൻഷൻ പേയ്മെന്റ് സബ്ട്രഷറി കൊല്ലം, പെൻഷൻ പേയ്മെന്റ് സബ്ട്രഷറി എറണാകുളം, ജില്ലാ ട്രഷറി മട്ടന്നൂർ തുടങ്ങിയ പുതിയ ട്രഷറികളുടെ നിർമ്മാണവും കമ്പനാട്, നെടുങ്കണ്ടം, തൊടുപുഴ, രാജകുമാരി, ചാവക്കാട് എന്നീ സബ് ട്രഷറികളുടെ നവീകരണവും നടന്നു വരുന്നു. ഓരോ വർഷവും ബജറ്റിൽ അനുവദിക്കുന്ന തുക ലാപ്സാകാതെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഇപ്പോഴത്തെ ബജറ്റ് വിഹിതം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് പര്യാപ്തമാണ്. ഏതെങ്കിലും ഘട്ടത്തിൽ ബജറ്റ് വിഹിതം അപര്യാപ്തമെന്ന് ബോദ്ധ്യപ്പെട്ടാൽ അധികമായി അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ (ഖണ്ഡിക-24)

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ സാധാരണക്കാരിലെത്തിക്കുന്നതിനായി ഗ്രാമീണമേഖലയിൽ പുതിയ ട്രഷറികൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗ്രാമീണ മേഖലയിൽ 2012 മുതൽ 16 സബ്ട്രഷറികൾ ആരംഭിക്കവാൻ വകപ്പിന് കഴിഞ്ഞിട്ടുണ്ട്. എരുമേലി, കറവിലങ്ങാട്, എടവണ്ണ, കോട്ടയ്ക്കൽ, ചെറുപുഴ, കടപ്പനക്കന്ന്, നൂറനാട്, മുരിയ്ക്കാശ്ശേരി, തൃശ്ശൂർ മെഡിക്കൽ കോളേജ്, മുതുകുളം, കളമശ്ശേരി, വേങ്ങര, മാലക്കല്ല്, എടക്കര, വെള്ളനാട്, നടവയൽ എന്നിവയാണ് പ്രസ്തുത ട്രഷറികൾ. കൂടാതെ കുരാച്ചുണ്ട്, പാവറട്ടി, ചിറ്റാർ, ചങ്ങനാശ്ശേരി പെൻഷൻ പേയ്മെന്റ് സബ്ട്രഷറി, കന്ദമംഗലം, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നീ സബ്ട്രഷറികൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

കൂടാതെ ട്രഷറി വകപ്പിൽ ഇപ്പോൾ നടന്നുവരുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും പൂർത്തിയാകുമ്പോൾ നിലവിലുള്ള ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുകയും ഇടപാടുകൾ എവിടെ നിന്നും എപ്പോൾ വേണമെങ്കിലും സുഗമമായി നടത്തുന്നതിനും സാധിക്കുന്നതാണ്.

(സർക്കാർ കത്ത് നം. 56445/എസ്റ്റാ. ഡി 3/15/ധന. തീയതി : 8-12-2015)

[ 24-10-2016-ലെ യോഗം അംഗീകരിച്ചത്]

<u>ശിപാർശ (ഖണ്ഡിക-21)</u>

ട്രഷറി ഇടപാടുകളുടെ വേഗതയും സുതാര്യതയും ട്രഷറി സേവനങ്ങളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകർക്ക് ആവശ്യമായ തുക മാത്രം പിൻവലിക്കുന്നതിനുമായി ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തണമെന്നും, ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടി, നിലവിലുള്ള സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനു മുന്നോടിയായി ട്രഷറി സേവിംഗ്സ് ബാങ്കിനെ കോർബാങ്കിംഗ് സംവിധാനത്തിലേക്ക് മാറ്റേണ്ടതുണ്ട്. കൂടാതെ ട്രഷറി നെറ്റ്‌വർക്കിംഗും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ട്രഷറി കോർബാങ്കിംഗിനാവശ്യമായ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. നെറ്റ് വർക്കിംഗും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 5 ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ATM സ്ഥാപിക്കുന്നതിനായി ഒരു തവണ ടെണ്ടർ വിളിച്ചുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. ട്രഷറി സേവിംഗ്സ് ബാങ്കിനെ കോർബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തിവരുന്നു.

<u>ശിപാർശ (ഖണ്ഡിക-22)</u>

ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും പൊതുജനങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനും ബാങ്ക് റേറ്റിനേക്കാൾ കൂടുതൽ പലിശ നൽകണമെന്നും ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുവാൻ പ്രചരണ പരിപാടികൾ ആവിഷ്കരിക്കണമെന്നും ജീവനക്കാർക്ക് നൽകിവരുന്ന ഇൻസെന്റീവ് തുക വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും പൊതുജനങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനും ബാങ്ക് നിരക്കിലും കൂടുതൽ പലിശ ഇപ്പോൾ നൽകി വരുന്നുണ്ട്. കൂടുതൽ പലിശ നൽകിവരുന്ന സാഹചര്യത്തിൽ പ്രചാരണ നടപടികൾക്കും മറ്റുമായി ഇനിയും കൂടുതൽ തുക ചെലവാക്കുന്നത് അഭിലഷണീയമല്ല.

<u>ശിപാർശ (ഖണ്ഡിക-25)</u>

ട്രഷറിയുടെ സാമ്പത്തികസ്ഥിതി മോശമാകുന്നത് സർക്കാരിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ട്രഷറിയിലേക്ക് പണമെത്തിക്കാൻ കേരളത്തിന്റെ മാത്രം സവിശേഷതയായ ട്രഷറി സേവിംഗ്സ് ബാങ്ക് ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കുടുംബശ്രീ പോലുള്ള സർക്കാർ ഏജൻസികൾ എന്നിവയുടെ ഫണ്ടുകൾ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽത്തന്നെ നിക്ഷേപിക്കണമെന്ന് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടുകൾ ട്രഷറിയേക്കാൾ ഉയർന്ന പലിശ ലഭിക്കുന്ന സാഹചര്യങ്ങളിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂയെന്നും അല്ലാത്തപക്ഷം ട്രഷറിയിൽത്തന്നെ നിക്ഷേപിക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള പലിശ നിരക്കിനേക്കാൾ കൂടുതൽ പലിശ നൽകി പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും അത്യാവശ്യ സന്ദർഭങ്ങളിൽ നിക്ഷേപങ്ങൾ സ്വീകരിക്കാറുമുണ്ട്.

### ശിപാർശ (ഖണ്ഡിക-26)

ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായും ട്രഷറിയിലെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമായോ എന്ന് വിലയിരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് യോഗങ്ങൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സോഷ്യൽ ഓഡിറ്റ് യോഗങ്ങൾ ട്രഷറി തലത്തിൽ സംഘടിപ്പിച്ച് സേവിംഗ്സ് ബാങ്ക് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ട്രഷറിയുടെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമായോ എന്നു വിലയിരുത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

### ശിപാർശ (ഖണ്ഡിക-27)

ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ട് വഴിയാക്കണമെന്നും മിച്ചമുള്ള പണം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും പെൻഷൻകാരുടെയും ശമ്പളം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്. തങ്ങളുടെ ശമ്പളവും പെൻഷനും ബാങ്ക് അക്കൗണ്ടുവഴി നൽകണമെന്ന് നിർദ്ദേശിക്കുന്ന ഗസറ്റഡ് ഓഫീസർമാർക്കും പെൻഷൻകാർക്കും മാത്രമേ അപ്രകാരം നൽകുന്നുള്ളൂ. ഭൂരിഭാഗം ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും പെൻഷൻകാരും ഇക്കാര്യത്തിൽ ട്രഷറി അക്കൗണ്ടുകളെതന്നെയാണ് ആശ്രയിക്കുന്നത്. സംസ്ഥാനത്തെ എല്ലാ നോൺ ഗസറ്റഡ് ജീവനക്കാരുടേയും ശമ്പളം, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സംവിധാനം നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

### ശിപാർശ (ഖണ്ഡിക-28)

വിവിധ സർക്കാർ വകുപ്പുകളുടെ പണം വാണിജ്യബാങ്കുകളിലേക്ക് കൊണ്ടുപോകുന്ന പ്രവണത വ്യാപകമാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയത് നിരുത്സാഹപ്പെടുത്തണമെന്നും വാണിജ്യ-റവന്യൂ നികുതി പിരിവുകൾ ഊർജ്ജിതമാക്കണമെന്നും വകുപ്പുകളുടെ പണം ട്രഷറിയിൽ തന്നെ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ പണം ട്രഷറിയിൽത്തന്നെ നിക്ഷേപിക്കണമെന്നും ബാങ്കുകളിൽ നിക്ഷേപിക്കരുതെന്നും കർശന നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പണം ബാങ്കുകളിൽ നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി ധനകാര്യ (പരിശോധന) വിഭാഗവും നടപടികൾ കൈക്കൊള്ളുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഫണ്ടുകളും ഇപ്പോൾ ട്രഷറിയിലാണ് നിക്ഷേപിക്കുന്നത്. പദ്ധതിനിർവ്വഹണത്തിനനുസരിച്ച് മാത്രമേ ട്രഷറി അക്കൗണ്ടിൽ നിന്ന് പദ്ധതി നിർവ്വഹണ ഏജൻസികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നുള്ളൂ. നികുതി പണം ട്രഷറിയിൽത്തന്നെയാണ് ഇപ്പോഴും നിക്ഷേപിക്കുന്നത്.

ശിപാർശ (ഖണ്ഡിക-29)

സർക്കാരിന്റെ വിഭവ സമാഹരണത്തിനും സ്വതന്ത്രമായ ധനനയരൂപീകരണത്തിനുമുള്ള ഒരു ഉപാധിയാണ് ട്രഷറി സേവിംഗ്സ് ബാങ്ക് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളോടൊപ്പം ട്രഷറി സേവിംഗ്സ് ബാങ്കും കാലോചിതമായി പരിഷ്കരിക്കുന്നതിനായി സ്വീകരിക്കാവുന്ന നടപടികൾ സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളോടൊപ്പം ട്രഷറി സേവിംഗ്സ് ബാങ്ക് കിടപിടിക്കുന്നതിലേക്ക് അനവധി സേവനങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. കോർ ബാങ്കിംഗ് സംവിധാനം

ഈ ആധുനിക കാലഘട്ടത്തിൽ ട്രഷറി സേവിംഗ്സ് ബാങ്ക് നവീകരിക്കുന്നതിന് കോർ ബാങ്കിംഗ് സംവിധാനം അത്യന്താപേക്ഷിതമാണ്. കേന്ദ്രീകൃത അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കി അക്കൗണ്ട് ഉടമകൾക്ക് ഏതു ട്രഷറിയിലും പണമൊടുക്കുവാനും പിൻവലിക്കുവാനും കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നതാണ്. ആയതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കി വരുന്നുണ്ട്.

2. ATM സേവനം

ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ ട്രഷറി അക്കൗണ്ടുള്ളവർക്ക് നാഷണലൈസ്ഡ് ബാങ്കുകളുടെ ATM ഉപയോഗിക്കാനുള്ള അവസരം ലഭ്യമാക്കുന്നതും പരിശോധിക്കുന്നതാണ്.

3. Internet Banking Facility

സർക്കാരിലേക്കുള്ള എല്ലാ പണമൊടുക്കലും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർക്ക് ഫീസുകളൊന്നും ഈടാക്കാതെ തന്നെ ഓൺലൈനായി ഒടുക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തുന്ന കാര്യവും പരിഗണനയിലാണ്.

4. SMS സംവിധാനം

1. നിക്ഷേപകർക്ക് അവരുടെ അക്കൗണ്ടിലേക്കുള്ള വരവ്, ചെലവ്, മുതലായ വിവരങ്ങളും, പെൻഷൻകാർക്ക് "Mustering due" ആകുന്ന വിവരവും നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

5. Locker സംവിധാനം

ട്രഷറികളിലെ സ്ട്രോങ്ങ് റൂമുകൾ ഉപയോഗിച്ച് രേഖകളും മറ്റുവിലപ്പെട്ട വസ്തുക്കളും ഏറ്റവും സുരക്ഷിതമായി സൂക്ഷിക്കാവുന്നതാണ്.

ശിപാർശ (ഖണ്ഡിക-30)

സംസ്ഥാനത്തെ പ്രവൃത്തികളുടെ കരാർ തുകയുടെ ഒരു വിഹിതം ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കരാറുകാർ അടയ്ക്കേണ്ട ഏണസ്റ്റ് മണി ഡെപ്പോസിറ്റ് തുകയുടെ 50% ട്രഷറി സ്ഥിരനിക്ഷേപമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇതു സംബന്ധിച്ച് G.O. (P) No. 104/2014/Fin. Dated: 14-3-2014 ആയതു പ്രകാരം ഏണസ്റ്റ് മണി ഡെപ്പോസിറ്റ് തുകയുടെ 25% ട്രഷറി നിക്ഷേപമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-31)

സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപത്തിന്റെ കാലാവധി 5 വർഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപത്തിന്റെ കാലാവധി 5 വർഷമായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ ശിപാർശ സഹകരണബാങ്കുകളുമായി കൂടിയാലോചിച്ച ശേഷം തീരുമാനിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക-32)

ഇ-ട്രഷറികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നടത്തുന്നതിന് സൗകര്യമൊരുക്കുന്ന ആധുനിക സംവിധാനമാണ്

ഇ-ട്രഷറി. ട്രഷറി സന്ദർശിക്കാതെതന്നെ പണമൊടുക്കുന്നതിനും സ്വീകരിക്കുന്നതിനും ഇടപാടുകാർക്ക് ഇതുവഴി സാധ്യമാകുന്നു. സർക്കാരിന്റെ വരവ് ചെലവുകൾ ഓൺലൈൻ മുഖാന്തരം നടപ്പിലാക്കി സേവനം പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുകയാണ് ഇ-ട്രഷറി സാങ്കേതിക വിദ്യയിലൂടെ ലക്ഷ്യമാക്കുന്നത്. 30-7-2014 തീയതിയിലെ സ.ഉ. (പി) നം. 310/14/ധന. ഉത്തരവ് പ്രകാരം ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നു. 42 സർക്കാർ വകുപ്പുകളെയും 12 ബാങ്കുകളെയും ഇ-ട്രഷറി സംവിധാനത്തിൽ സംയോജിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബാങ്കുകളിൽ നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഇടപാടുകാർക്ക് മേൽപ്പറഞ്ഞ സർക്കാർ വകുപ്പുകളിലെ സേവനങ്ങൾക്കായി ഇ-ട്രഷറി വഴി ഓൺലൈനായി പണമൊടുക്കി ആവശ്യമായ സർക്കാർ സേവനങ്ങൾ സ്വീകരിക്കുവാൻ സാധിക്കുന്നു. നിലവിൽ 400 കോടിയിലധികം രൂപ വിവിധ വകുപ്പുകളിലായി ഇ-ട്രഷറി മുഖാന്തിരം സ്വീകരിച്ച് സർക്കാർ അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ വകുപ്പുകളെയും ബാങ്കുകളെയും ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. കൂടാതെ, റിസർവ് ബാങ്കിനെ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച് ഓൺലൈനായി കണക്കുകൾ ലഭ്യമാക്കുന്ന സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

<u>വകുപ്പുകൾ</u>

1. വനം വകുപ്പ്
2. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി
3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
4. ലോട്ടറി
5. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്
6. ട്രഷറി
7. ഡ്രഗ്സ് കൺട്രോളർ
8. മൈനിംഗ് ആന്റ് ജിയോളജി
9. രജിസ്ട്രേഷൻ
10. മോട്ടോർ വാഹന വകുപ്പ്
11. എക്സൈസ്
12. റവന്യൂ വകുപ്പ്
13. ആഭ്യന്തര വകുപ്പ്

14. ലീഗൽ മെട്രോളജി
15. പൊതു വിദ്യാഭ്യാസം
16. കോളേജിയേറ്റ് വിദ്യാഭ്യാസം
17. സാങ്കേതിക വിദ്യാഭ്യാസം
18. സ്റ്റേഷനറി
19. പൊതുവിതരണം
20. വ്യവസായവും വാണിജ്യവും
21. സഹകരണം
22. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്
23. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
24. ക്ഷീരവികസന വകുപ്പ്
25. ആരോഗ്യം
26. ഹയർസെക്കന്ററി വിദ്യാഭ്യാസം
27. ഫിഷറീസ്
28. ഭൂജലം
29. ഹാർബർ എഞ്ചിനീയറിംഗ്
30. ജയിൽ
31. പഞ്ചായത്ത്
32. പൊതുമരാമത്ത്
33. പട്ടികജാതി വികസനം
34. ടൂറിസം
35. ഭക്ഷ്യ സുരക്ഷ
36. മെഡിക്കൽ വിദ്യാഭ്യാസം
37. ജലഗതാഗതം

38. ജുഡീഷറി

39. സോയിൽ കൺസർവേഷൻ

40. കൃഷി

41. വാണിജ്യ നികുതി

42. മ്യൂസിയവും മൃഗശാലയും വകുപ്പ്.

## ശിപാർശ (ഖണ്ഡിക-33)

ഭൂവുടമസ്ഥതാകൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് പരമ്പരാഗത മുദ്രപത്രങ്ങളെ ഒഴിവാക്കി കമ്പ്യൂട്ടറധിഷ്ഠിതമായി നടപ്പാക്കുന്ന 'ഇ-സ്റ്റാംമ്പിംഗ്' പദ്ധതി അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പും ട്രഷറി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം ട്രഷറി വകുപ്പിലും രജിസ്ട്രേഷൻ വകുപ്പിലും നടന്നു വരുന്നു.

## ശിപാർശ (ഖണ്ഡിക-34)

ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കണമെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

Integrated Financial Management System സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. IFMS-ന്റെ ഭാഗമായി ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. ശമ്പളബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി, സംസ്ഥാനത്തെ ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സ്വന്തമായി മാറിയെടുക്കുന്ന Self Drawing Officer System നിർത്തലാക്കുകയും അതിന്റെ ചുമതല ബന്ധപ്പെട്ട ഓഫീസിന്റെ Drawing and Disbursing Officer (DDO) ന് നൽകുകയും ചെയ്തിട്ടുണ്ട്. ട്രഷറിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ കാര്യമായ കുറവു വരുത്തുന്നതിനും ട്രഷറി അക്കൗണ്ടിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇതു വഴി സാധിക്കുന്നു.

ട്രഷറി കോർബാങ്കിംഗിനാവശ്യമായ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കോർബാങ്കിംഗ് സംവിധാനത്തിലൂടെ ട്രഷറികളിലെ അക്കൗണ്ടുകളെ

പരസ്പരം ബന്ധിപ്പിക്കുന്നതിനും അതുവഴി ട്രഷറി അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ എല്ലാ ട്രഷറിയിലും നിന്ന് ഇടപാടുകൾ നടത്തുന്നതിനും സാധിക്കുന്നതാണ്. മേൽ സൗകര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനായി സമ്പൂർണ്ണതലത്തിലുള്ള ട്രഷറി നെറ്റ്‌വർക്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

RBI യുമായുള്ള Integration -ഉം പുരോഗമിക്കുന്നു. സർക്കാരിന്റെ പണം ട്രഷറിയിൽ നിന്നും വിതരണം ചെയ്യുന്നതിൽ RBI-യുടെ e-kuber സംവിധാനം പ്രാവർത്തികമാക്കുന്നതിന്റെ ആദ്യപടിയായി ധനകാര്യവകുപ്പിലെ ബാങ്കുവഴി ശമ്പളം സ്വീകരിക്കുന്ന ജീവനക്കാർക്ക് e-kuber സംവിധാനം വഴി e-treasury യിലൂടെ 2015 ഒക്ടോബർ മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടുണ്ട്.

Centralised Pension Management System ന്റെ സോഫ്റ്റ് വെയർ നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു. LSGD, PWD, PFMS (Public Financial Management System) ഇടങ്ങിയവയുമായുള്ള Integration നടന്നു വരുന്നു.

<u>ശിപാർശ (ഖണ്ഡിക-35)</u>

സർക്കാരിന്റെ നൂതന പദ്ധതികളായ ഇ-ട്രഷറി, കോർ ബാങ്കിംഗ്, ഇ-സ്റ്റാംമ്പിംഗ്, എ.ടി.എം എന്നിവ നടപ്പിലാക്കുന്നതിനും സർക്കാരിന്റെ മാനേജ്മെന്റ് കൃത്യമായി നടപ്പിലാക്കുന്നതിനും ട്രഷറി പ്രവർത്തനങ്ങളുടെയും ഇടപാടുകളുടെയും സുരക്ഷിതത്വം മുൻനിർത്തി മതിയായ സെക്യൂരിറ്റി സംവിധാവനവും 24 മണിക്കൂറും പ്രവർത്തനക്ഷമമായ നെറ്റ്‌വർക്കിംഗും അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ട്രഷറി നെറ്റ്‌വർക്കിംഗ് സംവിധാനം അടിയന്തരമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ട്രഷറികളുടെ ആധുനികവത്കരണത്തിനും, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രഷറി ഇടപാടുകൾ വേഗത്തിലും സുതാര്യമായും നടപ്പിലാക്കുന്നതിനും സുരക്ഷിതമായ ട്രഷറി നെറ്റ്‌വർക്കിംഗ് അത്യന്താപേക്ഷിതമാണ്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. BSNL, KELTRON ഇടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇതു സംബന്ധിച്ച പണികൾ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശിപാർശ (ഖണ്ഡിക-36)</u>

ട്രഷറികളിൽ നിലവിലുള്ള സേവിംഗ് ബാങ്ക് സിസ്റ്റത്തെ കോർ ബാങ്കിംഗ് സമ്പ്രദായത്തിൽ കൊണ്ടുവരുന്ന പദ്ധതിയാണ് ട്രഷറി കോർബാങ്കിംഗ് സിസ്റ്റം. നിലവിൽ കേരളത്തിലെ എല്ലാ ട്രഷറികളിലും സേവിംഗ് ബാങ്ക് സൗകര്യമുണ്ട്. എന്നാൽ ഏത് ട്രഷറിയിലാണോ അക്കൗണ്ട് ആരംഭിച്ചത് അവിടെ മാത്രമേ ഇടപാട് നടത്തുവാൻ

സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളോടൊപ്പം ട്രഷറി സേവിംഗ്സ് ബാങ്കും കാലോചിതമായി പരിഷ്കരിക്കുന്നതിന് ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം അടിയന്തരമായി നടപ്പിലാക്കണമെന്നും പ്രവർത്തന പുരോഗതി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്കിന്റെ ഏറ്റവും വലിയ പരിമിതി സേവിംഗ്സ് ബാങ്ക് ഇടപാടുകൾ ഓരോ ട്രഷറികളിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു എന്നുള്ളതാണ്. ഇത് മറികടക്കുന്നതിനും ഇടപാടുകാർക്ക് ഏത് ട്രഷറിയിൽ കൂടിയും പണം നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനും കഴിയുന്നതരത്തിൽ കോർ ബാങ്കിംഗ് സമ്പ്രദായം ട്രഷറിയിൽ ഏർപ്പെടുത്തിവരുന്നു. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ NIC വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാകുന്നതോടുകൂടി ഇതിന്റെ പ്രവർത്തനവും ആരംഭിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക-37)</u>

പെൻഷൻകാരുടെ നിക്ഷേപമാണ് ട്രഷറിയിൽ പ്രധാനമായും ഉള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. മുതിർന്ന പൗരൻമാർക്കും ജനറൽ വിഭാഗത്തിലുള്ളവർക്കും ട്രഷറി നിക്ഷേപങ്ങൾ എത്ര ശതമാനം വീതമാണുള്ളതെന്ന് കണക്കെടുക്കണമെന്നും പെൻഷൻ പേയ്മെന്റ് ട്രഷറികളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും എ.ടി.എമ്മുകളും ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മുതിർന്ന പൗരൻമാർക്കും ജനറൽ വിഭാഗത്തിലുള്ളവർക്കും ട്രഷറി നിക്ഷേപം എത്ര ശതമാനം വീതമാണുള്ളതെന്നതിനെപ്പറ്റിയുള്ള കണക്കെടുപ്പ് സംബന്ധിച്ച നടപടികൾ ട്രഷറി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. പെൻഷൻകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിലേയ്ക്കായി പെൻഷൻ പേയ്മെന്റ് സബ്ട്രഷറികളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

<u>ശിപാർശ (ഖണ്ഡിക-38)</u>

ട്രഷറി സേവിംഗ്സ് ബാങ്കിനെ പബ്ലിക് അക്കൗണ്ടുമായി ബന്ധപ്പെടുത്തി കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നയം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ട്രഷറി സേവിംഗ്സ് ബാങ്കിലെ തുക പബ്ലിക് അക്കൗണ്ടിൽ തന്നെയാണ് നിലനിൽക്കുന്നത്. ഈ പണത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിന് അല്ലാത്തതിനാൽ താൽക്കാലികമായ ക്യാഷ് മാനേജ്മെന്റിനു മാത്രമേ ഈ നിക്ഷേപം വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. ട്രഷറിയിൽ ലഭിക്കുന്ന സ്ഥിരനിക്ഷേപം പ്രയോജനപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നം . 56445/എസ്. എൽ 3/2015/ധന. തീയതി: 26.11.2015)

## ചെക്ക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

<u>ശിപാർശ (ഖണ്ഡിക 23)</u>

തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ മാത്രമാണ് സംയോജിത ചെക്ക്പോസ്റ്റുകൾ ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും ആധുനിക സൗകര്യങ്ങളോടെയുള്ള സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ എല്ലാം സംയോജിത ചെക്കപോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കാസർകോഡ് ജില്ലയിൽ ബംഗ്ര മഞ്ചേശ്വരത്ത് സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് 9.35 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സമയബന്ധിതമായി സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണത്തിനായി NATPAC-നെ ഒരു Project Management Consultancy ആയി അംഗീകരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഒരു സർക്കാർ അംഗീകൃത ഏജൻസി മുഖാന്തിരം നിർമ്മാണം നടത്തി സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

വാളയാർ സംയോജിത ചെക്ക്പോസ്റ്റിനായി കണ്ടെത്തിയ ഭൂമി നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിയുടെ ശിപാർശ പ്രകാരം പാരിസ്ഥിതികാഘാതം ഉള്ളതിനാൽ മറ്റൊരു ഭൂമി അടിയന്തരമായി കണ്ടെത്തി സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ വാളയാർ (ഔട്ട്) വാണിജ്യ നികുതി വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും ആയതിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിലേക്ക് 7,27,60,000 (ഏഴ് കോടി ഇരുപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

ആര്യങ്കാവിൽ നിലവിലുള്ള ചെക്ക്പോസ്റ്റ് നവീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റിനായി ഭൂമി ഏറ്റെടുക്കുന്നതിനായി വാണിജ്യനികുതി വകുപ്പ് കണ്ടെത്തിയ ഭൂമിയുടെ ഉടമസ്ഥാവകാശികളുടെ വിവരങ്ങൾ ലഭ്യമാക്കാനായി റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 24)

എല്ലാ ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ സമ്പ്രദായത്തിലാക്കണമെന്നും ഇ-ഡിക്ലറേഷൻ സംവിധാനം കർശനമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റായി ചെക്ക്പോസ്റ്റിൽ തുക ഈടാക്കുന്ന സമ്പ്രദായം ഓൺലൈനാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ 50 എണ്ണം ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്നു. കൂടുതൽ ചെക്ക് പോസ്റ്റുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ശിപാർശ (ഖണ്ഡിക 25)

ഭാഷയുടെ ലാളിത്യത്തിലൂടെ കൂടുതൽ സുതാര്യത സാധാരണ നികുതിദായകന് ലഭ്യമാക്കി സർക്കാരിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് നികുതി നിയമങ്ങളും ചട്ടങ്ങളും ഫോറങ്ങളും മലയാളത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നികുതി നിയമങ്ങളും ചട്ടങ്ങളും ഫോറങ്ങളും മലയാളത്തിലാക്കുന്നതിലേക്ക് ഒരു സമിതി വാണിജ്യ നികുതി കമ്മീഷണറേറ്റിൽ രൂപീകരിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 26)

കേരളത്തിലെ എല്ലാ ചെക്ക്പോസ്റ്റുകളിലും സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം അടിയന്തരമായി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നും ആയതിനായി നിയമനിർമ്മാണം അടിയന്തരമായി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

താത്ക്കാലിക ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ വാണിജ്യ നികുതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 82 ചെക്ക്പോസ്റ്റുകളും സംയോജിത ചെക്ക്പോസ്റ്റുകളാക്കുന്നതിന് ആവശ്യമായ സ്ഥലമെടുപ്പ് സർക്കാരിന് ബൃഹത്തായ സാമ്പത്തിക ബാധ്യത വരുത്തുന്നതാണ്.

ശിപാർശ (ഖണ്ഡിക 27)

എല്ലാ ചെക്ക്പോസ്റ്റുകളിലും മൊബൈൽ വെഹിക്കിൾ സ്കാനിംഗ് യൂണിറ്റ് ഉൾപ്പെടെയുള്ള സ്കാനർ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്കാനിംഗ് സംവിധാനം സ്ഥാപിക്കുന്നത് വാണിജ്യ നികുതി വകുപ്പിനെ സംബന്ധിച്ച് ചരക്കുകളുടെ പരിശോധനയ്ക്ക് പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. മാത്രവുമല്ല ഭീമമായ ചെലവും ഗുരുതരമായ ചെലവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാകുമെന്നും കണ്ടെത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 28)

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി എല്ലാ ചെക്ക്പോസ്റ്റുകളിലും വെയ്ബ്രിഡ്ജ് സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ വ്യാപ്തി അടിസ്ഥാനമാക്കി പ്രധാനപ്പെട്ടതും സ്വന്തമായി ഭൂമി കൈവശമുള്ളതുമായ ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 29)

ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്നും സ്ഥിരമായ പോലീസ് സംരക്ഷണത്തോടെ ശക്തമായി സുരക്ഷാ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരളത്തിൽ ആകെയുള്ള 82 വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ 38 എണ്ണവും അടിയന്തര സാഹചര്യം കണക്കിലെടുത്ത് താത്ക്കാലികമായി സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്. വാളയാർ, അമരവിള, മുത്തങ്ങ മുതലായ ചെക്ക്പോസ്റ്റുകൾ ഒഴികെ മറ്റൊരിടത്തും സുരക്ഷയ്ക്കായി പോലീസിനെ സ്ഥിരമായി നിയോഗിച്ചിട്ടില്ല. അടിയന്തര സാഹചര്യത്തിൽ പോലീസ് സംരക്ഷണം വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ ലഭിക്കുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 30)

ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം കൂട്ടി വിജിലൻസ് മിന്നൽ പരിശോധന ശക്തമാക്കി കള്ളക്കടത്ത് തടയുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

സംസ്ഥാനത്ത് നിലവിൽ 79 ഇന്റലിജൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകളുടെ എണ്ണം 82 ആണ്. വാഹനപരിശോധനയാണ് സ്ക്വാഡുകളുടെ മുഖ്യമായ ജോലി. കൂടാതെ കടപരിശോധന, ചെക്ക്പോസ്റ്റ് ഓവർടേക്ക്, ഓവർചെക്കിംഗ് റെയിൽവേ പാഴ്സൽ ഓഫീസ് പരിശോധന മുതലായവയും സ്ക്വാഡുകളുടെ ചുമതലയിൽപ്പെട്ടതാണ്. കൂടാതെ സംസ്ഥാന അതിർത്തിയിൽ ഉടനീളം ധാരാളം ബൈറൂട്ടുകൾ നിലവിലുണ്ട് അവയിലൂടെയും ധാരാളം ചരക്ക് വാഹനങ്ങൾ കേരളത്തിനുള്ളിലേക്ക് കടന്നുവരുന്നു. ഇവയും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. നിലവിലുള്ള വിഭവശേഷി ഉപയോഗിച്ച് പരമാവധി ജാഗ്രത പുലർത്തിവരുന്നുണ്ട്. സ്ക്വാഡുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആയത് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. പ്രധാന ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 31)

സത്യസന്ധവും കാര്യക്ഷമവുമായ സേവനം ചെക്ക് പോസ്റ്റിൽ ഉറപ്പുവരുത്തുന്നതിന് പുതുതായി ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുവാനും തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഇപ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും അവിടെ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ക്ലാർക്ക്/ഇൻസ്പെക്ടർ/വാണിജ്യ നികുതി ഓഫീസർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. യുടെ കീഴിൽ തുടർച്ചയായി ട്രെയിനിംഗ് നൽകി വരുന്നു. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് മേൽനോട്ടം നൽകുന്നതിനായി മാത്രം ഒരു അസിസ്റ്റന്റ് കമ്മീഷണർ ആഫീസ് തന്നെ പ്രവർത്തിക്കുന്നുണ്ട്. കഴിവും ജോലിയോട് ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തുന്ന ജീവനക്കാരെയാണ് ചെക്ക്പോസ്റ്റുകളിൽ നിയമിക്കാറുള്ളത്. സത്യസന്ധരായ ഉദ്യോഗസ്ഥരെ മൂന്ന് വർഷമെങ്കിലും നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിപാർശ (ഖണ്ഡിക 32)

ചെക്ക്പോസ്റ്റ് ജീവനക്കാർക്ക് സർക്കാർ ചെലവിൽ താമസസൗകര്യവും ടോയ്ലെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നും അതോടൊപ്പം ചെക്ക്പോസ്റ്റിൽ ഭക്ഷണശാല, റിക്രിയേഷൻ സെന്ററുകൾ, വിശ്രമ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ വാളയാർ, അമരവിള, ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റുകളിലെ ജീവനക്കാർക്ക് സർക്കാർ ചെലവിൽ താമസസൗകര്യവും കുടുംബശ്രീ വഴി ഭക്ഷണവും നൽകിവരുന്നുണ്ട്.

<u>ശിപാർശ (ഖണ്ഡിക 33)</u>

എല്ലാ ചെക്ക്പോസ്റ്റുകളിലും ചരക്ക് വാഹനങ്ങളിലെ ഡ്രൈവർമാർക്കും തൊഴിലാളികൾക്കും വിശ്രമിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾക്കുമായുള്ള കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലേക്ക് ഏറ്റവും കൂടുതൽ ചരക്കുഗതാഗതം നടക്കുന്ന വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളായ വാളയാർ, അമരവിള, മഞ്ചേശ്വരം എന്നിവിടങ്ങളിൽ സർക്കാർ ചെലവിൽ കംഫർട്ട് സ്റ്റേഷനുകൾ, ചരക്കുവാഹന ജീവനക്കാർക്കായി നിലവിലുണ്ട്. കൂടുതൽ ചെക്ക്പോസ്റ്റുകളിലേക്ക് സർക്കാർ ചെലവിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ കൂടി ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 34)</u>

വ്യാപാരികൾക്ക് അനധികൃത നികുതി ഇളവ് നൽകുകയോ കൃത്യമായി വാഹനങ്ങൾ പരിശോധിച്ച് നികുതി ചുമത്താതിരിക്കുകയോ ചെയ്ത് സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ ചരക്കുകടത്തുകാരുമായി ചേർന്നു സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതായി തെളിയിക്കപ്പെടുന്ന കേസുകളിലും വ്യാപാരികൾക്ക് അനധികൃത നികുതി ഇളവ് നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അനധികൃതമായി ചരക്ക് കടത്തുന്ന യാത്രാവാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്ന കാര്യം ഗതാഗത വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

<u>ശിപാർശ (ഖണ്ഡിക 35)</u>

നികുതിവെട്ടിച്ച് സംസ്ഥാനത്തേക്ക് സാധനങ്ങൾ കൊണ്ടുവരുന്ന യാത്രാവാഹനങ്ങളുടെയും ചരക്ക് വാഹനങ്ങളുടെയും പെർമിറ്റ് റദ്ദാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനധികൃതമായി ചരക്ക് കടത്തുന്ന യാത്രാ വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്ന കാര്യം ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

ശിപാർശ (ഖണ്ഡിക 36)

ചെക്ക്പോസ്റ്റുകളുടെ സുരക്ഷാ ചുമതല ഏതെങ്കിലും സുരക്ഷാ ഏജൻസിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൊതുസ്വത്തിനും സർക്കാർ സംവിധാനങ്ങൾക്കും സുരക്ഷ നൽകുന്നതിന് പോലീസ് വകുപ്പിന് ചുമതലയുണ്ട്.

ശിപാർശ (ഖണ്ഡിക 37)

ചെക്ക്പോസ്റ്റുകൾ മറികടന്നുള്ള കള്ളക്കടത്ത് തടയാൻ ജനകീയ പങ്കാളിത്തം ഉറപ്പാക്കി ചെക്ക്പോസ്റ്റുകളെ ഓരോ മേഖലകളായി തിരിച്ച് ഓരോ മേഖലകളിലും ജാഗ്രതാ സമിതി രൂപീകരിക്കണമെന്നും ജനപങ്കാളിത്തത്തോടെ കള്ളക്കടത്ത് തടയാനുള്ള പദ്ധതി രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശിപാർശ സംബന്ധിച്ച് നടപടി എടുക്കുന്നതിന് വാണിജ്യ നികുതി വകുപ്പിലെ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 38)

നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്ന കേസുകളിൽ ജീവനക്കാർക്ക് ഇൻസെന്റീവ് നൽകണമെന്നും ഉദ്യോഗസ്ഥർക്കുള്ള അലവൻസുകളിൽ വർദ്ധന വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 39)

കൈക്കൂലിക്കും നികുതി വെട്ടിപ്പിനും കാരണമാകുന്ന പ്രേരകശക്തികളിൽ നിന്നും മോചിപ്പിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ കർശനമായും നിരോധിത മേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

<u>ശിപാർശ (ഖണ്ഡിക 40)</u>

നികുതി വെട്ടിപ്പ് തടയുന്നതിനായി എല്ലാ വിമാനത്താവളങ്ങളിലും റെയിൽവേസ്റ്റേഷനുകളിലും വില്പന നികുതി ഉദ്യോഗസ്ഥരുടെ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ തിരുവനന്തപുരത്തും, എറണാകുളത്തും റെയിൽവേ സ്റ്റേഷനുകളിൽ വാണിജ്യ നികുതി കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ കൗണ്ടറുകൾ ആരംഭിക്കുവാനുള്ള നടപടികൾ റെയിൽവേ അധികൃതരുമായി ചേർന്ന് നടത്തി വരുന്നു. തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ വിമാനത്താവളങ്ങളിൽ കൗണ്ടറുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 41)</u>

എല്ലാ ചെക്ക്പോസ്റ്റുകളിലും സി.സി.ടി.വി. സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകൾ ഏറ്റെടുത്ത് പരിശോധന നടത്താറുണ്ട്. കൂടാതെ ഓവർ ചെക്കിംഗ് പാഴ്സൽ പരിശോധന തുടങ്ങിയവയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചുമതലയാണ്. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 43)</u>

<u>വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, മഞ്ചേശ്വരം.</u>

ചെറുകിട വാഹനങ്ങളും ചരക്ക് വാഹനങ്ങളും പരിശോധിക്കുന്നതിനുവേണ്ടി രണ്ട് പ്രത്യേക കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മഞ്ചേശ്വരം വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ നിലവിൽ ഒരു അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെ 44 ജീവനക്കാരാണ് ജോലി ചെയ്യുന്നത്. ഗ്രീൻ ചാനൽ ഉൾപ്പെടെ 4 കൗണ്ടറുകളാണ് പ്രവർത്തിക്കുന്നത്.

ശിപാർശ (ഖണ്ഡിക 44)

പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാണിജ്യ നികുതി വകുപ്പ് സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്ത് ഒരു പ്ലാറ്റ്ഫോം നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 45)

കൂടുതൽ സ്ഥലസൗകര്യങ്ങൾ, ഗോഡൗൺ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗോഡൗൺ, കൂടുതൽ സൗകര്യങ്ങൾ എന്നിവ സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 46)

ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് തുടങ്ങിയ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രത്യേകമായി ഒരു ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കേണ്ട സാഹചര്യമില്ല.

ശിപാർശ (ഖണ്ഡിക 47)

സ്ഥിരമായ കണ്ടെയ്നർ ക്യാബിൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കണ്ടെയ്നർ ക്യാബിൻ സ്ഥാപിക്കുന്ന കാര്യത്തിൽ ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 48)

24 മണിക്കൂർ പ്രവർത്തിക്കുന്ന പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ ഉടൻ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളതാണ്. ആയതിലേക്ക് സ്ഥിരം പോലീസുകാരെ നിയമിക്കാൻ ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 49)

ജനറേറ്റർ സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ചെക്ക്പോസ്റ്റിൽ പുതുതായി ജനറേറ്റർ സ്ഥാപിച്ചു.

ശിപാർശ (ഖണ്ഡിക 56)

മുത്തങ്ങ വാണിജ്യ നികുതി ചെക്ക്പോസ്റ്റ്

മുത്തങ്ങ വാണിജ്യ നികുതി ചെക്ക്പോസ്റ്റിന്റെ സമീപത്തുള്ള ഒരു ഏക്കർ അമ്പത് സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കാൻ 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ടി ഭൂമിയുടെ അടിസ്ഥാന വിലയായ 7,27,60,000 രൂപ വയനാട് ഡെപ്യൂട്ടി കളക്ടർ (എൽ.എ)-യ്ക്ക് കൈമാറുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് കൈമാറുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 57)

കൂടുതൽ പോലീസ് സേനയെ നിയോഗിച്ച് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ പോലീസിന്റെ ഒരു ചെക്കിംഗ് സ്റ്റേഷൻ മുത്തങ്ങയിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് ശക്തിപ്പെടുത്തുന്നതിലേക്കായി കൂടുതൽ പോലീസ് സേനാംഗങ്ങളെ നിയോഗിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 58)

ആഴ്ചയിൽ രണ്ടു മൂന്നു തവണയെങ്കിലും കർശനമായ പോലീസ് പട്രോളിംഗ് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശക്തമായി പോലീസ് പട്രോളിംഗ് നടത്തുന്നതിന് വേണ്ടി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 60)</u>

<u>വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, കുമിളി</u>

വാഹനങ്ങൾ വരുന്നത് കാണത്തക്ക രീതിയിൽ ചെക്ക് പോസ്റ്റിന്റെ ഓഫീസിനായി ഒരു മൂന്നുനില ഫ്ലാറ്റും പാർക്കിംഗ് ഏര്യയും പണിയുന്നതിന് വനം വകുപ്പുമായി ഒരു സംയുക്ത യോഗംചേർന്ന് വനം വകുപ്പിന്റെ 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വനം വകുപ്പുമായി ബന്ധപ്പെട്ട് 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 61)</u>

വെയ്ബ്രിഡ്ജ്/ഹൈഡ്രോളിക് ബാരിക്കേഡ് നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പുതുതായി വേയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു ഹൈഡ്രോളിക് ബാരിക്കേഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 62)</u>

ശ്മശാനത്തിനുസമീപമുള്ള വീടിനോട് ചേർന്നുള്ള വഴിയിൽ വലിയ മതിൽ നിർമ്മിക്കുന്നതിന് നിലവിലുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മതിൽ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. തമിഴ്നാടുമായി അതിർത്തി പങ്കിടുന്നതിനാൽ നിലവിൽ നിർമ്മാണ പ്രവർത്തനം നടത്താൻ സാധ്യമല്ല. ആയതിനുള്ള തടസ്സം നീക്കാൻ തമിഴ്നാടുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 63)</u>

ഈ ചെക്ക്പോസ്റ്റിൽ ഒരു വാഹനം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കമിളി ചെക്ക്പോസ്റ്റിനോടനുബന്ധിച്ച് നിലവിൽ ഒരു ഇന്റലിജൻസ് സ്ക്വാഡിനെ അനുവദിച്ചിട്ടുണ്ട്. ഇവരുടെ വാഹനം ചെക്ക്പോസ്റ്റ് ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നു.

<u>ശിപാർശ (ഖണ്ഡിക 65)</u>

<u>വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, ചിന്നാർ</u>

ചെക്ക്പോസ്റ്റിലേക്ക് വൈദ്യുതി ലഭ്യതയ്ക്കായി താത്കാലിക സംവിധാനമെന്ന നിലയിൽ ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിനും, വൈദ്യുതി സ്ഥിരമായി ലഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സോളാർ വൈദ്യുതി പാനൽ സ്ഥാപിച്ചിട്ടുണ്ട്. സ്ഥിരമായി വൈദ്യുതി ലഭിക്കുന്നതിലേക്ക് വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 66)</u>

3 വാണിജ്യ നികുതി ഇൻസ്പെക്ടർമാർക്കു പുറമെ ഒരു വാണിജ്യ നികുതി ഇൻസ്പെക്ടറെക്കൂടി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ജീവനക്കാരുടെ കുറവുമൂലം ഒരു ഇൻസ്പെക്ടറുടെ അധിക സേവനം നൽകുവാൻ സാധിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 67)</u>

ചിന്നാർ വാണിജ്യ നികുതി ചെക്ക്പോസ്റ്റിന് യാർഡ്, പ്ലാറ്റ്ഫോം എന്നീ സംവിധാനങ്ങൾ ഉൾപ്പെടെ ഒരു പുതിയ കെട്ടിടം നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വനം വകുപ്പിന്റെ അനുമതിക്കായി നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ചിന്നാർ ചെക്ക്പോസ്റ്റ് മറയൂരിലേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 68)

വൈദ്യുതി ലഭ്യമാകുന്ന മുറസ്സ് ടെലിഫോൺ കണക്ഷൻ, കമ്പ്യൂട്ടർ എന്നിവ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടെലിഫോൺ, കമ്പ്യൂട്ടർ എന്നിവ അനുവദിക്കണമെന്ന സമിതി ശിപാർശ വൈദ്യുതി ലഭിക്കുന്ന മുറസ്സ് സാധ്യമാകുന്നതാണ്.

ശിപാർശ (ഖണ്ഡിക 69)

വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, കമ്പംമേട്

പ്ലാറ്റ്ഫോം, നവീകരിച്ച വെയ്ബ്രിഡ്ജ്, പുതിയ കെട്ടിടം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്പംമേട്ടിൽ വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിലേക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെട്ടിടം, യാർഡ്, ക്വാർട്ടേഴ്സ് എന്നിവ പണിയുന്നതിലേക്ക് 34 ലക്ഷം രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 70)

ഒരു യാർഡ് നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 71)

സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 72)

കമ്പംമേട് മുതൽ ചെന്നൈക്കുളം വരെയുള്ള അതിർത്തി പ്രദേശം മതിൽ കെട്ടി അടയ്ക്കുന്നതിന് തമിഴ്നാട് സർക്കാരിന്റെയും വനം വകുപ്പിന്റെയും അനുമതി തേടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്പംമേട് മുതൽ ചെന്നൈക്കളം വരെയുള്ള മതിൽ പണിയുന്നതിന് 38.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതാണ്. എന്നാൽ അതിർത്തി തിരിച്ച് മതിൽ കെട്ടി അടയ്ക്കാൻ തമിഴ്നാട് സർക്കാരിന്റെയും ഫോറസ്റ്റിന്റേയും അനുമതി ആവശ്യമുള്ളതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 73)

വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, ബോഡിമെട്ട്

പുതിയ ചെക്ക്പോസ്റ്റ് പ്ലാറ്റ്ഫോം, വെയ്ബ്രിഡ്ജ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെന്റർ നടപടികൾ ത്വരിതപ്പെടുത്തി പണി അടിയന്തരമായി പൂർത്തിയാക്കണമെന്നും ഇപ്പോഴുള്ള കെട്ടിടം ജീവനക്കാരുടെ ക്വാർട്ടേഴ്സുമായി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പുതിയ ചെക്ക്പോസ്റ്റ് പ്ലാറ്റ്ഫോം, വെയ്ബ്രിഡ്ജ് എന്നിവ പി.ഡബ്ല്യൂ.ഡി. വഴി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 74)

ഓഫീസ് ജോലികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ പ്രസ്തുത ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ വളരെ കുറച്ചു വാഹനങ്ങൾ മാത്രമേ ഈ ചെക്ക്പോസ്റ്റിലൂടെ കടന്നുപോകുന്നുള്ളൂ. കൂടാതെ ജീവനക്കാരുടെ അപര്യാപ്തതമൂലം കൂടുതൽ പേരെ നിയമിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 75)

പോലീസിന്റെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ അത്യാവശ്യ സാഹചര്യങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാകാറുണ്ട്.

ശിപാർശ (ഖണ്ഡിക 77)

ആര്യങ്കാവ് ചെക്ക്പോസ്റ്റ്, കൊല്ലം

തെന്മലയിലുള്ള 8 ഏക്കർ സ്ഥലത്ത് സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തെന്മലയിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനായി 8 ഏക്കർ ഭൂമി (സർവ്വേ നമ്പർ 1/6, 1/7 തെന്മല വില്ലേജ്, പത്തനാപുരം താലൂക്ക്) വാണിജ്യ നികുതി വകുപ്പിന് കൈമാറി. എന്നാൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഭൂമിയുടെ ഉടമസ്ഥതയിൽ അവകാശം ഉന്നയിച്ചതിനെ തുടർന്ന് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തെ സമീപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചു. വനഭൂമി ഏറ്റെടുക്കുന്നതിനായി 8 ഏക്കർ ഗവൺമെന്റ് ഭൂമി വനവത്കരണത്തിനായി കണ്ടെത്താൻ ആവശ്യപ്പെട്ടു. അനുയോജ്യമായ ഭൂമി ഗവൺമെന്റിന് ലഭ്യമല്ലായെന്ന കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിനെ തുടർന്ന് മറ്റെവിടെയെങ്കിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

വനഭൂമി ഏറ്റെടുക്കുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ നിലവിലുള്ള ചെക്ക്പോസ്റ്റ് നവീകരിച്ച് സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 79)</u>

ചരക്കുവാഹനങ്ങൾ പരിശോധിക്കുന്നതിന് മാസ്ക്, സ്നിഫർഡോഗ് സ്ക്വാഡ് സേവനം എന്നിവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പരിഗണിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 80)</u>

യാർഡ്, വെയ്ബ്രിഡ്ജ്, സ്കാനർ സൗകര്യം എന്നിവ ചെക്ക്പോസ്റ്റിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ചെക്ക്പോസ്റ്റ് ഒരു സംയോജിത ചെക്ക്പോസ്റ്റായി സ്ഥാപിക്കുന്ന മുറയ്ക്ക് യാർഡ്, വെയ്ബ്രിഡ്ജ് ഉടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 81)</u>

ബൈറൂട്ടുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി മാമ്പഴത്തറയിലും, അച്ചൻകോവിലിലും ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അച്ചൻകോവിലിൽ നിലവിൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 19326/സി3/2015/നിവ., തീയതി 9-5-2016)

ശിപാർശ (ഖണ്ഡിക 54)

മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, തലപ്പാടി - കുഞ്ചത്തൂർ

കർണ്ണാടക അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഈ ചെക്ക് പോസ്റ്റിന് ധാരാളം സമാന്തര പാതകൾ ഉണ്ട്. ഈ പാതകളിൽ കൂടി വാഹനങ്ങൾ നികുതി വെട്ടിച്ച് കടന്നു പോകുന്നത് ചെക്ക് പോസ്റ്റിലെ റവന്യൂ കളക്ഷനെ സാരമായി ബാധിക്കുന്നുണ്ട്. ഈ കള്ളക്കടത്ത് തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ കാരണം ജീവനക്കാർക്ക് കഴിയാതെ വരുന്നതായും മോട്ടോർ വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന എണ്ണം കണക്കിലെടുത്താൽ ഈ വാഹനങ്ങൾ പരിശോധിക്കുന്നതിനുള്ള ജീവനക്കാരുടെ എണ്ണം തുലോം കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, രണ്ട് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, മൂന്ന് പ്യൂൺമാർ, ഒരു സ്വീപ്പർ എന്നിവരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളെ സംയോജിപ്പിച്ചുകൊണ്ട് സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ അധീനതയിലുള്ള തലപ്പാടി- കുഞ്ചത്തൂർ (മഞ്ചേശ്വരം മോട്ടോർ വാഹന ചെക്ക് പോസ്റ്റ്) ചെക്ക് പോസ്റ്റ് ഉൾപ്പെടുന്ന മഞ്ചേശ്വരത്തും സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതാണ്. സംയോജിത ചെക്ക് പോസ്റ്റ് പ്രവർത്തനമാരംഭിക്കുമ്പോൾ മോട്ടോർ വാഹന വകുപ്പിൽ നിന്നും അധികമായി ജീവനക്കാരെ നിയമിക്കേണ്ടതുണ്ടോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശിപാർശ (ഖണ്ഡിക 55)

പരിശോധനകൾക്കായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ റോഡതിർത്തി വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മോട്ടോർ വാഹന വകുപ്പിന്റെ അധീനതയിലുള്ള തലപ്പാടി - കുഞ്ചത്തൂർ (മഞ്ചേശ്വരം മോട്ടോർ വാഹന ചെക്ക് പോസ്റ്റ്) ചെക്ക് പോസ്റ്റ് ഉൾപ്പെടുന്ന മഞ്ചേശ്വരത്ത് സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതാണ്. സംയോജിത ചെക്ക് പോസ്റ്റ് സംവിധാനത്തിൽ

പരിശോധനകൾക്കായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള ക്രമീകരണമുൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സർക്കാർ കത്ത് നമ്പർ 1537/സി1/2016/ഗതാഗതം, തീയതി 30-7-2016)

ശിപാർശ (ഖണ്ഡിക 83)

കോന്നി, പുനലൂർ തുടങ്ങിയ ഡിവിഷനുകളിലെ വനമേഖലയിലെ തടികൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള സാധ്യതയുള്ളതിനാൽ ആര്യങ്കാവിലെ വനംവകുപ്പിന്റെ ചെക്ക് പോസ്റ്റ് അവിടെത്തന്നെ തുടരുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആര്യങ്കാവിലെ വനംവകുപ്പിന്റെ ചെക്ക് പോസ്റ്റ് അവിടെത്തന്നെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 22/ബി1/2016/വനം, തീയതി 22-8-2016)

(24-10-2016-ലെ യോഗം അംഗീകരിച്ചത്)

## മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

ശിപാർശ (ഖണ്ഡിക 44)

മദ്യപരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് അംഗീകൃത ഡി-അഡീഷൻ സെന്ററുകളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാക്കണമെന്നും നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഡി-അഡീഷൻ സെന്ററുകൾക്ക് സർക്കാർ ധനസഹായം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് സൈക്യാട്രിസ്റ്റുകൾ നിലവിലുള്ള താലൂക്ക് ആശുപത്രികളിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഹരിമുക്തി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ സൗജന്യമായിട്ടാണ് ചികിത്സ നൽകി വരുന്നത്.

ശിപാർശ (ഖണ്ഡിക 45)

സൗജന്യ ഡി-അഡീഷൻ/മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് എൻ.ആർ.എച്ച്.എം. ഫണ്ടും അവരുടെ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ ഇത്തരം പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിന് ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെയും സഹകരണം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സൗജന്യ ഡി-അഡീക്ഷൻ സെന്ററുകൾ സംഘടിപ്പിക്കുന്നതിന് പരിമിതികൾ ഉണ്ട്. ലഹരി മരുന്നുകൾക്കും, മദ്യത്തിനും അടിമപ്പെട്ടവർക്ക് 21 ദിവസമെങ്കിലും തുടർച്ചയായി മനോരോഗ വിദഗ്ദ്ധന്റെ നേതൃത്വത്തിലുള്ള ചികിത്സ ആവശ്യമാണ്. എൻ.ആർ.എച്ച്.എം.ഫണ്ട് ഉപയോഗിച്ച് ലഹരിമുക്തി കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മാനസികാരോഗ്യ രംഗത്തെ വിദഗ്ദ്ധരുടെ സേവനം ആവശ്യമുണ്ട്. മാനസികാരോഗ്യ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം ഈ രംഗത്ത് പരിമിതികൾ സൃഷ്ടിക്കുന്നു. എന്നിരുന്നാലും സർക്കാർ പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് താലൂക്ക് ജില്ലാ ആശുപത്രികളിൽ മാനസികരോഗ യൂണിറ്റുകൾ തുടങ്ങാൻ നടപടി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളുടെ സൈക്യാട്രി വിഭാഗത്തിലും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിലും, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലാ ആശുപത്രികളിലും, കൊട്ടാരക്കര, കരുനാഗപ്പള്ളി എന്നീ താലൂക്ക് ആശുപത്രികളിലും നിലവിൽ സൗജന്യ ഡി-അഡിക്ഷൻ ചികിത്സ ലഭ്യമാണ്.

ശിപാർശ (ഖണ്ഡിക 46)

മദ്യാസക്തരെയും മദ്യ വിമുക്തി നേടിയവരെയും സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിന് പ്രചരണത്തിനുപരിയായി മെഡിക്കൽ കോളേജുകളിലെ മനഃശാസ്ത്രവിഭാഗത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

മെഡിക്കൽ കോളേജുകളിലെ മനഃശാസ്ത്രവിഭാഗത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 47)

പ്ലസ്ടു തലം വരെ എല്ലാ സ്കൂളുകളിലും ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഭ്യമാക്കുന്നതിനും എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും താലൂക്ക് ജില്ലാ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ഡി-അഡീഷൻ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്കൂൾ ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വ്യാപകമായി മാനസികാരോഗ്യ പരിപാടികൾ ജില്ലകളിലെ മെന്റൽ ഹെൽത്ത് പ്രോഗ്രാം മുഖേന നടന്ന് വരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 33953/ഇ 1/2014/ആ.ക.വ., തീയതി 9-3-2016)

ശിപാർശ (ഖണ്ഡിക 39)

കേരളത്തിൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 1980-ൽ 19 വയസ്സായിരുന്നതിൽ നിന്നും ഇപ്പോൾ 13 വയസ്സിൽ എത്തി നിൽക്കുന്നത് ആശങ്ക ഉയർത്തുന്നു. ഭാവിതലമുറ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ആസക്തിയിലേക്ക് വഴുതി വീഴുന്നത് തടയേണ്ടത് അനിവാര്യമായതിനാൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മദ്യാസക്തി വർദ്ധിക്കുന്നത് തടയുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഒരു മാർഗ്ഗരേഖയുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് മദ്യപാനംമൂലമുണ്ടാകുന്ന രോഗങ്ങൾ, സാമ്പത്തിക ബാധ്യതകൾ, കുടുംബ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ചാ ക്ലാസ്സുകൾ, ഫോട്ടോ പ്രദർശനം, ലഘുലേഖകൾ വിതരണം ചെയ്യൽ, ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കൽ, മാജിക് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കണമെന്നും മദ്യം, മയക്കമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ ഇല്ലായ്മ ചെയ്യുന്നതിന് മദ്യവിരുദ്ധ സംഘടനകൾ, കൗൺസിലേഴ്സ്, ചൈൽഡ് സൈക്യാട്രി രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരുടെ അഭിപ്രായം ആരായണമെന്നും സ്കൂൾ അസംബ്ലി സമയം മദ്യവിരുദ്ധ ബോധവൽക്കരണത്തിനുകൂടി ഉപയോഗിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മദ്യാസക്തിക്കും മയക്കമരുന്ന് ഉപയോഗത്തിനുമെതിരായി നടപ്പിലാക്കേണ്ട ബോധവൽക്കരണ പരിപാടികൾ സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും 29-10-2014-ന് നമ്പർ എ 4/69607/2014/ഡിപിഐ. സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്കൂൾ അസംബ്ലി സമയം മദ്യവിരുദ്ധ ബോധവൽക്കരണത്തിനുകൂടി ഉപയോഗിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം തടയുന്നതിന്റെ ഭാഗമായി ടി പ്രശ്നം സ്കൂൾ പി.ടി.എ. യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും, പോലീസ്, പി.ടി.എ., സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് മുതലായവയുടെ സഹായത്തോടെ അവയുടെ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉണ്ടാക്കുന്ന ദോഷവശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഫോട്ടോ പ്രദർശനം, ചർച്ചാ ക്ലാസ്സുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. പുകയില ഉൽപ്പന്നങ്ങൾ സ്കൂൾ പരിസരത്തെ കടകളിൽ വിൽക്കുന്നത് നിരോധിക്കുന്നതിനായി പോലീസിന്റെ സഹായം തേടിയിട്ടുണ്ട്. പി.ടി.എ., എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ ടി വിഷയം സംബന്ധിച്ച് ക്യാമ്പ് നടത്തുകയും ആയതിലേക്കായി പ്രിൻസിപ്പൽ, സ്റ്റാഫ് സെക്രട്ടറി, അദ്ധ്യാപക പ്രതിനിധി, പി.ടി.എ. പ്രസിഡന്റ്, എക്സൈസ് ഇൻസ്പെക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

<u>ശിപാർശ (ഖണ്ഡിക 42)</u>

സ്കൂളുകളിൽ അദ്ധ്യയന സമയത്തിനിടയ്ക്ക് കുട്ടികൾ അനുവാദമില്ലാതെ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് പോകുന്നതും സ്കൂൾ കോമ്പൗണ്ടിലെ ഒഴിഞ്ഞ സ്ഥലങ്ങളിൽ കൂട്ടുകൂടുന്നതും തടയുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പുറത്തുപോകാൻ അനുവദിക്കാറില്ല. ഇന്റർവെൽ സമയത്തും മറ്റും ക്ലാസ്സ് മുറികളിൽ നിന്ന് പുറത്തുപോകുന്ന വിദ്യാർത്ഥികളെ നിരീക്ഷിക്കുവാൻ അദ്ധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കിടയിലുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ അവരിൽ നിന്നുതന്നെ ഒരു വിജിലൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 48612/ജി2/14/പൊ.വി.വ., തീയതി 4-5-2016)

<u>ശിപാർശ (ഖണ്ഡിക 58)</u>

മദ്യത്തിന് പകരം ഇളനീരിന്റെ മഹത്വം, ജനങ്ങളെ അറിയിക്കുന്നതിനും ലഹരി രഹിത പാനീയമായ 'നീര' പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വീര്യം കൂടിയ മദ്യത്തിന്റെ വില്പന നിരുത്സാഹപ്പെടുത്തുന്നതിന് വീര്യം കുറഞ്ഞ മദ്യം ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വൈനിന്റെയും ബിയറിന്റെയും നികുതി കുറയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് നീര ഉല്പാദനത്തിന് അനുമതി നൽകി 14-2-2014-ലെ ജി.ഒ.(പി)27/2014/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, The Kerala Sweet Toddy (NEERA) Rules 2014 പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റൂൾ പ്രകാരം, നാളികേര വികസന ബോർഡിനുകീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/ഫെഡറേഷൻ, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയ്ക്ക് നീര ഉല്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കൃഷി-എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തി കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര-നീര ബോർഡ് രൂപീകരിച്ചുകൊണ്ട് 13-5-2014-ലെ ജി.ഒ.(എംഎസ്.)66/2014/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നീര ഉല്പാദനം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പുറപ്പെടുവിച്ച 22-6-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.)111/2015/കൃഷി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരഫെഡിനുകൂടി നീര ഉല്പാദന ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാമ്പത്തിക മേഖലയിൽ പൊതുവെയുള്ള മാന്ദ്യംമൂലം നികുതി വളർച്ച നിരക്കിൽ വന്ന കുറവും, സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ബാർ ഹോട്ടലുകൾ അടച്ചതിന്റെയും ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലകൾ 2014-15-ലെ മദ്യനയത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിന്റെയും ഫലമായി നികുതി വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് നികത്തുന്നതിന് Kerala Taxation Laws Amendment Act, 2014 പ്രകാരം ബിയർ, വൈൻ എന്നിവയുടെ നികുതി നിരക്ക് 50%-ൽ നിന്ന് 8-10-2014 മുതൽ 70% ആയി ഉയർത്തിയിട്ടുണ്ട്. മറ്റു വിദേശമദ്യത്തിന്റെ നികുതി നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ബിയർ, വൈൻ എന്നിവയുടെ നിലവിലെ നികുതി നിരക്ക് കുറവാണ്. നിലവിൽ, ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ ബിവറേജസ് കോർപ്പറേഷൻ വാങ്ങൽ വില നൽകുന്ന വിദേശമദ്യത്തിന്റെ നികുതി നിരക്ക് 135%-വും ഇവയിൽ ഉൾപ്പെടാത്ത വിദേശമദ്യത്തിന്റെ നികുതി നിരക്ക് 125%-ഉം ആകുന്നു.

(സർക്കാർ കത്ത് നമ്പർ 24283/ജി1/14/നി.വ. തീയതി 22-12-2015)

(24-10-2016-ലെ യോഗം അംഗീകരിച്ചത്)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

### ശിപാർശ (ഖണ്ഡിക 1)

2040-00 -101-99 -04(4) ലാ ഓഫീസർ—യാത്രാ ചെലവുകൾ- അവധിയാത്രാനുകൂല്യം

2013-14 സാമ്പത്തിക വർഷം അവധി യാത്രാനുകൂല്യം നൽകുന്നതിനായി ഇതുവരെയുള്ള ചെലവ് 54,000 രൂപയാണ്. ഇപ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ച തുക തുലോം കുറവായതിനാൽ 56,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രാരംഭത്തിലനുവദിച്ച 17,000 രൂപ ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### ശിപാർശ (ഖണ്ഡിക 2)

2040 -00 -101 -97-05(1)വാണിജ്യ നികുതി ഓഫീസ് ചെലവുകൾ -വെള്ളക്കരം

2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്നും ഇതുവരെ വെള്ളക്കരം ഇനത്തിൽ 6,76,044 രൂപ ചെലവായെന്നും സമിതി മനസ്സിലാക്കുന്നു. 2014-15-ൽ അനുവദിച്ച തുക തുലോം കുറവായതിനാൽ 7.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രാരംഭമായനുവദിച്ച 5.32 ലക്ഷം രൂപ കൂടാതെ ജി.ഒ. (ആർറ്റി.) നമ്പർ 7301/14/ഫിൻ. തീയതി 23-9-2014 പ്രകാരം അധികമായി 5 ലക്ഷം രൂപ കൂടി അനുവദിച്ച് നൽകിയിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക 3)

2040 -00 -101 -97-04(2)-യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത

ഈ ശീർഷകത്തിൽ ഇതുവരെ 8,29,160 രൂപ ചെലവായതിനാലും ചെലവ് ഇനിയും വർദ്ധിക്കാൻ സാധ്യതയുള്ളതുകൊണ്ടും സ്ഥലംമാറ്റബത്ത ഇനത്തിൽ 12.8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാരംഭമായനുവദിച്ച 4 ലക്ഷം രൂപ കൂടാതെ ജി.ഒ. (ആർറ്റി.) നമ്പർ 7301/14/ഫിൻ. തീയതി 23-9-2014 പ്രകാരം അധികമായി 5 ലക്ഷം രൂപ കൂടി അനുവദിച്ചുനൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 4 )

2040 -00 -101 -97-05(2)—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവുകൾ

2013-14 സാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള വൈദ്യുതി ചെലവ് 49,93,083 രൂപയാണ്. 2014-15-ൽ വൈദ്യുതി ചെലവ് കൂടുവാൻ സാധ്യതയുള്ളതിനാലും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാലും 37.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാരംഭമായനുവദിച്ച 172.8 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 5)

2040 -00 -101 -97-21(2)— മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയിൽ കൂടുതൽ ചെലവ് വന്നതിനാലും ഇതുവരെ 66,74,708 രൂപ ചെലവായതിനാലും ചെലവ് ഇനിയും വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാരംഭമായനുവദിച്ച 62.1 ലക്ഷം രൂപ കൂടാതെ ജി.ഒ. (ആർറ്റി.) നമ്പർ 7301/14/ഫിൻ. തീയതി 23-9-2014 പ്രകാരം അധികമായി 15 ലക്ഷം കൂടി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 6 )

2040 -00 -101 -97-01(4)—ശമ്പളം - മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

2013-14 സാമ്പത്തിക വർഷത്തിൽ ഇതുവരെ 54,94,823 രൂപ ഇനത്തിൽ ചെലവായിട്ടുള്ളതിനാലും ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാലും 23.77 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ചുകിട്ടിയ 49.5 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 7)

2040 -00 -101 -97-02— വേതനം

2013-14 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ഇതുവരെ 3,00,92,483 രൂപ ചെലവായതിനാലും ഇനിയും കൂടുതൽ തുക ഈ ശീർഷകത്തിൽ നിന്നും ചെലവാകുവാൻ സാധ്യതയുള്ളതിനാലും 22.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ചുകിട്ടിയ 339.2 ലക്ഷം രൂപ പൂർണ്ണമായും ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 8)

2040 -00 -101 -97- 45 —പി.ഒ.എൽ

2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക തികയാത്തതിനാൽ 25 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഈ ശീർഷകത്തിൽ ഇതുവരെ 2,15,95,100 രൂപ ചെലവായതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 85.4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ചുകിട്ടിയ 273.6 ലക്ഷം രൂപ പൂർണ്ണമായും ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 9)

2040 -00 -101 -94- 19— കമ്പ്യൂട്ടർവത്കരണം - യന്ത്രോപകരണങ്ങൾ

2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക തികയാത്തതിനാൽ 23 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരിക്കുന്നതിനാലും ഇതുവരെ ഈ ഇനത്തിൽ 3,59,93,810 രൂപ ചെലവായതിനാലും ഇനിയും കൂടുതൽ

ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഇപ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമല്ല ആയതിനാൽ 200 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ചുകിട്ടിയ 380 ലക്ഷം രൂപ പൂർണ്ണമായും ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. വകുപ്പിനുവേണ്ടി കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ മൊത്തമായി വാങ്ങുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സമിതി ശിപാർശ ചെയ്ത തുക ഉടൻതന്നെ അനുവദിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക 10)

2040 -00 -101 -94- 02—വേതനം

2013-14 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതുവരെയുള്ള ചെലവ് 45,85,000 രൂപയാണ്. 2014-15 സാമ്പത്തിക വർഷം ഈ ഇനത്തിൽ ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ചുകിട്ടിയ 60 ലക്ഷം രൂപ പൂർണ്ണമായും ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 11)

4059-01 -051 -75 -16 വാണിജ്യ നികുതി വകുപ്പ് - വൻകിട മരാമത്ത് പണികൾ
(ധനാഭ്യർത്ഥന നമ്പർ XV)

കണ്ണൂരിൽ പുതിയ വാണിജ്യനികുതി കാര്യാലയം, വാളയാറിൽ നിലവിലുള്ള സംവിധാനത്തിൽ സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം, മഞ്ചേശ്വരം സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണം, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ വെയ്ബ്രിഡ്ജുകളോടുകൂടിയ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ, പെർള ചെക്ക് പോസ്റ്റിൽ വെയിംഗ് ബ്രിഡ്ജും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന്, എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ അനുബന്ധ ഓഫീസ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്, വയനാട്ടിൽ പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് എന്നീ പദ്ധതി പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയും 4475 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പണികൾക്ക് ആവശ്യമായ തുക അവയുടെ പുരോഗതി അനുസരിച്ച് രണ്ടാം സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് മുഖേന അനുവദിച്ചുകിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(1) കണ്ണൂരിൽ പുതിയ വാണിജ്യ നികുതി കാര്യാലയം സ്ഥാപിക്കുന്നതിന് കേരള ദിനേശ് ബീഡി കോപ്പറേറ്റീവ് സൊസൈറ്റിയുടെ 36 സെന്റ് വസ്തു ഏറ്റെടുക്കുന്നതിലേക്ക് 2.5 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മുത്തങ്ങയിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് 7.26 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

(3) പെർള ചെക്ക് പോസ്റ്റിൽ വെയ്ബ്രിഡ്ജ്കളോടുകൂടിയ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് അംഗീകാരം കിട്ടിയത് നടപ്പിലാക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്.

(4) കോട്ടയത്ത് അനുബന്ധ ഓഫീസ് പണിയുന്നതിന് 6.20 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(5) വാളയാറിൽ നിലവിലുള്ള സംവിധാനത്തിൽ ചെക്ക് പോസ്റ്റ് നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(6) മഞ്ചേശ്വരത്ത് ബി.എസ്.എൻ.എൽ. തയ്യാറാക്കിയ 14.5 കോടിയുടെ എസ്റ്റിമേറ്റിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അംഗീകൃത ഏജൻസിയെക്കൊണ്ട് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) വഴിക്കടവിൽ 8.31 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് നടപടികൾ ആരംഭിക്കാൻ മലപ്പുറം കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(8) ആര്യങ്കാവിൽ നിലവിലുള്ള ചെക്ക് പോസ്റ്റ് സംയോജിത ചെക്ക് പോസ്റ്റാക്കി മാറ്റുന്നതിലേക്ക് ഗവൺമെന്റ് അംഗീകൃത ഏജൻസിയെക്കൊണ്ട് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ കൊല്ലം ഡെപ്യൂട്ടി കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(9) എറണാകുളം അനുബന്ധ ഓഫീസ് പണിയുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(10) വയനാട്ടിൽ ബോട്ട് ഇൻലാന്റ് ഏറ്റെടുക്കുന്നതിലേക്ക് വയനാട് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(11) വാളയാറിൽ നിർമ്മിതി കേന്ദ്രംവഴി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 141 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 12)

2040 -00 -800 -98—കച്ചവടക്കാരുടെ ക്ഷേമനിധി -36-സഹായധനം - ശമ്പളേതരം

വ്യാപാരി ക്ഷേമനിധി ബോർഡിൽ 60 വയസ്സ് കഴിഞ്ഞതും തുടർച്ചയായി 10 വർഷം പുതുക്കിയിട്ടുള്ളതും കച്ചവട ലൈസൻസ് ഉള്ളവർക്കും അവരുടെ ക്ലാസിനനുസരിച്ച് പെൻഷൻ നൽകി വരുന്നു. 1-4-2013-ൽ സി, ഡി ക്ലാസുകളിൽ യഥാക്രമം 100 രൂപ, 250 രൂപ വർദ്ധനവ് പെൻഷനിൽ വരുത്തിയത് 2014-15 കാലയളവിൽ നൽകേണ്ടി വരുന്നതിനാൽ 700 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

5 കോടി രൂപ 2014-15 അവസാന ബാച്ച് സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ അനുവദിച്ച് നൽകി.

(സർക്കാർ കത്ത് നമ്പർ 18385/സി3/14/നിവ, തീയതി 30-10-2015 )

ശിപാർശ (ഖണ്ഡിക 52)

2075 - 00 -800 -98—രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി വിഹിതം

അക്കാദമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും ഡീസൽ ATF ലേക്ക് എഞ്ചിൻ മാറ്റുന്നതിനും എയർപോർട്ട് പെരിമീറ്റർ റോഡ് നിർമ്മിക്കുന്നതിനും മിഗ് വിമാനം സ്ഥാപിക്കാൻ പ്ലാറ്റ്ഫോം പണിയുന്നതിനുമായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ അധികമായി 7.18 കോടി രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വ്യക്തമായ പ്രൊപ്പോസൽ രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ നിന്നും സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ സമിതി ശിപാർശ ചെയ്ത 7.18 കോടി രൂപ 2014-15 സാമ്പത്തികവർഷത്തിൽ അക്കാദമിക്ക് അനുവദിച്ചിട്ടില്ല.

( സർക്കാർ കത്ത് നമ്പർ SYA-ബി2/74/2015-SYA, തീയതി 10-2-2016 )

(24-10-2016-ലെ യോഗം അംഗീകരിച്ചത്)

## അദ്ധ്യായം II

## (എ) ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച 2015-16 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | കണക്കിനം | റഫറൻസ് നമ്പരും തീയതിയും | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | XVI- പെൻഷനും പലവകയും | 2075-00-800-98-31- ശമ്പളം | 655515/ബി1/16/കാ.യു.വ. തീയതി 8-9-2016 | 19-10-2016 |
| | | 2075-00-800-98-36- ശമ്പളേതരം | | 19-10-2016 |
| | | 2071- പെൻഷനും മറ്റുസേവനവിരാമ ആനുകൂല്യങ്ങളും | 5445/പി.എസി. എ 3 / 2016/ ധന., തീയതി 28-7-2016 | 19-10-2016 |
| 2 | VII- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2030- മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | ടാക്സസ്- ഇ 3/ 20/ 2016/ ടാക്സസ്, തീയതി 20-7-2016 | 19-10-2016 |
| 3 | X- ട്രഷറികളും അക്കൗണ്ടുകളും | 2054- ട്രഷറികളുടെയും അക്കൗണ്ടുകളുടെയും ഭരണം | 5445/പി.എസി.എ 3/ 2016/ധന., തീയതി 28-7-2016 | 19-10-2016 |
| 4 | XI- ജില്ലാ ഭരണവും പലവകയും | 2047- നികുതി സംബന്ധമായ മറ്റു സർവ്വീസുകൾ | 5445/പി.എസി.എ 3/ 2016/ധന., തീയതി 28-7-2016 | 19-10-2016 |
| 5 | XLIII- നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 3604- തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 5445/പി.എസി.എ 3/ 2016/ധന., തീയതി 28-7-2016 | 19-10-2016 |
| 6 | XLV- പലവക വായ്പകളും മുൻകൂറുകളും | 7610- സർക്കാർ ജീവനക്കാർക്കും മറ്റുമുള്ള വായ്പകൾ 7615- പലവക വായ്പകൾ | 5445/പി.എസി.എ 3/ 2016/ധന., തീയതി 28-7-2016 | 19-10-2016 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 7 | XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2235-60-110-മറ്റ് ഇൻഷ്വറൻസ് പദ്ധതികൾ 2235-60-104-ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീം ഗവൺമെന്റ് പ്രൊവിഡന്റ് ഫണ്ട് | 5445/പി.എസി.എ 3/ 2016/ധന., തീയതി 28-7-2016 | 19-10-2016 |
| 8 | XVI-പെൻഷനും പലവകയും | 2075- പലവക പൊതു സർവ്വീസുകൾ | എസ്.ഡബ്ല്യു3/75/16/ പൊ.ഭര., 25-10-2016 | 8-11-2016 |
| 9 | VIII-എക്സൈസ് | 2039- സംസ്ഥാന എക്സൈസ് | 421121/എഫ് 3/16/നി.വ. തീയതി 1-11-2016 | 8-11-2016 |
| 10 | XI- ജില്ലാ ഭരണവും പലവകയും | 2047-00-106-99- സംസ്ഥാന സ്റ്റാമ്പ് ഡിപ്പോ | 7058/എഫ്2/2015/റവ. തീയതി 8-11-2016 | 9-3-2017 |
| 11 | XVI-പെൻഷനും പലവകയും | 2075-00-800-80-ഏഴിമല നാവിക അക്കാഡമി സ്ഥാപിക്കുന്നതിന് ഭൂമി പൊന്നും വിലയ്ക്കെടുക്കൽ | 7058/എഫ്2/2015/റവ. തീയതി 8-11-2016 | 9-3-2017 |
| | | 2075-00-800-79-ഏഴിമല നാവിക അക്കാഡമിക്കുള്ള സ്ഥാപന സൗകര്യങ്ങൾ | 7058/എഫ്2/2015/ റവ. തീയതി 8-11-2016 | 9-3-2017 |
| | | 2075-00-800-54-സർക്കാർ വകുപ്പുകൾക്ക് വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ-മൊത്ത തുക | 944853/ബി 3/16/റവ., തീയതി 12-1-2017 | 9-3-2017 |
| | | 2075-00-800-53 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ടി സ്ഥലം പൊന്നും വിലയ്ക്കെടുത്തത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കൽ | 944853/ബി 3/16/റവ., തീയതി 12-1-2017 | 9-3-2017 |

## (ബി) ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച 2013-2014, 2014-15 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | കണക്കിനം | റഫറൻസ് നമ്പരും തീയതിയും | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XI- ജില്ലാ ഭരണവും പലവകയും | 2047-00-106-99- സംസ്ഥാന സ്റ്റാമ്പ് ഡിപ്പോ | 7058/എഫ് 2/2015/റവ., തീയതി 8-11-2016 | 9-3-2017 |
| 2 | XVI- പെൻഷനും പലവകയും | 2075-00-800-80- ഏഴിമല നാവിക അക്കാഡമി സ്ഥാപിക്കുന്നതിന് ഭൂമി പൊന്നും വിലയ്ക്കെടുക്കൽ | 7058/എഫ് 2/2015/റവ., തീയതി 8-11-2016 | 9-3-2017 |
| | | 2075-00-800-79- ഏഴിമല നാവിക അക്കാഡമിക്കുള്ള സ്ഥാപന സൗകര്യങ്ങൾ | 7058/എഫ്2/2015/റവ., തീയതി 8.11.2016 | 9-3-2017 |
| | | 2075-00-800-54- സർക്കാർ വകുപ്പുകൾക്ക് വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ- മൊത്ത തുക | 944853/ബി 3/16/റവ., തീയതി 12-1-2017 | 9-3-2017 |
| | | 2075-00-800-53 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്കെടുത്തത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കൽ | 944853/ബി 3/16/റവ., തീയതി 12-1-2017 | 9-3-2017 |

## അദ്ധ്യായം III

(എ) ബില്ലുകളുടെ പരിശോധന:—

(i) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ 3-10-2016-ൽ ചേർന്ന യോഗത്തിൽ സമിതി ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലും 17-10-2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ii) 2016-ലെ കേരള ധനകാര്യ ബിൽ 27-10-2016-ൽ ചേർന്ന യോഗത്തിൽ സമിതി ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2-11-2016-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) ചട്ടങ്ങളുടെ പരിശോധന:—

സമിതി 24-10-2016-ൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതികളില്ലാതെ അംഗീകരിച്ചു.

(i) കേരള എക്സൈസ് ആൻറ് പ്രൊഹിബിഷൻ സർവ്വീസ് ആൻറ് കേരള എക്സൈസ് ആൻറ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (യൂണിഫോം) ഭേദഗതി ചട്ടങ്ങൾ, 2016.

(സർക്കാർ കത്ത് നമ്പർ 25989/എഫ്1/2016/നി.വ., തീയതി 28-7-2016)

(ii) നിയമസഭാ ചട്ടം 238 (2) പ്രകാരം, 2009, 2013, 2014 വർഷങ്ങളിലെ ധനകാര്യ നിയമം വഴിയും 2012-ലെ ബഡ്ജറ്റ് പ്രസംഗ പ്രകാരവും ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടങ്ങൾ:—

(എ) 2013-14 വർഷങ്ങളിലെ ധനകാര്യനിയമം വഴി കൊണ്ടുവന്ന കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ കൊണ്ടുവന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടങ്ങൾ [The Kerala Value Added Tax (Amendment) Rules, 2016].

(ബി) 2009-ലെ കേരള ധനകാര്യനിയമം വഴി കൊണ്ടുവന്ന ഏലത്തിൻെറ വാപ്പസ് ട്രാൻസാക്ഷൻ സംബന്ധിച്ച ചട്ടങ്ങൾ.

(സി) ബജറ്റ് പ്രസംഗം 2012 -ൽ സൂചിപ്പിച്ച ഫോറം 2U സംബന്ധിച്ച ചട്ടങ്ങൾ.

(ഡി) വാണിജ്യ നികുതി വകുപ്പ് ഇലക്ട്രോണിക് പ്ലാറ്റ്ഫോറത്തിലേക്ക് മാറ്റിയതിനോടനുബന്ധിച്ച് വിവിധ ഫോറങ്ങളിൽ വരുത്തിയ മാറ്റങ്ങൾ, സെർവ്വർ

കണക്കിവിറ്റി തകരാറുമൂലം വാർഷിക റിട്ടേൺ, കോമ്പൗണ്ടിംഗ് ഓപ്ഷൻ എന്നിവ ഫയൽ ചെയ്യാനുള്ള തീയതി നീട്ടിയതിനും സ്റ്റാറ്റ്യൂട്ടറി വാലിഡേഷൻ നൽകുന്നതും സംബന്ധിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ചട്ടങ്ങൾ.

(ഇ) കേരള പൊതു വില്പന നികുതി സംബന്ധിച്ച കരട് ചട്ടങ്ങൾ [The Kerala General Sales Tax (Amendment) Rules, 2016].

(സർക്കാർ കത്ത് നമ്പർ 31647/ബി1/2014/നി.വ. & 26126/ബി1/13/നി.വ., തീയതി 20-8-2016)

(യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

തിരുവനന്തപുരം,
2017 ആഗസ്റ്റ് 8.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

അനുബന്ധം

## 28-7-2016-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2016 ജൂലൈ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും പ്രത്യേക ക്ഷണിതാവായി വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ടി.എ. അഹമ്മദ് കബീർ
2. ഡോ. എൻ. ജയരാജ്
3. ശ്രീ. വി.കെ.സി. മമ്മത് കോയ
4. ശ്രീ. ഡി.കെ. മുരളി
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. മുല്ലക്കര രത്നാകരൻ
7. ശ്രീ. വി.ഡി. സതീശൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ്.
2. ഡോ. കെ.എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്.
3. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.
4. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.

5. ശ്രീ. ജി. കമൽ വി. റാവു, പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് (എക്സ്പെൻഡിച്ചർ) ഡിപ്പാർട്ട്മെന്റ്.

6. ഡോ. ഉഷാ ടൈറ്റസ്, സെക്രട്ടറി, പൊതുഭരണ വകുപ്പ്.

7. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്.

8. ശ്രീ. രാജൻ ഖൊബ്രഗഡെ, കമ്മീഷണർ, കോമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്.

9. ശ്രീ. ഇ.കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

10. ശ്രീ. വി. തുളസീദാസ്, ഇ.വി.സി., രാജീവ് ഗാന്ധി അക്കാദമി ഓഫ് ഏവിയേഷൻ ടെക്നോളജി.

11. ശ്രീമതി പി. കെ. എലിസബത്ത്, ഡയറക്ടർ, നാഷണൽ സേവിംഗ്സ്.

12. ശ്രീമതി ജെ.സി. ലീല, ഡയറക്ടർ ഓഫ് ട്രഷറീസ്.

13. ശ്രീ. എ. അജയകുമാർ, ഡയറക്ടർ ഓഫ് ഇൻഷ്വറൻസ്.

14. ശ്രീ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനിക് വെൽഫെയർ ഡിപ്പാർട്ട്മെന്റ്.

15. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്.

16. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്.

17. ശ്രീമതി കെ. രുഗ്മിണി, ജോയിന്റ് ഡയറക്ടർ , കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്.

18. ശ്രീ. കെ. വിജയകുമാരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

19. ശ്രീമതി ടി. കെ അജിതകുമാരി, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

20. ശ്രീമതി എസ്. മാലതി, ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.

സമിതി 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളിന്മേലുള്ള ശീർഷകങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച

കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ, സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും സംബന്ധിച്ച V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയിൽ സമിതി താഴെപ്പറയുന്ന ശിപാർശകൾ നല്കുകയുണ്ടായി.

2016-17 സാമ്പത്തിക വർഷം മുതൽ ചരക്ക് സേവന നികുതി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അതു സംബന്ധിച്ച ചർച്ചകൾക്കും പരിശീലന പരിപാടികൾക്കും മറ്റുമായി ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് യാത്ര നടത്തേണ്ട തായിട്ടുള്ളതിനാൽ വിമാനയാത്രക്കൂലി മുതലായ ഇനങ്ങളിൽ ചെലവ് വർദ്ധിക്കാനിടയുള്ളതുകൊണ്ട് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഇതിനായി 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2016-17 വർഷത്തേക്ക് വെള്ളക്കരം ഇനത്തിൽ 14.4 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്നും ആയതിനാൽ 6.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്തു.

നടപ്പുസാമ്പത്തിക വർഷം ചരക്ക് സേവന നികുതി നടപ്പാക്കാനിരിക്കുന്നതിനാൽ, ഇതുമായി ബന്ധപ്പെട്ട ഓഫീസ് ചെലവുകൾക്കും ഹാർഡ്‌വെയർ നവീകരണത്തിനും വാർഷിക അറ്റകുറ്റപ്പണികൾക്കും നവീകരണ കരാറുകൾ പുതുക്കുന്നതിനും മറ്റുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 1.05 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വാണിജ്യനികുതി വകുപ്പിൽ ചെറുകിട മരാമത്ത് പണികൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ടാക്സ് കോംപ്ലക്സ് ഓഫീസുകൾ, ടോയ്‌ലെറ്റ് സംവിധാനം എന്നീ മരാമത്ത് പണികൾക്കായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കേണ്ടതായിട്ടുള്ളതിനാൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു

വാണിജ്യനികുതി ഓഫീസുകളിലെ ലിഫ്റ്റ് സംവിധാനം, ഇ-ഓഫീസ് സംവിധാനം, ലോക്കൽ ഏരിയ നെറ്റ്‌വർക്ക് (ലാൻ) എന്നിവ കാലഹരണപ്പെട്ടു തുടങ്ങിയിരിക്കുന്നതിനാൽ ഇവയുടെ പുനരുദ്ധാരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 1.33 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2016-17 സാമ്പത്തികവർഷം മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാലും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാണിജ്യനികുതി വകുപ്പിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളിൽ നല്ലൊരു ശതമാനം കാലപ്പഴക്കം ചെന്നവയായതിനാലും അറ്റകുറ്റപ്പണികളുടെ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാലും നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണ്. ആയതിനാൽ ഇതിനായി 33.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉദ്യോഗസ്ഥരുടെ പരിശീലനപരിപാടികൾക്കായും, ജി.എസ്.റ്റി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപാരി വ്യവസായികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി പത്രങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുമുള്ള പരസ്യത്തിനായും അധിക തുക ആവശ്യമുള്ളതിനാൽ മറ്റിനം എന്ന ശീർഷകത്തിൽ 4.75 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇന്ധന വില അടിക്കടി വർദ്ധിക്കുന്ന സാഹചര്യത്തിൽ പി.ഒ.എൽ. ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാണിജ്യനികുതി വകുപ്പിൽ ഐ.ടി. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഇ-ഗവേണൻസ് വ്യാപനം, ഓഫീസ് കോംപ്ലക്സുകളിൽ യു.പി.എസ്. സ്ഥാപിക്കൽ, ചെക്ക് പോസ്റ്റുകളെ ബന്ധപ്പെടുത്തി ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കൽ, ജി.എസ്.ടി. നടപ്പിലാക്കൽ, KVATIS, IT Infrastructure Development എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതവും അഡീഷണൽ ആതറൈസേഷനും അപര്യാപ്തമായതിനാൽ ഇവയ്ക്കായി 31.83 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചരക്ക് സേവന നികുതി നടപ്പാക്കുന്നതിന്റെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗ്, ഉദ്യോഗസ്ഥരുടെ പരിശീലനം, പൊതുജനാവബോധം സൃഷ്ടിക്കൽ, പരസ്യപ്രചരണം എന്നീ ഇനങ്ങളിൽ ഗണ്യമായ ചെലവ് പ്രതീക്ഷിക്കുന്നതിനാലും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാലും 5.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മഞ്ചേശ്വരം, വാളയാർ (ഔട്ട്), ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 10 കോടി രൂപ പദ്ധതിയേതര ഇനത്തിൽ

ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; ആയതിനാൽ വാണിജ്യനികുതി വകുപ്പിന്റെ വൻകിട മരാമത്ത് പണികൾക്കായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. മഞ്ചേശ്വരം, മുത്തങ്ങ, വാളയാർ എന്നീ വാണിജ്യനികുതി ചെക്ക് പോസ്റ്റുകളിൽ പുതുതായി സ്കാനറുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ഇതു സംബന്ധിച്ച പഠനം നടത്തുന്നതിനും സമിതി തീരുമാനിച്ചു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ വാടക കുടിശ്ശികയിനത്തിൽ അധിക തുക ആവശ്യമുള്ളതിനാൽ 5.01 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ട്രഷറികളും അക്കൗണ്ടുകളും സംബന്ധിച്ച X-ാം നമ്പർ ധനാഭ്യർത്ഥന സമിതി വിശദമായി പരിശോധിച്ചു.

ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ദിവസവേതന ജീവനക്കാരുടെ വേതനയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് സബ് ഓഫീസുകളിലും ജീവനക്കാരുടെ യാത്രാബത്തയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക നൽകാനുള്ളതിനാലും പെർഫോമൻസ് ഗ്രാൻഡ് ലഭിക്കുന്നതിനുവേണ്ടി മറ്റ് ഓഫീസുകളിൽനിന്നും കൂടുതൽ ജീവനക്കാരെ വിന്യസിച്ച് 2 മാസത്തെ തുടർച്ചയായ ഓഡിറ്റിംഗ് പുരോഗമിക്കുന്നതിനാലും യാത്രാചെലവുകൾക്കായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുനിസിപ്പൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ ഓഡിറ്റ് കാര്യാലയം, വെൽഫെയർ ഫണ്ട് ഓഡിറ്റ് കാര്യാലയം എന്നിവയുടെ 1-3-2011 മുതൽ 31-3-2016 വരെയുള്ള വാടക കുടിശ്ശിക നല്കേണ്ടതിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് ജില്ലാഭരണവും പലവകയും സംബന്ധിച്ച XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച നടത്തി.

ഐ.ടി. റിട്ടേൺ ഫയലിംഗ്, ഡയറക്ടറേറ്റിലെയും 14 ജില്ലാ ഓഫീസുകളിലെയും സ്റ്റാമ്പ്, കമ്പ്യൂട്ടർ, സ്റ്റേഷനറി, ഓഫീസ് മെയിൻറനൻസ് ചാർജ്ജ് എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 1.36 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2016-17 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം ജില്ലകൾക്ക് നിശ്ചയിച്ചുനൽകുന്നതിനാൽ എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട മീറ്റിംഗുകളുടെ ചെലവുകൾ വഹിക്കുന്നതിനും വർഷത്തിൽ 4 പ്രാവശ്യമെങ്കിലും പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകുന്നതിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ഇതിനായി 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ 1-4-2015 മുതൽ ഏജന്റുമാരുടെ ക്ഷേമനിധി വിഹിതം 100 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ആയതിന്റെ 50% സർക്കാർ വിഹിതം നൽകുന്നതിന് അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ആയതിലേക്കായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യു.

ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും ഡയറക്ടറേറ്റ്, 14 ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും വകുപ്പിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള വെബ് ആപ്ലിക്കേഷന്റെ രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിനുമുള്ള ചെലവിലേക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള ഭവന പദ്ധതിയിലേക്ക് 49 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയ സമിതി, അതിലെ അർഹരായ 25 അപേക്ഷകർക്കുള്ള സബ്സിഡി നൽകുന്നതിനായി 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

തുടർന്ന് പെൻഷനും പലവകയും സംബന്ധിച്ച XVI-ാം നമ്പർ അഭ്യർത്ഥന സമിതി ചർച്ച ചെയ്യു.

ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്ക്കൗണ്ട്, ഏജൻറിനുള്ള കമ്മീഷൻ എന്നീ ഇനങ്ങളിൽ ആനുപാതിക വർദ്ധനവുണ്ടാകുമെന്നതിനാൽ 'ഏജന്റുമാരുടെ കമ്മീഷൻ' എന്ന ശീർഷകത്തിൽ 31 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2016-17 സാമ്പത്തിക വർഷത്തെ ടിക്കറ്റ് വിൽപ്പന ലക്ഷ്യം 8487 കോടി രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ സമ്മാന വിതരണ ഇനത്തിൽ ഏകദേശം 3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് മനസ്സിലാക്കിയ സമിതി, സമ്മാനദാനത്തിനായി 1133 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

2016-17 സാമ്പത്തിക വർഷം വകയിരുത്തിയ തുക ഏജന്റുമാരുടെ പെൻഷൻ, ഉത്സവബത്ത, വിവാഹാനുകൂല്യം, മരണാനന്തര സഹായം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് അപര്യാപ്തമായതിനാലും, 2008-ലെ കേരള ലോട്ടറീസ് & സെല്ലേഴ്സ് വെൽഫെയർ ഫണ്ട് ക്ഷേമനിധി പദ്ധതി പ്രകാരം വാർഷിക വിറ്റുവരവിന്റെ 1%, ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമപദ്ധതികൾ വിപുലീകരിക്കാൻ വിനിയോഗിക്കേണ്ടതിനാലും ഇതിനായി 69 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭാഗ്യക്കുറി വകുപ്പിന്റെ പൊതുവായ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഇ-ഓഫീസ്, ഇ-ട്രഷറി സംവിധാനം നടപ്പിലാക്കുന്നതിനും പുതിയ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, സെർവർ എന്നിവ ലഭ്യമാക്കുന്നതിനും, വകുപ്പിലെ ഐ.ടി. സംബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിക്കുന്നതിനുമായി 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുടെ ഓഫീസ് ചെലവിനത്തിൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുടെ വാടക ഇനത്തിൽ വരുന്ന ചെലവ് വഹിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മൂന്ന് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന-ച്ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിവാഹ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പുതിയ അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ 'ക്ലാസ് IV ജീവനക്കാർക്ക് പെൺമക്കളുടെ വിവാഹത്തിന് നല്കുന്ന വായ്പ എഴുതിത്തള്ളൽ' എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ചികിത്സയ്ക്ക് നൽകുന്ന പലിശ രഹിത വായ്പ എഴുതിത്തള്ളൽ എന്ന ഇനത്തിൽ 10 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഈ ശീർഷകത്തിൽ 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാലും 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുക, വിമാന എഞ്ചിൻ മാറ്റുക, സിംഗിൾ എഞ്ചിൻ വിമാനം വാങ്ങുക, സീപ്ലെയിൻ വാങ്ങുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 1577.81 ലക്ഷം രൂപ പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൂടാതെ, പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ലഭിച്ച എത്ര കുട്ടികൾക്ക് പ്ലേസ്മെന്റ് ലഭിച്ചു, ലഭിച്ചില്ലെങ്കിൽ ആയതിന്റെ കാരണം, പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നല്കണമെന്നും സമിതി നിർദ്ദേശിച്ചു.

മലപ്പുറത്ത് നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണിപൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും കോടതി കേസുകൾക്കുള്ള ചെലവ് ഈ വർഷം കൂടാൻ സാധ്യതയുള്ളതിനാലും കാലതാമസത്തിന് 15% പലിശ സർക്കാർ വഹിക്കേണ്ട-തിനാലും സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി 'കോടതിയിൽ കെട്ടിവെയ്ക്കൽ മൊത്ത തുക' എന്ന ശീർഷകത്തിൽ 50 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന്, നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട ഫണ്ടുകളെന്ന നിലയിൽ ചെലവഴിക്കാൻ കഴിയാത്ത പണം സ്പിൽഓവർ പദ്ധതികൾ വഴി നടപ്പിലാക്കുന്നതിന് വേണ്ടി 5654.07 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് വായ്പാതുക 25 ലക്ഷമായി വർദ്ധിപ്പിച്ചതിനാൽ പുതിയ അപേക്ഷകൾ ലഭിക്കാൻ സാദ്ധ്യതയുണ്ടെന്ന് വിലയിരുത്തിയ സമിതി, അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ഭവന വായ്പയ്ക്കായി 1 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥരുടെ മൂവായിരത്തോളം ഭവന നിർമ്മാണ വായ്പാ അപേക്ഷകൾ ലഭ്യമായിട്ടുള്ളതിനാൽ 219 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് സമിതി സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് ചർച്ച നടത്തി.

ഹൗസിംഗ് ബോർഡിൽ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകിയിട്ടില്ലാത്തതിനാൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

14 ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം വീതം ലഭ്യമാക്കേണ്ടതിനാൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിലെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ സ്റ്റേഷനറി സാധനങ്ങളുടെ വില നല്കുന്നതിനായി 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കമ്പ്യൂട്ടർവൽക്കരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം പിരിഞ്ഞു.

# 8-8-2016-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ഒരു യോഗം 2016 ആഗസ്റ്റ് മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ് ഒഫീഷ്യോ അംഗം ബഹു. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

**ഹാജരായ അംഗങ്ങൾ :**

1. ശ്രീ. ടി. എ. അഹമ്മദ് കബീർ
2. ഡോ. എൻ. ജയരാജ്
3. ശ്രീ. വി. കെ. സി. മമ്മത് കോയ
4. ശ്രീ. ഡി. കെ. മുരളി
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. മുല്ലക്കര രത്നാകരൻ
7. ശ്രീ. വി. ഡി. സതീശൻ
8. ശ്രീ. കെ. സുരേഷ് കുറുപ്പ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീ. കെ.ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ.കൃഷ്ണൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.
2. ശ്രീ. ഋഷിരാജ്സിംഗ്, എക്സൈസ് കമ്മീഷണർ.
3. ശ്രീ. മിർ മുഹമ്മദ് അലി, ഐ.ജി., രജിസ്ട്രേഷൻ വകുപ്പ്.
4. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

5. ശ്രീ. എച്ച്. വെങ്കടേഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ.

6. ശ്രീ. എ. വിജയൻ, അഡീഷണൽ എക്സൈസ് കമ്മീഷണർ.

7. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി, 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ VIII (എക്സൈസ്), VII (മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ വിശദീകരണം ആരായുകയും ശിപാർശകൾ നൽകുകയും ചെയ്തു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ചർച്ചയിൽ, എൻഫോഴ്സ്മെന്റിന്റെ ഭാഗമായി വിവരങ്ങൾ ലഭ്യമാക്കുന്നതിനും അതിർത്തിയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അറിയിക്കുന്നതിനും കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനും എക്സൈസ് വകുപ്പ് ഇൻഫോർമർമാരെ നിയോഗിക്കാറുണ്ടെന്നും ആയതിനായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിന് രഹസ്യവിവരം നൽകുന്നവരുടെ വിവരങ്ങൾ പലപ്പോഴും ചോരുന്നതിനാൽ രഹസ്യവിവരം കൈമാറുന്നതിനും അത് കൈമാറുന്നവരെ സംരക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിരന്തരമായ ട്രെയിനിംഗ് അത്യന്താപേക്ഷിതമാണെന്നും 100 വനിതാ എക്സൈസ് ഓഫീസർമാരുടെ ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

2016-17 സാമ്പത്തിക വർഷം ട്രെയിനിംഗ് ചെലവുകൾക്ക് മാത്രമായി 20 ലക്ഷം രൂപ നാളിതുവരെ ചെലവ് വന്നതിനാലും 200 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് കൂടി ട്രെയിനിംഗ് നൽകേണ്ടതുള്ളതിനാലും 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2016-17 സാമ്പത്തിക വർഷം സർക്കാർ നിർദ്ദേശപ്രകാരം മടക്കി നൽകിയ ലൈസൻസ് തുകകളുടെ പലിശ നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിന് തോക്ക് ഉപയോഗിക്കാനുള്ള ലൈസൻസ് ഉണ്ടെന്നും എന്നാൽ വകുപ്പിൽ തോക്കുകളുടെ എണ്ണം കുറവാണെന്നും പലപ്പോഴും തോക്ക് ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടാകുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ നിരന്തരം ആക്രമണം ഉണ്ടാകുന്ന സാഹചര്യത്തിൽ വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. എക്സൈസ് വകുപ്പിൽ ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്നും പലപ്പോഴും പോലീസിന്റെ സഹായത്തോടെയാണ് വകുപ്പിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതെന്നും സമിതി നിരീക്ഷിച്ചു.

എക്സൈസ് അക്കാഡമിയിലേക്ക് തോക്കുകൾ വാങ്ങുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിന്റെ കമ്മ്യൂണിക്കേഷൻ സിസ്റ്റം സംബന്ധിച്ച് സമിതി ആരാഞ്ഞു. പ്രധാനമായും ടെലിഫോൺ ആണ് ആശയവിനിമയത്തിനായി ഉപയോഗിക്കുന്നതെന്നും ദിവസേന നേരിട്ടും ഫോൺ മുഖേനയും ലഭിക്കുന്ന പരാതികൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും 7 ദിവസത്തിനകം നടപടിയെടുത്ത് അറിയിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു കൂടാതെ പോലീസ് സംവിധാനത്തിലേതുപോലെ ഒരു റേഞ്ച് ഓഫീസ് പോലെയാണ് എക്സൈസ് വകുപ്പ് പ്രവർത്തിക്കുന്നതെന്നും ഒരു റേഞ്ചിൽ മൂന്നോ നാലോ ഗ്രാമങ്ങളാണ് വരുന്നതെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു

എക്സൈസ് വകുപ്പിന്റെ പല ആസ്ഥാന കെട്ടിടങ്ങളും വളരെ ശോചനീയാവസ്ഥയിലാണെന്നും പല ഓഫീസുകളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും സമിതി മനസ്സിലാക്കി.

എക്സൈസ് റേഞ്ച് ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന എക്സൈസ് റേഞ്ച് ഓഫീസുകൾക്ക് വാടക നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തു

എൻ.ഡി.പി.എസ്. ആക്ട് അനുസരിച്ച് മയക്കമരുന്ന് കൈവശം വയ്ക്കാൻ ആരെയും അനുവദിക്കുന്നില്ലെന്നും 5 ഗ്രാം മയക്കമരുന്ന് കൈവശമുണ്ടെങ്കിൽപ്പോലും കേസ് രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി.

എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കിയിരിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ പി.ഒ.എൽ. ഇനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മയക്കുമരുന്നിന്റെ ഉപയോഗം ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണെന്നും സമൂഹത്തിന് ഇത് വലിയ വെല്ലുവിളിയായിമാറിയിരിക്കുകയാണെന്നും സമിതി അഭിപ്രായപ്പെട്ടു. എൽ.പി. സ്കൂളുകളുടെ പരിസരങ്ങളിൽ മിഠായി രൂപത്തിലുള്ള ലഹരി വസ്തുക്കളുടെ വിൽപ്പന സർക്കാർ നിരോധിച്ചിട്ടുണ്ടെങ്കിലും വളരെ രഹസ്യമായി ആയത് നടക്കുന്നുണ്ടെന്നും അത് കണ്ടെത്തണമെന്നും നടപടികൾ ശക്തിപ്പെടുത്തിയതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പുകയില ഉൽപ്പന്നങ്ങളുടെ വരവ് കുറഞ്ഞിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

സ്കൂൾ/കോളേജ് പരിസരത്തുനിന്ന് ഒരു കിലോയിൽ താഴെയാണെങ്കിലും ഡ്രഗ്സ് കൈവശമുള്ളവരെ പിടികൂടിയാൽ അവർക്ക് ജാമ്യം നിഷേധിക്കുന്ന തരത്തിൽ കേന്ദ്രനിയമം ഭേദഗതി ചെയ്യണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി ഉദ്യോഗസ്ഥർ വെളിപ്പെടുത്തി.

കേരളത്തിൽ വ്യാപകമായി വരുന്ന മയക്കുമരുന്നുപയോഗം തടയുന്നതിനായി അതിർത്തികളിലെ പരിശോധന ശക്തിപ്പെടുത്തണമെന്നും സംസ്ഥാനത്തിനകത്ത് പരിശോധനകൾ നടത്തണമെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരം കേന്ദ്രീകരിച്ചുള്ള കച്ചവടങ്ങൾ നിരീക്ഷിക്കണമെന്നും ആയതിനായി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

എക്സൈസ് വകുപ്പ് സ്കൂൾ കൗൺസിലർമാരുമായി ബന്ധപ്പെട്ടാൽ ഡ്രഗ് അഡിക്റ്റായ കുട്ടികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭിക്കുമെന്നും ആയത് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൗട്ട്, എൻ.സി.സി., ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ മുതലായ സാദ്ധ്യമായ എല്ലാ സംവിധാനങ്ങളേയും ഏകോപിപ്പിച്ച് മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെ വിപുലമായ ബോധവൽക്കരണ പരിപാടി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതിയിൽ വിശദമാക്കപ്പെട്ടു. മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുടെ പേരിൽ കേസെടുത്ത് അവരെ ശിക്ഷിക്കുന്നതിന് പകരം അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ തെറ്റുതിരുത്തുകയും ലഹരിയുടെ ഉറവിടം കണ്ടെത്തി തകർക്കുകയുമാണ് ചെയ്യേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ച് നിയമത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് രണ്ടുമാസത്തിനുള്ളിൽ സമിതിയ്ക്ക് നൽകണമെന്നും ബഹുജന ബോധവൽക്കരണ പരിപാടിയിൽ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്താനുതകുന്ന ഒരു റിപ്പോർട്ടായിരിക്കണമതെന്നും പ്രസ്തുത റിപ്പോർട്ട് സമിതിയിൽ ചർച്ച ചെയ്യണമെന്നും സമിതി തീരുമാനിച്ചു.

ലഹരി മരുന്നുപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികളിൽ വിരമിച്ച സ്കൂൾ/കോളേജ് അദ്ധ്യാപകരുടെ ഒരു പാനലുണ്ടാക്കണമെന്നും ലാഭേച്ഛ കൂടാതെ സ്വമേധയാ പ്രവർത്തിക്കാൻ താല്പര്യമുള്ള നിരവധിയാളുകളുണ്ടെന്നും ഓരോ ജില്ലയിലും പാനലുണ്ടാക്കി ബോധവൽക്കരണത്തിന് ഉപയോഗിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. നിലവിൽ ജില്ലാതലത്തിൽ ജില്ലാ കളക്ടർ, പോലീസ്, എക്സൈസ് വകുപ്പ്, വനം വകുപ്പ് എന്നിവയുടെ സംയുക്ത സമിതിയുണ്ടെന്നും അതിൽ എൻ.ജി.ഒ.കളുണ്ടെന്നും അതിൽ റിട്ടയേർഡ് അധ്യാപകരെ കൂടി ഉൾപ്പെടുത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകാമെന്നും നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഡീ-അഡിക്ഷൻ സെന്റർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

മദ്യവിമുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് ഉടനീളം എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ്, വാഹനങ്ങൾ, ഫീൽഡ് ഓഫീസുകളുടെ നവീകരണ പ്രക്രിയകൾ തുടങ്ങിയ വിവിധ പദ്ധതികൾക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ഭാഗപത്രങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകളിന്മേൽ വരുത്തേണ്ട ഇളവ് സംബന്ധിച്ച് ചർച്ച ചെയ്തു സമിതി ഇതു സംബന്ധിച്ച് ധനകാര്യവകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ വിശദമായ ചർച്ച നടത്താമെന്നും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച കണക്കിനങ്ങളിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാമെന്നും തീരുമാനിച്ചു.

രജിസ്ട്രേഷൻ ഫീസ് കൂട്ടിയതിനാൽ ജുഡീഷ്യൽ പത്രങ്ങളുടെ എണ്ണത്തിലുണ്ടാകാവുന്ന വർദ്ധനവ് കണക്കിലെടുത്തും നാസിക് ഇന്ത്യ പ്രസ്സിൽ നൽകുവാനുള്ള കുടിശ്ശിക തീർക്കുന്നതിനുമായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഇതിനായി 1100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കായി ടെലിഫോൺ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വകുപ്പിന്റെ 14 ജില്ലാ ഓഫീസുകൾക്ക് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 207 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്തൊട്ടാകെയുള്ള 314 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ബ്രോഡ്ബാന്റ് കണക്ഷനുകൾ ഏർപ്പെടുത്തിയിട്ടുള്ളതിന്റെ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സബ്‌രജിസ്ട്രാർ ഓഫീസുകളിലെ വാല്യങ്ങൾ ബൈൻഡ് ചെയ്ത് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഒരു വാല്യത്തിന് 710 രൂപ നിരക്കിൽ 100000-ത്തോളം വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ ശേഷിക്കുന്നതിനാലും രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി ഉച്ചയ്ക്ക് 12.10-ന് യോഗം പിരിഞ്ഞു.

## 22-8-2016-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2016 ആഗസ്റ്റ് മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക്-ന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ടി. എ. അഹമ്മദ് കബീർ
2. ശ്രീ. വി. കെ. സി. മമ്മത് കോയ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. മുല്ലക്കര രത്നാകരൻ
5. ശ്രീ. വി. ഡി. സതീശൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിൻറ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീമതി ജെ. സി. ലീല, ട്രഷറി ഡയറക്ടർ
3. ശ്രീ. പി. കെ. സാജൻകുമാർ, ജോയിൻറ് ഐ.ജി. ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്
4. ശ്രീ. കെ. വിജയകുമാരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ലാൻറ് റവന്യൂ വകുപ്പ്
5. ശ്രീ. കൃഷ്ണകുമാർ, ബി., ഫിനാൻസ് ഓഫീസർ, രജിസ്ട്രേഷൻ വകുപ്പ്.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൻെറ കരട് സമിതി അംഗീകരിച്ചു.

2015-16 സാമ്പത്തിക വർഷത്തെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ടിൻെറ കരട് സമിതി അംഗീകരിച്ചു.

തുടർന്ന് ആധാരങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നത് ധനകാര്യ ബിൽ മുഖേന ആയതിനാൽ ധനകാര്യ ബിൽ-ൻെറ പരിഗണനാവേളയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഭൂമിയുടെ അണ്ടർ വാല്യുവേഷൻ സംബന്ധിച്ച് സർക്കാർ ഇറക്കുന്ന ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിയ്ക്ക് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും ഭാവിയിൽ ഇത്തരം ഉത്തരവുകൾ

സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. രജിസ്ട്രേഷൻ ഫീസിൽ വെട്ടിപ്പ് നടത്തുന്നതിനായി രൂപീകരിച്ച കമ്പനികൾ നടത്തിയിട്ടുള്ള സ്ഥലം കൈമാറ്റങ്ങൾ റദ്ദാക്കുവാൻ കഴിയുമോ എന്നും, ഇത്തരം ഇടപാടുകൾ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നതും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

സമിതി രാവിലെ 11.50 -ന് യോഗം പിരിഞ്ഞു.

## 3-10-2016 -ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2016 ഒക്ടോബർ മാസം 3-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം ഉച്ചയ്ക്ക് 1.30-ന് നിയമസഭാസമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക്-ന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
3. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
6. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
7. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സമിതി ഖണ്ഡം, ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

(1) ഉപഖണ്ഡം (ii)-ലെ ഇനം (ഇഎ)-ൽ "സർക്കാരിനോ" എന്ന വാക്കിനുശേഷം "കേന്ദ്രസർക്കാരിനോ "എന്ന വാക്ക് ചേർക്കുക.

(2) ഉപഖണ്ഡം (vi)-ലെ (ഐസി) ഇനത്തിൽ "നഷ്ടസാധ്യത", "നഷ്ടസാധ്യതകൾ" എന്ന വാക്കുകൾക്കു പകരം "റിസ്കുകൾ" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 3</u>

(1) ഉപഖണ്ഡം ഇ (iii)-ലെ (സിസി) ഇനത്തിൽ "ദേശീയ/സംസ്ഥാന/ തദ്ദേശസ്വയംഭരണ പദ്ധതികളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളതായി" എന്നീ വാക്കുകൾ ഒഴിവാക്കുക.

(2) ഉപഖണ്ഡം (എഫ്) പ്രകാരം പകരം ചേർക്കപ്പെട്ട (5)-ാം ഉപവകുപ്പിൽ "ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷന്റെ സമ്മതത്തോടെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

(3) (എഫ്) ഉപഖണ്ഡത്തിൽ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ 7-ാം വകുപ്പ് പ്രകാരം സർക്കാർ നൽകുന്ന പണത്തിന്റെ ഏതെങ്കിലും ഭാഗം, ഏതെങ്കിലും ദേശസാൽകൃതബാങ്കിലോ യൂണിയന്റേയോ സംസ്ഥാനങ്ങളുടേയോ സോവറിൻ ബോണ്ടുകളിലോ സംസ്ഥാന ട്രഷറിയല്ലാതെയുള്ള അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപിക്കുകയോ മുതൽമുടക്കുകയോ ചെയ്യാവുന്നതാണ്."

<u>ഖണ്ഡം 7</u>

(1) പ്രധാന ആക്ടിൽ പുതുതായി ചേർത്ത 6-ാം വകുപ്പിന്റെ (ജി) ഉപവകുപ്പിൽ "നഷ്ടസാധ്യതകൾ" എന്ന വാക്കിനുപകരം "റിസ്ക്കുകൾ" എന്ന വാക്ക് ചേർക്കുക.

(2) പുതുതായി ചേർക്കപ്പെട്ട ഉപഖണ്ഡം 6 എഫ് (1)-ൽ "ഒരു പ്രോജക്ട്" എന്ന വാക്കുകൾക്കുശേഷം ", ബോർഡ്" എന്ന ചിഹ്നവും വാക്കും ചേർക്കുക.

(3), ഉപഖണ്ഡം 6 എഫ് (2)-ൽ "പൊതുഏജൻസിക്ക് " എന്ന വാക്കിനുപകരം "സർക്കാർ വകുപ്പിന്" എന്ന വാക്കുകൾ ചേർക്കുക.

(4) ഉപഖണ്ഡം 6 എഫ് (3)-ന്റ് പകരം താഴെപ്പറയും പ്രകാരം ചേർക്കുക:

"ബോർഡ് (1)-ാം ഉപവകുപ്പ് പ്രകാരം പൊതുഏജൻസിയുടെ അഭിപ്രായങ്ങളോ (2)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും സർക്കാർ വകുപ്പിന്റെ നിർദ്ദേശങ്ങളോ ലഭിക്കുന്നതിന്മേൽ, പ്രോജക്ട് നിർദ്ദേശം, പ്രോജക്ടിന്റെ സാമൂഹിക സാമ്പത്തിക ചെലവും അതിൽ നിന്നുണ്ടാകുന്ന ആനുകൂല്യങ്ങളും ഉൾപ്പെടെ അതിന്റെ ചെലവിന്റെയും ആനുകൂല്യത്തിന്റെയും അവലോകനവുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ടതും മതിയായ വിശദാംശങ്ങളോടെ പ്രോജക്ട് നിർദ്ദേശം വിലയിരുത്തേണ്ടതുമാണ്."

(5) ഉപഖണ്ഡം 6 (എഫ്)-ലെ (4)-ാം ഉപഖണ്ഡം (5)-ാം ഉപഖണ്ഡമായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കംചെയ്ത (5)-ാം ഉപഖണ്ഡത്തിന് മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്:

"(4) പൊതുഏജൻസിയോ സർക്കാർ വകുപ്പോ ഒരു പൊതു-സ്വകാര്യ പങ്കാളിത്തം വഴി ഒരു പ്രോജക്ട് നിർദ്ദേശിച്ചിട്ടുള്ളിടത്ത്, ബോർഡ് താഴെപ്പറയുന്ന വസ്തുതകളുമായി ബന്ധപ്പെടുത്തി പ്രോജക്ട് കൂടുതലായി പരിശോധിക്കേണ്ടതാണ്, അതായത്:—

(എ) പദ്ധതിയിൽ വ്യക്തമാക്കാവുന്ന പ്രകാരമുള്ള 'വാല്യൂ ഫോർ മണി ടെസ്റ്റ് ' പ്രകാരം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഗുണകരമായ നിർമ്മാണച്ചെലവ്.

(ബി) പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുന്നതിനുള്ള സാദ്ധ്യതയും അതിന്റെ ഫലങ്ങൾ നിർണ്ണയിക്കലും.

(സി) പങ്കാളികളുമായി റിസ്ക്ക് പങ്കുവെയ്ക്കൽ.

(ഡി) പങ്കാളിത്തം മൂലമുണ്ടാകുന്ന സാങ്കേതികവും നിർവ്വഹണപരവുമായ നേട്ടങ്ങൾ.

(ഇ) പങ്കാളിയുടെ നിക്ഷേപത്തെ ബാധിക്കാവുന്ന സാമൂഹിക സാമ്പത്തിക ഘടകങ്ങൾ.

(എഫ്) നിയന്ത്രണപരമായ മാനദണ്ഡങ്ങൾ പാലിക്കുന്നത്."

(6) പുനരക്കം ചെയ്ത (5)-ാം ഉപഖണ്ഡത്തിൽ 2-ാം വരിയിൽ "ഇടയാക്കേണ്ടതും" എന്ന വാക്കിനുപകരം "ഇടയാക്കാവുന്നതും" എന്ന വാക്കും 4-ാം വരിയിൽ "ശിപാർശ ചെയ്യേണ്ടതുമാണ് " എന്ന വാക്കുകൾക്കു പകരം "ശിപാർശ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകളും ചേർക്കുക.

(7) ഉപഖണ്ഡം 6 എഫ്-ലെ (5)-ാം ഉപഖണ്ഡം (6)-ാം ഉപഖണ്ഡമായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട (6)-ാം ഉപഖണ്ഡത്തിൽ "(4)-ാം ഉപവകുപ്പ്" എന്ന വാക്കുകൾക്കു പകരം "(5)-ാം ഉപവകുപ്പ്" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

(8) നിലവിലുള്ള (6)-ാം ഉപഖണ്ഡം (7)-ാം ഉപഖണ്ഡമായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കം ചെയ്ത (7)-ാം ഉപഖണ്ഡത്തിൽ "(4)-ാം ഉപവകുപ്പ്" എന്ന വാക്കുകൾക്കു പകരം "(5)-ാം ഉപവകുപ്പ്" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

(9) നിലവിലുള്ള (7), (8), (9), (10) എന്നീ ഉപഖണ്ഡങ്ങൾ (8), (9), (10), (11) എന്നീ ഉപഖണ്ഡങ്ങൾ ആയി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട (11)-ാം ഉപഖണ്ഡത്തിൽ "(9)-ാം ഉപവകുപ്പ്" എന്ന വാക്കുകൾക്കു പകരം "(10)-ാം ഉപവകുപ്പ്" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്.

<u>ഖണ്ഡം 8</u>

(1) ഉപഖണ്ഡം (1)-ൽ "ചെലവുകൾ നേരിടുന്നതിന്" എന്ന വാക്കുകൾക്കു പകരം "ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണനിർവ്വഹണ പരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും " എന്ന വാക്കുകൾ ചേർക്കുക.

(2) ഉപഖണ്ഡം (1)-ന്റെ (2)-ാം ക്ലിപ്തനിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നു മാത്രമല്ല അതിനുപുറമേ ഓരോ ലിറ്റർ പെട്രോളിന്മേലും ചുമത്തപ്പെടുന്ന സെസ്സ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ സർക്കാർ നിധിയിലേയ്ക്ക് നൽകേണ്ടതാണ്."

(3) ഉപഖണ്ഡം (2)-ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രോജക്ടിൽ നിന്നുമുണ്ടായ" എന്ന വാക്കുകൾക്കുശേഷം "യൂസർ ലെവി ഉൾപ്പെടെയുള്ള" എന്ന വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം 9</u>

ഉപഖണ്ഡം (2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(2) ബോർഡിന് അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ, അല്ലെങ്കിൽ യുക്തമായ

മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും ക്രമീകരിക്കപ്പെട്ട തിരിച്ചടവ് സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ, മറ്റ് ഏതെങ്കിലും ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടി ലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേയ്ക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ ഫണ്ടുകൾ സ്വരൂപിക്കാവുന്നതുമാണ്."

## ഖണ്ഡം 14

(1) പ്രധാന ആക്ടിലെ പുനർനാമകരണം ചെയ്ത ഒന്നാം പട്ടികയിലെ നിലവിലുള്ള 16-ാം ഇനം 22-ാം ഇനമായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട 22-ാം ഇനത്തിനു മുമ്പായി നിലവിൽ 16 മുതൽ 22 വരെ അക്കമിട്ടിരിക്കുന്ന ഇനങ്ങൾ, 15 മുതൽ പുനരക്കമിടേണ്ടതാണ്.

(2) മൂന്നാം പട്ടികയിൽ ക്രമനമ്പർ 1-നു താഴെയുള്ള (iv)-ാം ഇനത്തിൽ "പ്രവർത്തന നഷ്ടസാധ്യത" എന്ന വാക്കുകൾക്കു പകരം "പെർഫോർമൻസ് റിസ്കുകൾ" എന്ന വാക്കുകൾ ചേർക്കുക.

സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.ഡി.സതീശൻ, ഡോ.എൻ.ജയരാജ് എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി ഉച്ചയ്ക്കുശേഷം 2.15-ന് യോഗം പിരിഞ്ഞു.

## 24-10-2016 -ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2016 ഒക്ടോബർ മാസം 24-ാം തീയതി തിങ്കളാഴ്ച നിയമസഭാ സമ്മേളനത്തിനു ശേഷം, വൈകുന്നേരം 4.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. ടി. എ. അഹമ്മദ് കബീർ
2. ഡോ. എൻ. ജയരാജ്
3. ശ്രീ. വി.കെ.സി. മമ്മത് കോയ

4. ശ്രീ. ഡി.കെ. മുരളി

5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

6. ശ്രീ. മുല്ലക്കര രത്നാകരൻ

7. ശ്രീ. വി.ഡി. സതീശൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ.കെ. ഗോപകുമാരൻ പിള്ള, ജോയിൻറ് സെക്രട്ടറി

2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്

2. ശ്രീ. രാജീവ് സദാനന്ദൻ, അഡീ. ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

3. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്

4. ശ്രീമതി എൻ.എൽ. കല, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീ. ജി. ശിവപ്രസാദ്, സ്പെഷ്യൽ സെക്രട്ടറി, ഗതാഗത വകുപ്പ്

6. ശ്രീ ഋഷിരാജ് സിംഗ്, എക്സൈസ് കമ്മീഷണർ

7. ശ്രീമതി പി. ജയശ്രീ. അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

8. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, വനം വകുപ്പ്

9. ശ്രീമതി എസ്. മാലതി, ജോയിൻറ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്

10. ശ്രീമതി രമ പി. നായർ, ജോയിൻറ് സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്

11. ഡോ. രാജൻ ഖൊബ്രഗഡെ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്

12. ശ്രീ. എസ്. കാർത്തികേയൻ, ഡയറക്ടർ, ലോട്ടറി വകുപ്പ്

13. ശ്രീമതി ജെ.സി. ലീല, ഡയറക്ടർ, ട്രഷറി വകുപ്പ്

14. ശ്രീമതി പി.കെ. എലിസബത്ത്, ഡയറക്ടർ, നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെൻറ്

15. ശ്രീ. പി. സാംഗി, ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

16. ശ്രീ. എ. അജയകുമാർ, ഡയറക്ടർ ഓഫ് ഇൻഷ്വറൻസ്

17. ശ്രീ. കെ.പി. നൗഫൽ, ഡയറക്ടർ, വി.എച്ച്.എസ്.ഇ.

18. ശ്രീ. അനന്തകൃഷ്ണൻ, ട്രാൻസ്പോർട്ട് കമ്മീഷണർ

19. ശ്രീ. ഇ. ദേവദാസൻ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്

20. ശ്രീമതി സുരേഷ് കുമാരി, ഡെപ്യൂട്ടി ഡയറക്ടർ ആന്റ് നോഡൽ ഓഫീസർ, കാരുണ്യ ബനവലൻറ് ഫണ്ട് സ്കീം.

സർക്കാരിൽ നിന്നും ലഭിച്ച കരട് ചട്ടങ്ങൾ, സമിതിക്കുള്ള കുറിപ്പ്, വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെൻറുകൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I. <u>കരട് ചട്ടം</u>

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതികളില്ലാതെ അംഗീകരിച്ചു.

(i) കേരള എക്സൈസ് ആൻറ് പ്രൊഹിബിഷൻ സർവ്വീസ് ആൻറ് കേരള എക്സൈസ് ആൻറ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (യൂണിഫോം) ഭേദഗതി ചട്ടങ്ങൾ, 2016 (ഫയൽ നമ്പർ - 3882/സബ്സിഇ 2/2016/നി.സെ.).

(സർക്കാർ കത്ത് നമ്പർ 25989/എഫ്1/2016/നി.വ., തീയതി 28-7-2016)

(ii) നിയമസഭാ ചട്ടം 238 (2) പ്രകാരം, 2009, 2013, 2014 വർഷങ്ങളിലെ ധനകാര്യ നിയമം വഴിയും 2012 -ലെ ബഡ്ജറ്റ് പ്രസംഗ പ്രകാരവും ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടങ്ങൾ:—

(എ) 2013, 2014 വർഷങ്ങളിലെ ധനകാര്യനിയമം വഴി കൊണ്ടുവന്ന കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ കൊണ്ടുവന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടങ്ങൾ [The Kerala Value Added Tax (Amendment) Rules, 2016].

(ബി) 2009-ലെ കേരള ധനകാര്യനിയമം വഴി കൊണ്ടുവന്ന ഏലത്തിന്റെ വാപ്പസ് ട്രാൻസാക്ഷൻ സംബന്ധിച്ച ചട്ടങ്ങൾ.

(സി) ബജറ്റ് പ്രസംഗം 2012 -ൽ സൂചിപ്പിച്ച ഫോറം 21J സംബന്ധിച്ച ചട്ടങ്ങൾ.

(ഡി) വാണിജ്യ നികുതിവകുപ്പ് ഇലക്ട്രോണിക് പ്ലാറ്റ്ഫോറത്തിലേയ്ക്ക് മാറ്റിയതിനോടനുബന്ധിച്ച് വിവിധ ഫോറങ്ങളിൽ വരുത്തിയ മാറ്റങ്ങൾ, സെർവർ കണക്ടിവിറ്റി തകരാറുമൂലം വാർഷിക റിട്ടേൺ, കോമ്പൗണ്ടിംഗ് ഓപ്ഷൻ എന്നിവ ഫയൽ ചെയ്യാനുള്ള തീയതി നീട്ടിയതിനും സ്റ്റാറ്റ്യൂട്ടറി വാലിഡേഷൻ നൽകുന്നതും സംബന്ധിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ചട്ടങ്ങൾ.

(ഇ) കേരള പൊതു വില്പന നികുതി സംബന്ധിച്ച കരട് ചട്ടങ്ങൾ [The Kerala General Sales Tax (Amendment) rules, 2016].

(ഫയൽ നമ്പർ 4428/സബ്സിഇ 2/2013/നി.സെ.)

(ഫയൽ നമ്പർ 4850/സബ്സിഇ 2/2014/നി.സെ.)

(സർക്കാർ കത്ത് നമ്പർ 31647/ബി1/2014/നി.വ. &

26126/ബി1/13/നി.വ., തീയതി 20-8-2016)

II. സമിതിക്കുള്ള കുറിപ്പ്

(i) 2014 -ലെ അബ്കാരി (ഭേദഗതി) ആക്ടിന്മേൽ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തതു സംബന്ധിച്ച്.

(ഫയൽ നമ്പർ 2067/സബ്സിഇ 2/2014/നി.സെ.)

സമിതി വിഷയം പരിഗണിക്കുകയും നികുതി വകുപ്പിൽ നിന്നും കരട് ചട്ടങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(ii) 2013 -ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ചട്ടങ്ങളിൽ ഭേദഗതി വരുത്തി ലഭ്യമാക്കാത്തതു സംബന്ധിച്ച്.

(ഫയൽ നമ്പർ 881/സബ്സിഇ 2/2013/നി.സെ.)

സമിതി വിഷയം പരിഗണിക്കുകയും കരട് ഭേദഗതി വിജ്ഞാപനം അടിയന്തരമായി ലഭ്യമാക്കണമെന്ന് നികുതി (രജിസ്ട്രേഷൻ) വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

(iii) 2013 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ലഭ്യമാക്കാത്തതു സംബന്ധിച്ച്.

(ഫയൽ നമ്പർ 1503/സബ്സിഇ 2/2014/നി.സെ.)

സമിതി വിഷയം പരിഗണിക്കുകയും ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

III. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

(i) സംസ്ഥാനത്തെ സ്വർണ്ണ വ്യാപാര മേഖലയിൽ പുതിയ നികുതി ഘടന ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്.

(ഫയൽ നമ്പർ 334/സബ്സിഇ 2/2014/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 15 മുതൽ 29 വരെയുള്ള ശിപാർശകളിന്മേൽ നികുതി (ബി) വകുപ്പിൽ നിന്നും 7-10-2015-ലെ 18028/ബി1/2012/നി.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെൻറ് സമിതി അംഗീകരിച്ചു.

(ii) കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതി സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 285/സബ്സിഇ 2/2015/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 15 മുതൽ 28 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എച്ച്) വകുപ്പിൻെറ 23-9-2015-ലെ 2179/എച്ച്1/2015/നി.വ. നമ്പർ കത്തു മുഖേന ലഭിച്ച നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iii) ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3904/സബ്സിഇ 2/2015/നി.സെ.)

റിപ്പോർട്ടിലെ 21,22,25 മുതൽ 38 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പിന്റെ 26-11-2015-ലെ 56445/എസ്.എൽ3/2015/ധന. നമ്പർ കത്തുപ്രകാരം ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകളും 19, 23 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ഇൻഡ് & പി.ഡബ്ല്യു-ബി) വകുപ്പിന്റെ 9-12-2015-ലെ 56445/ഇൻഡ് & പി.ഡബ്ല്യു-ബി2/14/ധന. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 20,23,24 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്സാ-സി) വകുപ്പിന്റെ 8-12-2015-ലെ 56445/എസ്സാ-സി 3/15/ധന. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iv) ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച് റിപ്പോർട്ട്

(ഫയൽ നം. 4578/സബ്.സി.ഇ 2/2015/നി.സെ.)

റിപ്പോർട്ടിലെ 23-49, 56-63, 65-77, 79-81 എന്നീ ഖണ്ഡികളിലെ ശിപാർശകളിന്മേൽ നികുതി (സി) വകുപ്പിൽ നിന്നും 9-5-2016-ലെ 19326/സി3/ 2015/നി.വ. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 54, 55 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഗതാഗത (സി) വകുപ്പിൽ നിന്നും 30-7-2016 ലെ 1537/സി-1/2016/ഗതാഗതം നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകളും 83-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ വനം-വന്യജീവി (ബി) വകുപ്പിൽ നിന്നും 22-8-2016-ലെ 22/ബി1/2016/വനം. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സംയോജിത ചെക്കപോസ്റ്റുമായി ബന്ധപ്പെട്ട് നടപ്പ നിയമസഭാ സമ്മേളനത്തിനു ശേഷം ഒരു യോഗം ചേരുവാനും സമിതി തീരുമാനിച്ചു.

(v) മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2014/നി.സെ.)

റിപ്പോർട്ടിലെ 39, 42 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതു വിദ്യാഭ്യാസ (ജി) വകുപ്പിൽ നിന്നും 4-5-16-ലെ 48612/ജി3/2014/പൊ.വി.വ. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 44, 45, 46, 47 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 9-3-2016-ലെ 33953/ഇ 1/2014/ ആ.കു.വ. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 58-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ നികുതി (ജി) വകുപ്പിൽ നിന്നും 22-12-15-ലെ 24283/ജി1/2014/നി.വ.നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ആധുനിക ലഹരി വസ്തുക്കളുടെ വരവും അത് നിയന്ത്രിക്കാനുള്ള പദ്ധതികളും സംബന്ധിച്ച് അവയുടെ ശാസ്ത്രീയവശം കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പ നിയമസഭാ സമ്മേളനത്തിനുശേഷം, ഒരു ചർച്ച നടത്താമെന്ന് സമിതി തീരുമാനിച്ചു.

(vi) <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-2015)</u>

(ഫയൽ നമ്പർ-3243/സബ്.സി.ഇ 2/2014/നി.സെ.)

റിപ്പോർട്ടിലെ 1 മുതൽ 12 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഡി) വകുപ്പിൽ നിന്നും 30-10-2015-ലെ 18385/ഡി3/2014/നി.വ. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും 52-ാമത്തെ ഖണ്ഡികയിലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ (ബി) വകുപ്പിൽ നിന്നും 10-2-2016-ലെ SYA-B2/74/2015-SYA നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(vii) <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-2016)</u>

(ഫയൽ നം. 3413/സബ്.സി.ഇ 2/2015/നി.സെ.)

റിപ്പോർട്ടിലെ 1 മുതൽ 7 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ഡി) വകുപ്പിൽ നിന്നും 28-10-15-ലെ 14794/ഡി3/15/നി.വ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും 8 മുതൽ 15 വരെയുള്ള ഖണ്ഡികകളിലെ

ശിപാർശകളിന്മേൽ നികുതി (ഇ) വകുപ്പിൽനിന്നും 1-7-2016-ലെ 14770/ഇ 3/2015/നി.വ. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും 22 മുതൽ 31 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ഭരണം-സി) വകുപ്പിൽ നിന്നും 1-6-2016-ലെ ഭരണം സി1/82/2015-ധന. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും 21, 38 മുതൽ 43 വരെ എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നും 27-7-15-ലെ 50786/എസ്റ്റാ-ഡി2/ 15/ധന.നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി റിപ്പോർട്ടും 36-ാമത്തെ ഖണ്ഡികയിലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ (ബി) വകുപ്പിൽ നിന്നും 6-8-16 -ലെ കാ.യു.വ./ബി1/36/15 നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും 37-ാമത്തെ ഖണ്ഡികയിലെ ശിപാർശയിന്മേൽ ധനകാര്യ (എച്ച്.ബി.എ) വകുപ്പിൽ നിന്നും 18-4-2016-ലെ 50004/എച്ച്.ബി. എ 2/16/ധന. നമ്പർ കത്തു പ്രകാരം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 5.10 ന് സമിതി യോഗം പിരിഞ്ഞു.

## 27-10-2016-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ ഒരു സംയുക്തയോഗം 2016 ഒക്ടോബർ 27-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക് അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ് ഒഫിഷ്യോ അംഗങ്ങളായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ, പ്രത്യേക ക്ഷണിതാവായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

സബ്ജക്ട് കമ്മിറ്റി VIII :

1. ശ്രീ. ടി. എ. അഹമ്മദ് കബീർ
2. ഡോ. എൻ. ജയരാജ്
3. ശ്രീ. വി.കെ.സി. മമ്മത് കോയ
4. ശ്രീ. ഡി.കെ. മുരളി
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. മുല്ലക്കര രത്നാകരൻ
7. ശ്രീ. വി.ഡി. സതീശൻ

സബ്ജക്ട് കമ്മിറ്റി V:

1. ശ്രീ. കെ.വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. ജോൺ ഫെർണാണ്ടസ്
4. ശ്രീ. എൻ. ഷംസുദ്ദീൻ

സബ്ജക്ട് കമ്മിറ്റി XIV:

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി
3. ശ്രീ. സി.കെ. നാണു
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. രാജു എബ്രഹാം
6. ശ്രീ. ആർ. രാമചന്ദ്രൻ
7. ശ്രീ. രമേശ് ചെന്നിത്തല

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി,
2. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി,

3. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി,

4. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി,

5. ശ്രീമതി എസ്. രമാദേവി അമ്മ, ഡെപ്യൂട്ടി സെക്രട്ടറി,

6. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി,

7. ശ്രീ. ജി. എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി,

8. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി,

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

2. ശ്രീ. രാജൻ ഖൊബ്രഗഡെ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്.

3. ശ്രീ. കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്.

4. ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീമതി എൻ.എൽ കല, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

6. ശ്രീ. ജി. ശിവപ്രസാദ്, സ്പെഷ്യൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

7. ശ്രീ. ബി.എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

8. ശ്രീ. അനന്തകൃഷ്ണൻ, ട്രാൻസ്പോർട്ട് കമ്മീഷണർ.

9. ശ്രീ. ഇ. ദേവദാസൻ, ഐ.ജി., രജിസ്ട്രേഷൻ വകുപ്പ്.

10. ശ്രീ. എൻ. തുളസീധരൻ പിള്ള, ജോയിന്റ് കമ്മീഷണർ (ജനറൽ) വാണിജ്യ നികുതി വകുപ്പ്.

11. ശ്രീ. പി. കെ. സാജൻകുമാർ, ജോയിന്റ് ഐ.ജി., രജിസ്ട്രേഷൻ വകുപ്പ്.

സമിതി 2016-ലെ കേരള ധനകാര്യബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 1*

For Clause 1, the following clause shall be substituted, namely:-

"1. Short tittle and commencement.—(1) This Act may be called the Kerala Finance Act, 2016.

(2) Save as otherwise provided in this Act,—

(i) Clause (b) sub-section (8) of section 9 shall be deemed to have come into force on the 1st day of April, 2005;

(ii) Clause (b) sub-section (2) of section 9 shall be deemed to have come into force on the 1st day of April, 2013;

(iii) Sub-clause (i) of clause (a) of sub-section (2) and item (d) of sub-clause (ii) of clause (a) of sub-section (2) of section 9 shall be deemed to have come into force on the 1st day of April, 2015;

(iv) Clause (a) section 7, section 8, item (a) of sub-clause (i) of clause (a) sub-section (1) of section 9, item (a) of sub-clause (ii) of clause (a) of sub-section (2) of section 9, sub-section (4) of section 9, sub-clauses (i), (ii), (iii) and (v) of clause (a) of sub-section (16) of section 9 shall be deemed to have come into force on the 1st day of April, 2016;

(v) Sub-clause (i) and sub-clause (ii) of clause (b) of section 7, items (b) and (c) of sub-clause (i) of clause (a) of sub-section (1) of section 9, sub-clause (ii) of clause (a) of sub-section (1) of section 9, clause (b) of sub-section (1) of section 9, items (b) and (c) of sub-clause (ii) of clause (a) of sub-section (2) of section 9, sub-section (3) and sub-sections (5) to (7), clause (a) of sub-section (8) and sub-sections (9) to (15) of section 9, sub-clause (iv) sub-clauses (vi), (vii), (viii) and (ix) of clause (a) of sub-section (16) of section 9 and clause (b) and sub-clauses (i), (ii), (iii), (v), (vi), (vii) and (viii) of clause (c) of sub-section (16) of section 9 shall be deemed to have come into force on the 18th day of july,2016;

(vi) The remaining provisions of this Act shall come into force at once" .

*Clause 2*

1. In sub-clause (b) for the word " inserted" the word " substituted" shall be substituted;

2. In sub-clause (c) for the word " inserted" the word " substituted" shall be substituted;

*Clause 3*

1. For sub-section (1) of the Kerala Stamp Act, 1959 proposed to be inserted by clause 3 of the Bill, the following sub-section shall be substituted, namely;-

(1) in section 2,-

(a) for clause (d), the following clause shall be substituted, namely;-

(d) " Conveyance" includes,-

(i) a conveyance on sale;

(ii) deed of amalgamation of two or more companies whether in pursuance of an order of the National Company Law Tribunal or not;

(iii) deed of amalgamation in pursuance of the order under section 44 A of Banking Regulation Act, 1949; and

(iv) every other instrument, by which property, whether movable or immovable or any interest in any property is transferred inter vivos and which is not otherwise specifically provided in the Schedule" ;

(b) in clause (l) after item (vii) following items shall be inserted, namely:-

"(viii) an agreement relating to installation of ATM/CDM or both of them between banks and the land owner or renewal of such an agreement;

(ix) an agreement relating to installation of Mobile Tower, between a company and the land owner or renewal of such an agreement" .

2. after clause (d) the following shall be inserted:

(i) (da) after serial number 22 and the entries against it in columns (2) and (3), the following serial number and entries shall, respectively, be inserted. namely;-

| | |
|---|---|
| "22 A. Conveyance as defined in items (ii) and (iii) of section 2 (d) not being a transfer charged or exempted under no. 55. | Five rupees for every 100 rupees or part thereof of the fair value of the land and the value of other immovable properties of the transferor company, which is the subject |

| | |
|---|---|
| | matter of the conveyance; or the aggregate of the market value of shares or other marketable securities, which is the subject matter of the conveyance; issued or allotted in exchange or otherwise; or the amount of consideration paid for such amalgamation whichever is higher" . |

(ii) for item (f) of sub-clause (3) clause 3, following shall be substituted, namely:-

in serial number 31, for the entries in columns (2) and (3), the following entries shall be substituted, namely:—

| | |
|---|---|
| " Gift-instrument not being a settlement or will or transfer, | |
| (a) where the gift in favour of father, mother, grandfather, grandmother, husband, wife, son, daughter, brother, sister or grandchildren of a person and if— | |
| (i) the extent of land involved in the property transferred by the instrument is five acres or less | Two rupees for every rupees 100 or part thereof of the fair value of the property and the value of the other properties set forth in the instrument or the value of all the properties set forth in the instrument whichever is higher, subject to a maximum of rupees 1,000. |
| (ii) the extent of land involved in the property transferred by the instrument is above five acres | Two rupees for every rupees 100 or part thereof of the fair value of the property and the value of the other properties set forth in the instrument or the value of all the properties set forth in the instrument whichever is higher. |
| (b) in any other case | The same duty as a conveyance (No. 21 or 22 as the case may be)" ; |

(iii) for item (b) of sub-clause (3) of clause3, the following shall be substituted, namely:—

in serial number 42, for the entries in columns (2) and (3), the following entries shall be substituted, namely:—

| | |
|---|---|
| " *Partition*.-Instrument of (as defined by section 2 (k). | |
| (a) Where the partition is among all or some of the members of the family and if- | |
| (i) the extent of land involved in the property divided by the instrument is five acres or less. | One rupee for every rupees 100 or part thereof of the fair value of the separated share or shares of property and the value of other properties in such separated share or shares set forth in the instrument, or of the value of all the properties of the separated share or shares as set forth in the instrument, whichever is higher, subject to the maximum of rupees 1,000. |
| (ii) the extent of land involved in the property divided by the instrument is above five acres. | One rupee for every rupees 100 or part thereof of the fair value of the separated share or shares of property and the value of other properties in such separated share or shares set forth in the instrument, or of the value of all the properties of the separated share or shares as set forth in the instrument, whichever is higher. |
| (b) in any other case | Six rupees for every rupees 100 or part thereof of the amount of the value or fair value of the separated share or shares of the property whichever is higher" . |

(iv) for item (1) of sub-clause (3) of clause3, the following shall be substituted, namely:-

in serial number 48, for the entries in columns (2) and (3), the following entries shall be substituted, namely:-

| | |
|---|---|
| "Release, that is to say, any instrument (not being such a release as is provided in section 24), whereby a person renounces a claim upon another person or against any specified property.— | |
| (a) When such release operates in favour of father, mother, grandfather, grandmother, husband, sister, grandchildren or legal heirs of the deceased children of a person and if- | |
| (i) the extent of land involved in the property in which right relinquished by the instrument is five acres or less. | One rupee for every rupees 100 or part thereof of the amount of the fair value of other properties or claims of which the right is relinquished in proportion to right relinquished or value of all the properties or claims of which the right is relinquished in proportion to the right relinquished or consideration for the release, whichever is higher, subject to a maximum of rupees 1,000. |
| (ii) the extent of land involved in the property in which right relinquished by the instrument is above five acres. | One rupee for every rupees 100 or part thereof of the amount of the fair value of other properties or claims of which the right is relinquished in proportion to right relinquished or value of all the properties or claims of which the right is relinquished in proportion to the right relinquished or consideration for the release, whichever is higher" . |

| | |
|---|---|
| (b) in any other case | The same duty as a conveyance (No. 21 or 22 as the case may be) for such amount or value of the property or claim or fair value of the property of which the right is relinquished in proportion to right relinquished or consideration for the release, whichever is higher. |

(v) for item (I) of sub-clause (3) of clause3, the following shall be substituted, namely:-

in serial number 51, clause (a), for the entries in columns (2) and (3), the following entries shall be substituted, namely:-

" *Settlement-*

| | |
|---|---|
| A. instrument of (including a deed of dower). | |
| (a) Where the settlement is in favour of father, mother, grandfather, grandmother, husband, wife, son, daughter, brother, sister or grandchildren of a person and if | |
| (i) the extent of land involved in the property settled by the instrument is five acres or less. | Two rupees for every rupees 100 or part thereof of the amount of the fair value of other properties set forth in the instruments or the value of all properties set forth in such instrument, whichever is higher, subject to a maximum of Rupees 1,000. |
| (ii) the extent of land involved in the property settled by the instrument is above five acres. | Two rupees for every rupees 100 or part thereof of the amount of the fair value of the land and the value of other properties set forth in the instrument or the value of all properties set forth in such instrument, whichever is higher. |

| | |
|---|---|
| (b) in any other case | The same duty as Bottomry Bond (No. 14) for sum equal to amount or value of the property settled as set forth in such instrument or fair value of land, whichever is higher." |

*Clause 4*

1. For sub-section (1) of section 76 of the Kerala Court Fees and Suits Valuation Act, 1959 proposed to be amended by sub-clause (1), the following sub-section shall be submitted, namely :-

" Notwithstanding anything contained in this Act or any other law for the time being in force and subject to section 4A of the Act and sub-rule (1) of rule 397 of the Kerala Motor Vehicle Rules, 1989 it shall be competent for the Government to levy an additional court fee by notification in the Gazette, in respect of original petitions, original applications, appeals or revisions to tribunals, appellate authorities and original suits in Civil Courts other than in Family Court at a rate not exceeding one per cent of the amount involved in the dispute and in other cases at a rate not exceeding one hundred rupees for each original suit, original petition, original application, appeal or revision.

*Explanation:-* The term " amount involved in the dispute" as specified in sub-section (1), where it is capable of valuation, does not include the amount of valuation for the purpose of court fee, in suits for recovery of possession and suits of similar nature and where fixed court fee is specified under this Act."

2. in sub-clause (2),-

(i) in item (a) the words " subject to a minimum of five hundred rupees" shall be omitted.

(ii) in term (b) the words " subject to a minimum of five hundred rupees" shall be omitted.

*Clause 6*

1. In the 4th proviso to sub-section (1) of Section 3 of the Kerala Motor Vehicles Taxation Act, 1976 proposed to be inserted by item (a) of sub - clause (2),-

(a) after the words " in respect of" , the word " new" shall be inserted;

(b) to the 4th proviso as so inserted, following note shall be inserted. namely:-

" NOTE:- This shall be deemed to have come into force on and from 18th day of July, 2016" ;

(c) in the proviso substituted by sub-clause (b), the word " also" shall be omitted;

(d) in the proviso inserted by sub-clause (c),-

(i) after the word " payable" the following shall be inserted, namely:- "from the date of entry till the end of the quarter" .

(ii) the third proviso and Explanation shall be omitted.

2. in the Table in section 3A proposed to be inserted by sub-clause (3), serial number 5 and the entries against it in columns (2), (3) and (4) shall be omitted.

3. in serial number 7 in the Schedule proposed to be substituted by sub-item (i) of item (b) of sub-clause (8),-

(a) in item (i),-

(i) in sub-item (e), for the entry " 3500" in column (3) against entry in column (2) the entry " 3000" shall be substituted.

(ii) in sub-item (f) substituted by sub-item (i)(b) for the entry " 3500" in column (3) against entry (ii) in column (2) the entry " 3000" shall be substituted.

(b) in item (iv), proposed to be inserted by sub-item (iii), for the entry "Rs.1,360" in column (3) against entry in column (2) against item (b), the entry "Rs.1,100" shall be substituted.

4. In serial number 9 proposed to be substituted by sub-clause (c) for the entry "7000" in column (7) against item (e) the entry "700" shall be substituted

*Clause 7*

In sub-clause (b) after item (ii) the following shall be inserted, namely:- " (iii) the second proviso to clause (c) shall be omitted."

*Clause 9*

In the Kerala Value Added Tax Act, 2003 proposed to be inserted by clause 9,-

(1) in section 25 D, proposed to be inserted by sub-clause (6) the following shall be substituted, namely:-

" (i) for the words and figure " 30th June, 2016" the words and figures " from 1st April, 2016 to 31st March, 2017 " and shall pay the amount within a period of two years in equal quarterly instalments" shall be substituted.

(2) For sub-section (8), the following shall be substituted, namely:-

(8) in section 42,-

(a) in sub-section (1), after the second proviso, the following proviso shall be inserted, namely:-

" Provided also that with respect to units of Kerala State Electricity Board Ltd. which obtained separate registration as per sub-section (3) of section 20 shall file trial balance for each such units, along with audited statement of accounts and certificate of the company" .

(b) after sub-section (2), the following sub-section shall be inserted, namely:-

"(3) Notwithstanding anything to the contrary contained in this Act, if a dealer,-

(i) fails to file audited accounts referred to in sub-section (1), or

(ii) fails to file revised annual return rectifying the mistake or omission, along with the audited statement of accounts and certificate or if the variance in the audited statement of accounts with the returns is not satisfactorily explained in the reconciliation statement prescribed, or

(iii) fails to file the annexures, statements certificates, declarations, including the statutory declarations to be filed under the Central Sales Tax Act, 1956 which are required to be filed along with the returns to prove the correctness of the concessional rate of tax, exemptions and exports claimed in the returns, or

(iv) fails to declare any sale, purchase or inter-state stock transfer as evidenced from the documents prescribed under section 46 available with the assessing authority in the sales and purchase lists filed along with the returns, the assessment of such dealer for the relevant year for the purpose of section 25 shall be treated as pending and the time limit mentioned thereunder shall not be applicable in such cases" .

(3) in section 58 A proposed to be inserted by sub-clause (13),-

(a) in sub-section (2) clause (a) shall be omitted;

(b) clauses (b) and (c) shall be relettered as clauses (a) and (b);

(c) in sub-section (3), for the words " clause (b) of sub-section (2)" the words " clause (a) of sub-section (2)" shall be substituted.

(4) in the First Schedule, proposed to be inserted by item (a) of sub-clause (16),-

(a) in serial number 2 proposed to be inserted by sub-item (i) of sub-clause (a),-

(i) after item (ix), the following item shall be inserted,-

"(x) in serial number 63, in the entry in column (2) after the words, " used plastic" the words " plastic scrap, waste chips, parings" shall be inserted" ,

(ii) in item (c),-

(a) for sub-item (i) the following shall be substituted, namely:-

(i) after serial number 5A and the entries against it in columns (2) and (3) the following serial number and entries shall respectively, be inserted, namely:-

"5B Atta maida, sooji and rava sold in packages with MRP printed on such packages" ;

(b) for sub-item (ii) the following shall be substituted, namely:-

(ii) after serial number 8, the entry against it in columns (2) and (3) the following serial number and entries shall, respectively, be inserted, namely:-

"8A. Basmati Rice sold in packages with MRP printed on such packages" ;

(c) for sub-item (iv), the following shall be substituted, namely:- for serial number 30 A and the entries against it in columns (2) and (3), the following serial number and entries shall respectively be inserted, namely:-

"30A. Cooked Food, other than,-

(i) those served to any airline service company or institution or shipping company for serving in aircraftship or steamer or served in aircraft, ship, steamer and five star hotels; and

(ii) burgers, pizzas, tacos, doughnuts, sandwitches, burger-pattys, pasta and bread fillings sold by restaurants having a brand name or trade mark registered under the Trade Markes Act, 1999" ,

(d) sub-item (vi) of item (c) of sub-clause (16) of clause 9 shall be omitted and sub-items (vii) to (ix) coming thereafter shall be renumbered as (vi) to (viii) respectively;

(e) after sub-item (viii) so renumbered, the following shall be inserted, namely:-

"(d) in List A.-

(i) in serial number 118, in item 15 for entries against it in columns (2) and (3), the following entries shall, respectively, be substituted, namely:-

"recycled Plastic".

*New Clause 10*

After clause 9, a new clause shall be added as Clause 10, namely:-

"10. Validation:- (1) Notwithstanding the lapse of the Kerala Finance Bill, 2016 (Bill No. 396 of Thirteenth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of said Bill anything done or any action taken, including levy and collection of tax or duty, during the period from the 1st day of April, 2016 to the 17th day of July, 2016 by virtue of the declared provisions contained in the said bill, under the Kerala Surcharge on Taxes Act, 1957 (11 of 1957) or under the Kerala Stamp Act 1959 (17 of 1959) or under the Kerala Court Fee and Suits

Valuation Act, 1959 (10 of 1960) or under Kerala Tax on Luxuries Act, 1976 (32 of 1976) or under the Kerala Agriculture Income Tax Act, 1991 (15 of 1991) or under the Kerala Value Added Tax Act, 2003 (30 of 2004) (hereinafter referred to as the respective Acts) as they stand amended by the said Bill, shall be deemed to be and to have always been for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st April, 2016 to 17th day of July, 2016 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of the said provisions of the said Bill shall be deemed to have been validly done or taken under the respective Acts and no action shall lie against any dealer or authority on the ground of short levy or refund of excess tax or duty and tax or duty collected, if any, by a dealer or an authority, as the case may be, shall be paid over to the Government.

(3) Notwithstanding anything contained in the Kerala Value Added Tax Act, 2003 (30 of 2004) any tax collected or paid at higher rate by virtue of the provisions of the Kerala Finance Bill, 2016 (Bill No. 16 of the XIV Kerala Legislative Assembly) in respect of the period with effect on and from the 18th day of July, 2016 to the date of publication of this Act, shall be deemed to have been validly done and any tax collected or paid by a dealer or authority at such higher rates shall be deemed to have been validly collected or paid and the tax so collected shall be paid over to the Government and shall not be refunded."

സർവ്വശ്രീ ടി.എ.അഹമ്മദ് കബീർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.ഡി.സതീശൻ, എൻ.ഷംസുദ്ദീൻ, പി.കെ.കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, ഡോ.എൻ.ജയരാജ് എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

വൈകുന്നേരം 6.35-ന് യോഗം പിരിഞ്ഞു.

## 23-3-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 മാർച്ച് 23-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5-ഡി സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി

ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ പ്രത്യേക ക്ഷണിതാവായി ബഹു. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, ,,
3. ശ്രീ. വി. കെ. സി. മമ്മത് കോയ, ,,
4. ശ്രീ. ഡി. കെ. മുരളി, ,,
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ,,
6. ശ്രീ. വി. ഡി. സതീശൻ, ,,
7. ശ്രീ. കെ. സുരേഷ് കുറുപ്പ്. ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ്
2. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീ. പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
4. ശ്രീമതി ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണ (സൈനിക് വെൽഫയർ) വകുപ്പ്
6. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. അജയൻ വി. എൻ., അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
8. ശ്രീ. ശ്രീകുമാർ എൻ. കെ., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
9. ശ്രീ. പി. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

10. ശ്രീ. രാജപ്പൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീമതി പ്രസന്നകുമാരി എം. സി., അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ്
13. ശ്രീ. എൻ. തുളസീധരൻ പിള്ള, ജോയിന്റ് സെക്രട്ടറി, കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റ്
14. ശ്രീമതി മഞ്ജു എസ്., ജോയിന്റ് സെക്രട്ടറി, കായികവും യുവജനകാര്യവും വകുപ്പ്
15. ശ്രീ. ആർ. എൽ. ഗോപകുമാർ, സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
16. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ ഓഫ് ലോട്ടറീസ്
17. ശ്രീമതി പി. കെ. എലിസബത്ത്, ഡയറക്ടർ നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റ്
18. ശ്രീമതി ജെ. സി. ലീല, ഡയറക്ടർ ഓഫ് ട്രഷറീസ്
19. ശ്രീ. എ. അജയകുമാർ, ഡയറക്ടർ ഓഫ് ഇൻഷ്വറൻസ്
20. ശ്രീ. കെ. രാജു, ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്
21. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്
22. ശ്രീമതി കെ. രുഗ്മിണി, ജോയിന്റ് ഡയറക്ടർ ഓഫ് ലോട്ടറീസ്
23. ശ്രീ. സുഭാഷ് വി., സീനിയർ ഫിനാൻസ് ഓഫീസർ,ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി, 2017-18 സാമ്പത്തിക വർഷത്തെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

കാർഷികാദായ നികുതിയും വിൽപ്പനയും നികുതിയും സംബന്ധിച്ച V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച നടത്തി.

വാണിജ്യ നികുതിവകുപ്പിന് ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ച 25 കോടി രൂപയിൽ 17 കോടി ഐ.റ്റി. വകുപ്പിനും 8 കോടി രൂപ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമാണ് നീക്കിവച്ചിരിക്കുന്നതെന്ന് നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

കേന്ദ്രസർക്കാരിന്റെ തീരുമാനപ്രകാരം ജൂലൈ 1 മുതൽ ജി.എസ്.ടി. നടപ്പിലാക്കുകയാണെന്നും അതനുസരിച്ച് സംസ്ഥാനവും എസ്.ജി.എസ്.ടി. നടപ്പിലാക്കേണ്ടതുണ്ടെന്നും അതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും നികുതിവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ജൂലൈ മാസത്തിൽ നടക്കുന്ന നിയമസഭാ സമ്മേളനത്തിൽ എസ്.ജി.എസ്.ടി. പാസ്സാക്കുമെന്നും ലോട്ടറിക്കുവേണ്ടി ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. ഇതിനുവേണ്ട ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം ചേരുന്നതിനും തീരുമാനിച്ചു

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി ബന്ധപ്പെട്ട് ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്ന് ഊർജ്ജവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ധനാഭ്യർത്ഥന നമ്പർ V-മായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകൾ സമിതി നൽകുകയുണ്ടായി.

'വാണിജ്യനികുതിവകുപ്പുകൾ-വേതനം' എന്ന ശിർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

വെള്ളക്കരമിനത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ വകുപ്പിന് വാടക, വസ്തു നികുതി എന്നീ ഇനങ്ങളിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വാണിജ്യ നികുതി വകുപ്പിന്റെ ഉപയോഗത്തിനായി 67 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4.52 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പെൻഷനും പലവകയും സംബന്ധിച്ച XVI-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് കീഴിലുള്ള ലോട്ടറി പൂർണ്ണമായും നോൺ പ്ലാൻ എക്സ്പെൻഡിച്ചറാണെന്നും വകുപ്പിന്റെ വിറ്റുവരവ് കഴിഞ്ഞവർഷം 6317 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം കഴിയുമ്പോൾ 7500 കോടി രൂപയായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നോട്ട് നിരോധനത്തെത്തുടർന്ന് ലോട്ടറി വിൽപ്പനയിൽ കാര്യമായ കുറവു വന്നിട്ടുണ്ടെന്നും നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

Small price-ന്റെ എണ്ണം കൂട്ടി ലോട്ടറി പ്രൈസ് റീസ്ട്രക്ച്ചർ ചെയ്യണമെന്ന് സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

കാരുണ്യ ലോട്ടറിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 261.32 കോടി രൂപ തികച്ചും അപര്യാപ്തമാണെന്നും ആയതിനാൽ 450 കോടി രൂപ അധികമായി അനുവദിക്കണമെന്നും കാരുണ്യ പദ്ധതി പ്രകാരം വൃക്ക രോഗികൾക്കുള്ള ധനസഹായം 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഡയറക്ടർ ഓഫ് ലോട്ടറീസ് സമിതിയെ അറിയിച്ചു.

കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന രോഗികൾക്ക് നൽകുന്ന 2 ലക്ഷം രൂപ തീർത്തും അപര്യാപ്തമാണെന്നും ചികിത്സാ ചെലവിന്റെ 50 ശതമാനം തുക അനുവദിക്കണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും അനുവദിച്ചാലും അധികമായി കുറച്ചു തുക സർക്കാർ നൽകേണ്ടി വരുമെന്നതിനാൽ ഈ ബാധ്യത സർക്കാരിന് താങ്ങാൻ ആവില്ലെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

കേരളത്തിലെ എല്ലാ മുൻനാട്ടുരാജാക്കൻമാരുടെയും കുടുംബാംഗങ്ങളുടെയും പെൻഷൻ തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് ആസ്തി വികസനത്തിനു വേണ്ടിയുള്ള തുക, പദ്ധതി വിഹിതത്തിൽ അനുവദിക്കാനും ആവർത്തന ചെലവുകൾക്കു വേണ്ട തുകയ്ക്ക് ശിപാർശ നൽകാനും സമിതി തീരുമാനിച്ചു.

സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകി:

ഭാഗ്യക്കുറി ടിക്കറ്റ് അച്ചടിയിൽ പുതിയ സെക്യൂരിറ്റി സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ അച്ചടിക്കൂലിയിൽ ഉണ്ടാകുവാൻ ഇടയുള്ള വർദ്ധനവ് കണക്കിലെടുത്ത് 22 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭാഗ്യക്കുറികളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യം, പ്രചരണം എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 20 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ലോട്ടറിയുടെ വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റുമാർക്ക് നൽകുന്ന സമ്മാനം എന്നിവയിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ഏജന്റുമാരുടെ കമ്മീഷൻ എന്ന ശീർഷകത്തിൽ 90 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാന തുക നൽകുന്നതിനായി 309 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ക്ഷേമനിധി ബോർഡിലേക്ക് മൊത്തം വാർഷിക വിറ്റുവരവിന്റെ 1 ശതമാനം തുക സർക്കാർ സംഭാവനയായി നൽകേണ്ടതുള്ളതിനാലും നടപ്പ് സാമ്പത്തിക വർഷം വിറ്റുവരവിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാലും സംഭാവന എന്ന ശീർഷകത്തിൽ അധികമായി 59 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉള്ളതിനാൽ 450 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 188 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസ് നവീകരിക്കുന്നതിനും സബ്സെന്ററുകൾ സജ്ജീകരിക്കുന്നതിനും അധിക തുക ആവശ്യമായി വരുന്നതിനാൽ മറ്റിനം എന്ന ശീർഷകത്തിൽ 63.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭാഗ്യക്കുറിവകുപ്പിലെ നിലവിലുള്ള ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് എന്നിവ നവീകരിക്കുന്നതിനും സബ് സെന്ററുകൾക്കാവശ്യമായ ഹാർഡ്‌വെയർ, നെറ്റ് വർക്കിംഗ് എന്നിവ ലഭ്യമാക്കുന്നതിനും അധിക തുക ആവശ്യമായി വരുന്നതിനാൽ 93 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വകുപ്പിന് അനുവദിച്ച 15 സബ്സെന്ററുകളിലെയും 3 താലൂക്ക് ഓഫീസുകളിലെയും വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നീ ശീർഷകങ്ങളിൽ യഥാക്രമം 6.48 ലക്ഷം രൂപയും 4.32 ലക്ഷം രൂപയും ഉൾപ്പെടെ 10.48 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളുടെ വാടകയിനത്തിലും പുതുതായി അനുവദിച്ച 15 സബ്സെന്ററുകളുടെയും 3 താലൂക്ക് ഓഫീസുകളുടെയും വാടകയിനത്തിലും അധികതുക ആവശ്യമായി വരുന്നതിനാൽ 46.20 ലക്ഷം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിക്ക് ശമ്പളം/ശമ്പളേതര വിഹിതമായി 230.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഓഫീസ്

കെട്ടിട നിർമ്മാണത്തിനും സിംഗിൾ എഞ്ചിൻ വിമാനം, സീപ്ലയിൻ, പുതിയ വിമാന എഞ്ചിൻ എന്നിവ വാങ്ങുന്നതിനും തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 12.78 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കഴിഞ്ഞ സാമ്പത്തികവർഷം മുൻ നാട്ടുരാജാക്കന്മാരുടെ കുടുംബാംഗങ്ങൾക്കുള്ള പെൻഷൻ നൽകുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ നടപ്പു സാമ്പത്തികവർഷം 75 ലക്ഷം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുക കൂടാതെ അധികമായി 1.75 ലക്ഷം രൂപ ചെലവഴിക്കേണ്ടിവന്നതിനാൽ പ്രസ്തുത ആവശ്യത്തിന് ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 2 ലക്ഷം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ നൽകുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ നടപ്പു സാമ്പത്തികവർഷം 35 ലക്ഷം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മലപ്പുറത്ത് നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായി വരുന്ന പക്ഷം 18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധി തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി 'സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്ത തുക' എന്ന ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ട്രഷറികളും അക്കൗണ്ടുകളും സംബന്ധിച്ച X-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ അധിക തുക ആവശ്യമായി വരുന്നില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്) സമിതിയെ അറിയിച്ചു.

പുതിയ ട്രഷറി സംവിധാനത്തെക്കുറിച്ച് എം.എൽ.എ.-മാർക്ക് ഒരു പ്രസന്റേഷൻ നടത്തണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

തുടർന്ന് ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സമിതി വിശദമായ ചർച്ച നടത്തി.

ദേശീയസമ്പാദ്യ പദ്ധതിയുടെ വിറ്റുവരവ് 1380 കോടി രൂപയുള്ളതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും മെച്ചപ്പെട്ട തുക അനുവദിച്ചുകിട്ടിയിട്ടുണ്ടെന്നും ഈ സ്കീം നിർത്തലാക്കുന്നതിന് ധനകാര്യ വകുപ്പിന്മേൽ കേന്ദ്ര സർക്കാരിൽ നിന്നും സമ്മർദ്ദമുണ്ടായിരുന്നുവെങ്കിലും കേരളം വിയോജിക്കുകയായിരുന്നുവെന്നും അതിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ദേശീയസമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്ക് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദേശീയസമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ 130.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ദേശീയസമ്പാദ്യ പദ്ധതി ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും കുടിശ്ശികയുൾപ്പെടെയുള്ള പ്രതിഫലം നൽകുന്നതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 57 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ഭവന വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ദേശീയസമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 9.99 ലക്ഷംരൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന സമിതി ചർച്ച ചെയ്തു.

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന് എട്ട് പ്ലാൻ സ്കീമുകളും എട്ട് നോൺ പ്ലാൻ സ്കീമുകളുമാണ് ഉള്ളതെന്നും നോൺ പ്ലാൻ സ്കീമിൽ അധികതുക ആവശ്യമില്ലെന്നും എട്ട് പ്ലാൻ സ്കീമിൽ മൂന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളും അഞ്ച് സംസ്ഥാനാവിഷ്കൃത പദ്ധതികളുമാണുള്ളതെന്നും വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ വ്യക്തമാക്കി.

പ്രസ്തുത ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകി.

കാർഷിക സ്ഥിതിവിവര കണക്ക് ശേഖരിക്കൽ (ഇ.എ.ആർ.എ.എസ്.) സർവ്വെ പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനായി 42.99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ആന്വൽ പ്ലാൻ പ്രൊപ്പോസിലിൽ ആവശ്യപ്പെട്ടിരുന്നതും എന്നാൽ അനുവദിച്ചു കിട്ടിയിട്ടില്ലാത്തതുമായ നോസോളജിസ്റ്റിന്റെ ശമ്പള തുകയായ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

5-ാമത് മൈനർ ഇറിഗേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനായി 72.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻഡ്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് (ISSP)-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ തുടരുന്നതിലേക്കായി 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വകുപ്പിന്റെ ജില്ല, താലൂക്ക് ആഫീസുകളിലെ ഐ.ടി. അധിഷ്ഠിത പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനായി 8 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തുടർന്ന് പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥന യിന്മേൽ ധനകാര്യവകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അധികമായി ആവശ്യപ്പെട്ട തുക ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഏഴാമത് കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ഭവന നിർമ്മാണ വായ്പാ പരിധി 25 ലക്ഷം രൂപയായി ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ശീർഷകത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭവന നിർമ്മാണവായ്പാ പരിധി പരമാവധി 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനാലും ഈ ഇനത്തിൽ.അപേക്ഷകരുടെ എണ്ണം വർദ്ധിച്ച വരുന്നതിനാലും ബന്ധപ്പെട്ട ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന സർവ്വീസിലുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് രോഗചികിത്സ യ്ക്കായി നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ നടപ്പ സാമ്പത്തികവർഷം 2.25 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തുടർന്ന് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സമിതി ചർച്ച നടത്തുകയുണ്ടായി. സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ച ധനാഭ്യർത്ഥനകളിന്മേൽ സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകി:

KISD-യും KTDFC-യുമായുള്ള വാടക കരാർ പ്രകാരം 3 വർഷം കൂടുംതോറും വാടകയിനത്തിൽ 20% വർദ്ധന നൽകേണ്ടതുള്ളതിനാലും KSHB-ക്ക് നൽകാനുള്ള വാടക, കടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാലും 8.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും ഓരോ വാഹനം ലഭ്യമാക്കുന്നതിനായി ആവശ്യമായ തുക അനുവദിക്കണമെന്ന് മുൻകാലങ്ങളിൽ സമിതി

ശിപാർശ ചെയ്തിരുന്നെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്തു.

ജില്ലാ ഇൻഷുറൻസ് ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്, ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടർ പർച്ചേഴ്സ്, BSNL -നുള്ള വാർഷിക തിരിച്ചടവ് എന്നീ ആവശ്യങ്ങൾക്കായി 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതി ചർച്ചയ്ക്കുശേഷം 3.30 ന് യോഗം പിരിഞ്ഞു.

## 29-3-2017 -ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 മാർച്ച് 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 'ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. വി.കെ.സി. മമ്മത് കോയ, എം.എൽ.എ.
2. ശ്രീ. ഡി.കെ. മുരളി, എം.എൽ.എ.
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
5. ശ്രീ. വി.ഡി. സതീശൻ, എം.എൽ.എ.
6. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ.കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലീമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ ഋഷിരാജ് സിംഗ് , കമ്മീഷണർ, എക്സൈസ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. എച്ച്. വെങ്കിടേഷ് , മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി.
4. ശ്രീ. ഇ. ദേവദാസൻ, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
5. ശ്രീമതി സാധന എസ്. നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
6. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്
7. ശ്രീ. പി.കെ. സജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻവകുപ്പ്
8. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
9. ശ്രീമതി ജെ.സി. ലീല, ഡയറക്ടർ ഓഫ് ട്രഷറീസ്.

സമിതി 2017-18 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച VII, എക്സൈസ് സംബന്ധിച്ച VIII എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ വകുപ്പിന് പദ്ധതിയിനത്തിൽ വകയിരുത്തിയ 10 കോടി രൂപ, കമ്പ്യൂട്ടറൈസേഷനും ഓഫീസ് നവീകരിക്കുന്നതിനും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഡീമോണിറ്ററൈസേഷന്റെ ഫലമായി രജിസ്ട്രേഷനിൽ കുറവു വന്നതിനാൽ വകുപ്പിന്റെ റവന്യൂ വരുമാനത്തിൽ ഇടിവുണ്ടായതായി വകുപ്പ് സമിതിയെ അറിയിച്ചു.

നികുതി വകുപ്പ് പുതുതായി ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി യോഗത്തിൽ അറിയിക്കുകയുണ്ടായി. ആയത് നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് വെണ്ടർമാർ തൊഴിൽരഹിതരാകുന്ന അവസ്ഥയുണ്ടാകുമെന്നും അവരെ സംരക്ഷിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിന് ഒരു നിശ്ചിത സമയപരിധി വെച്ച് സ്റ്റോക്ക് തീരുന്നതുവരെ സ്റ്റാമ്പ് പേപ്പർ വെണ്ടർമാർക്ക് ഡിസ്ട്രിബ്യൂട്ട് ചെയ്ത് സ്റ്റാമ്പിംഗ് അവരെ ഏൽപ്പിക്കുന്നതിനും ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാമെന്നും സമിതി നിർദ്ദേശിച്ചു.

ധനാഭ്യർത്ഥന നമ്പർ VII-മായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു:

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 20 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ഡി.ഐ.ജി. ഓഫീസിന്റെ കണ്ടം ചെയ്ത വാഹനത്തിനു പകരം പുതിയ വാഹനം സാങ്കേതിക കാരണങ്ങളാൽ വാങ്ങാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത വാഹനം വാങ്ങുന്നതിനായി 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കായി ടെലഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജില്ലാ ഓഫീസുകളുടെ വാഹനങ്ങളുടെ പി.ഒ.എൽ. ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക കഴിഞ്ഞ വർഷത്തേക്കാൾ കുറവായതിനാൽ 1,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കൃതവും Broad Band കണക്ഷൻ ഉള്ളവയുമായതിനാൽ ടെലഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ 12 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 109 സബ് രജിസ്ട്രാർ ഓഫീസുകൾക്കും വാടകയിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി കൂടുതലായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തുടർന്ന് സമിതി ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് ചർച്ച ചെയ്യു.

2017-18 സാമ്പത്തിക വർഷത്തേക്ക് എക്സൈസ് ഡിപ്പാർട്ട്മെന്റിന് പദ്ധതിയിനത്തിൽ 7.5 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 301.69 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്നും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വയർലെസ് സംവിധാനം സ്ഥാപിക്കുന്നതിനും നിലവിലുള്ള ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനുമായി പദ്ധതിയിനത്തിൽ വകയിരുത്തിയ 7.5 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതായി നികുതി വകുപ്പ് അഡീ. ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ദേശീയ പാതയോരത്തു നിന്ന് 500 മീറ്റർ പരിധിയിൽ മദ്യശാലകൾ പ്രവർത്തിക്കരുതെന്ന സുപ്രീം കോടതി ഉത്തരവിനു ശേഷം സംസ്ഥാനത്ത് 189 മദ്യശാലകൾക്ക് പ്രവർത്തിക്കാൻ പറ്റുന്നില്ലെന്നും അവ മാറ്റി സ്ഥാപിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണെന്നും സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ ഇങ്ങനെ മാറ്റി സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എൻ.ഒ.സി. ലഭിക്കാത്തത് പ്രശ്നമുണ്ടാക്കുന്നുണ്ടെന്നും ആയത് വകുപ്പിന്റെ റവന്യൂ വരുമാനത്തെ ബാധിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി. ഇതു സംബന്ധിച്ച് KSBC സുപ്രീം കോടതിയിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ വിധി വരുന്നതോടെ ദൂരപരിധിയുടെ കാര്യത്തിൽ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാമെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ധനാഭ്യർത്ഥന നമ്പർ VIII -മായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശീർഷകങ്ങളിൽ ആവശ്യപ്പെട്ട തുക ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാഹനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

പി.എസ്.സി. അഡ്വൈസ് ചെയ്ത വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കും സിവിൽ എക്സൈസ് ഓഫീസർമാർക്കും എക്സൈസ് ഇൻസ്പെക്ടർമാർക്കും ട്രെയിനിംഗ് നൽകുന്നതിനായി 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ടെലഫോൺ ചെലവുകൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ മറ്റ് ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

വാഹനങ്ങൾ, കമ്പ്യൂട്ടർവൽക്കരണം, ഡിവിഷൻ ഓഫീസുകളുടെ ക്യുബിക്കിൾ നിർമ്മാണം, ഇ-ഗവേർണൻസ്, ഫീൽഡ് ഓഫീസുകളുടെ നവീകരണപ്രക്രിയകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.45 -ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.